2018 മാർച്ച് 9 മുതൽ ഏപ്രിൽ 8 വരെ

₹ 10

# നക്ഷത്രരാജ്യം

**The National, State, District, Village star news Kerala & India**

CINEMA SPORTS ARTS & LITERATURE



യു.എ ഖാദർ (കഥ)
ഇയ്യങ്കോട് ശ്രീധരൻ (ലേഖനം)
കെ.പി. സുധീര (കവിത)
മലയത്ത് അപ്പുണ്ണി (കവിത)
ഭാസി മലാപ്പറമ്പ് (നോവൽ)
ഒ. വിജയൻ (കഥ)
രത്നാകരൻ ചെറുവത്ത് (കഥ)

ഇന്ദിരാ ദേവി നെല്ലിക്കോട് (കഥ)
അഷ്റഫ് വി നേടിയനാട് (കഥ)
ജനാർദ്ദനൻ കടുങ്ങപുരം (കവിത)
വാസു അരീക്കോട് (കഥ)
ബാലചന്ദ്രൻ മഞ്ചേരി (ഗാനം)
വാസുദേവൻ വിളയൂർ (കവിത)
ടി.എ മടക്കൽ (കവിത)




ശ്രീയ ശരൺ
(ഫിലിം സ്റ്റാർ)

since : 2008
Nakshathra Rajyam
(Monthly Magazine)
2018 March 9
Reg. No. 2008/11/2718/D/
RNI EN No.40980 Dt :10-10-2007
issue 53 volume 6
Managing Editor, Publisher &
Owned by
Nakshthrarajyam E.Radhakrishnan
Edoli House, Kommeri P.O
Kozhikode- 673007
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
email:nakshathrarajyam@gmail.com
WEB:
nakshathrarajyameradhakrishnan.in
**LAYOUT**
**NAKSHATHRARAJYAM**
**Cover**
**Color Campus - Calicut**
**Price 10.00**

## എഡിറ്റോറിയൽ



### റോഡ് നിർമ്മാണം ദ്രുതഗതിയിലാക്കുക


മേത്തോട്ടുതാഴം–കൊമ്മേരി–പുതിയപാലം– കോഴിക്കോട് റോഡ് ഉടനടി നിർമ്മിക്കുക. പുതിയപാലം ഉടനെ വാഹനഗതാഗത യോഗ്യമാക്കുക. മാസങ്ങളായി പുതിയപാലം വഴി പാളയം–തളി ഭാഗത്തേക്കുള്ള ഗതാഗതം തടസ്സപ്പെട്ടിട്ട്. 1981 കാലവും പിന്നീട് ഇക്കാലയളവത്രയും റോഡ് വികസനത്തിന്റെ പേരിൽ ബിൽഡിംഗ് ലൈസൻസ് പോലും കൊടുക്കാതെ ജനങ്ങളേയും, ഷോപ്പിംഗ് കെട്ടിട നിർമ്മാണം ആഗ്രഹിച്ച് ലൈസൻസിന് വേണ്ടി അപേക്ഷിക്കുന്ന ഭൂമി ഉടമസ്ഥരേയും, തൊഴിൽ സംരഭകരേയും ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്ന നയം ഉടനടി മാറ്റുക. 45 കോടി റോഡിന് വേണ്ടി പാസ്സാക്കി എന്നു പറയുമ്പോഴും ജനങ്ങൾക്ക് ഇന്നും റോഡ് ഉടനടി വരുമെന്ന പ്രതീക്ഷ നശിച്ചു കൊണ്ടിരിക്കുന്നു.

1980–81 മുതൽ കേട്ടുകൊണ്ടിരിക്കുന്ന ഇതേ പല്ലവിതന്നെയല്ലേ ഇന്നും സർക്കാറും കോഴിക്കോട് കോർപ്പറേഷൻ അധികാരികളും തുടർന്നുകൊണ്ടിരിക്കുന്നത് എന്ന ചോദ്യത്തിനുള്ള ഉത്തരം മാറിമാറി വരുന്ന കേരള ഗവർമ്മേണ്ട് (ഭരിച്ചിരുന്ന പാർട്ടികളും) ഒരു പരിധിവരെ കോർപ്പറേഷൻ ഭരണാധികാരികളും തന്നെയാണ് ജനങ്ങളോട് പറയേണ്ടതായിട്ടുള്ളത്. കേരളത്തിൽ വികസനം നടക്കുന്നില്ല എന്നൊന്നും എഴുതി സർക്കാറിനേയും കോർപ്പറേഷനേയും പ്രതിക്കൂട്ടിലാക്കാനുള്ള സ്ഥിരം രാഷ്ട്രീയക്കാരുടെ ഉപകരണമായി ഇതെഴുതാൻ എന്നെ പ്രേരിപ്പിക്കുന്നതല്ല. ഞാനൊരു കൊമ്മേരി നിവാസിയാണ്. കൊമ്മേരിക്കാരായ ഞങ്ങൾക്കും മൈലാമ്പാടി, മേത്തോട്ടുതാഴം, കാവിൽതാഴം, ഗോവിന്ദപുരം, മണൽതാഴം, തുടങ്ങിയ ജനസാന്ദ്രതയേറിയ സ്ഥലത്ത് ജീവിക്കുന്നവർക്കും രണ്ടോ മൂന്നോ സിഗ്നൽ ലൈറ്റ് താണ്ടാതേയും ബ്ലോക്കിൽപെടാതേയും ഏകദേശം 3 കിലോമീറ്റർ സഞ്ചരിച്ച് വലിയ വാഹനങ്ങൾക്കും ചെറിയ വാഹനങ്ങൾക്കും കോഴിക്കോട് പാളയത്തെത്താനുള്ള ഗതാഗത മാർഗ്ഗമാണ് കഴിഞ്ഞ 35 വർഷങ്ങളായി അടഞ്ഞു കിടക്കുന്നത്. നക്ഷത്രരാജ്യം മാസിക തുടരെ തുടരെ പുതിയപാലത്തെക്കുറിച്ചും പാളയം– കൊമ്മേരി വഴി മേത്തോട്ടുതാഴം റോഡിനെക്കുറിച്ചും തുടരെ തുടരെ എഡിറ്റോറിയലുകൾ എഴുതിയില്ലെങ്കിലും 35 വർഷത്തോളമായി പുതിയപാലത്തിൽകൂടിയുള്ള ഗതാഗതസൗകര്യം ഇല്ലായ്മ ഓരോ പൗരനും വിലയിരുത്തികൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ പ്രശ്നങ്ങളിലെ ഇത്തരം യാഥാർത്ഥ്യം ഉൾകൊണ്ട് പുതിയപാലം റോഡ് വഴിയുള്ള ഗതാഗതത്തിന്റെ ഭാഗമായി കൊമ്മേരി–പുതിയപാലം– പാളയം റോഡ് എത്രയും പെട്ടെന്ന് നിർമ്മിക്കുക. ഇനിയെങ്കിലും വളയനാട് നിവാസികളുടെ ചിരകാലാഭിലാഷം സാധിപ്പിക്കുക.

**മാനേജിംഗ് എഡിറ്റർ**

കഥ

# ഇരുപ്പുപീഠങ്ങൾ



യു.എ. ഖാദർ



ചാത്തങ്കോട്ട് നടയ്ക്കലേക്കുള്ള ചെത്ത്വഴി അത്ര നല്ലതൊന്നുമല്ല. നിറയെ കാട്ടപ്പയും കാരമുള്ളും തൊട്ടാവാടിപ്പടർപ്പുകളുമാണ്. ആൾക്കാർ നടന്നു നടന്നു തേഞ്ഞുതെളിഞ്ഞ ഒറ്റയടിപ്പാതയിലൂടെ കണ്ണുകൾ നിലത്തേക്കൂന്നി നടന്നാൽ കുഴപ്പമില്ല.

മടപ്പുരക്കലേക്കുള്ള കുത്തനെക്കയറ്റം ഇരുപുറത്തുമുള്ള മൺ തിണ്ടുകൾക്കിടയിലൂടെ അല്പം പ്രയാസപ്പെട്ടു വേണം. മുകൾവിതാനത്തിലെത്തിയാലോ, കിഴക്കോട്ട് കീഴ്ക്കാംത്തൂക്കമായ ഇറക്കം. തുടങ്ങുന്നേടത്ത് പണ്ടാരോ പണിയിച്ചുവെച്ച ഏതാനും ഒതുക്കുകല്ല് പാകിയ പടവുകൾ, അടിയിലെ പുല്ലാനിപ്പൊന്തകൾ നോട്ടം തെറ്റിയാൽ ചതിക്കും. നടന്നുചെല്ലുന്നവരുടെ മട്ടംപോലെയും അല്പം പ്രയാസപ്പെട്ടും വേച്ച് വേച്ച് ഇറങ്ങിച്ചെന്നാലാണ്, ചാപ്പിലക്കോട്ടു തറവാട്ടുകുല ദൈവങ്ങളെ കുടിവാഴിച്ച മടപ്പുരയ്ക്കലെത്തുക.

മാടത്തറ എന്നാണ് ആൾക്കാർ പറയുക. ഒരു ആശ്വാസമുള്ളത് ഏത് അറ്റവേനൽക്കാലത്തും നല്ല തെളിവെള്ളം ഉറവുള്ള ഒരു കിണർ പറമ്പിന്റെ തെക്കേയറ്റത്തായി ഉണ്ടെന്നതാണ്. കിണറ്റും കരയിൽ പാളയും കയറുമുണ്ട്. യഥേഷ്ടം കോരിക്കുടിക്കാം. കാലും മുഖവും കഴുകാം. ശരീരവും മനസ്സും തണുപ്പിക്കാം. തണുപ്പിയ്ക്കാൻ, പറമ്പിന്റെ കിഴക്കേചരിവ്ഓരത്തിലൂടെയാണല്ലോ ഞങ്ങളുടെ കണയങ്കോട്ട് പുഴ ഒഴുകുന്നത്.

അക്കരെ നടേരി ഭാഗത്തെ തെങ്ങിൻ തോപ്പുകളിൽനിന്നും ഉള്ള്യേരി കടവത്തെ തുറസ്സിൽ നിന്നും ഏറ്റുവാങ്ങുന്ന തണുത്ത് തെളിഞ്ഞ കാറ്റാണ് പുഴയിലൂടെ ഒഴുകി ഇക്കരേക്ക് വീശുന്നത്. മാടത്തറയിലെ മൺമറഞ്ഞവർക്കും അവരെക്കണ്ട് കാര്യം ബോധിപ്പിക്കാനും സങ്കടം പറയുവാനും എത്തുന്ന നാട്ടിൽ നാനാജാതിക്കാർക്കും അകവുംപുറവും ഒരു

പ്പോലെ കുളുർപ്പിക്കാം.

മടപ്പുരയ്ക്കൽ പ്രയാസപ്പെട്ട് എത്തിയതേ സുകൃതം എന്നാശ്വസിക്കാം. പണ്ടുള്ളവർ പറഞ്ഞ പോലെ പറമ്പ് കനക്കേ, പച്ചത്തഴുപ്പിന്റേയും തെഴുപ്പിന്റേയും ഇരുൾ പടർത്തണമെന്ന് കരുതിക്കൊണ്ടുത്തന്നെയാവണം കാവും കാഞ്ഞിരവും കാട്ടുചെമ്പകവും ഏഴിലംപാലയുമെല്ലാം ഓരോരോരോയിടങ്ങളിലായി അങ്ങനെയൊരുക്കിവച്ചത്. വേരുകൾതൂങ്ങിനിറഞ്ഞാടുന്ന പേരാലുകൾക്കും അരയാലുകൾക്കുമെല്ലാം ഓരോരോരോ ഊറ്റം പറയാനുണ്ടല്ലോ...

ആൽചുവട്ടിലും, തൂങ്ങിപ്പടർന്ന് മണ്ണിൽ വേരാഴ്ത്തിമരമായ അരയാൽ വേരുകൾക്കിടയിലും, കാഞ്ഞിരത്തറയ്ക്കലും പറമ്പതിരിലെ കാവിന്റെ ലക്ഷണം കാണിക്കുന്ന ഏഴിലപ്പാലച്ചോട്ടിലും തെച്ചിപ്പൂക്കൾ വിടർന്ന് മണം ചിന്തുന്ന വള്ളിപ്പടർപ്പുകളിലും എന്നുവേണ്ട ചാപ്പിലക്കോട്ട് തറവാടു കുലദൈവങ്ങൾ കുടിവാഴുന്ന മടപ്പുരയ്ക്കൽ മാടത്തറകെട്ടിന്റെ മുച്ചൂടും സ്ഥാനങ്ങളിലൊക്കെയും പണ്ടുള്ളവരുടെ ഓർമ്മസൂചികൾ കുത്തിനിർത്തിയ ഇരുമ്പു ശൂലങ്ങൾ. കൽത്തറകളിലെല്ലാം കാരിരുമ്പിന്റെ കറപ്പാടുകൾ. മരച്ചില്ലകളിലെല്ലാം കാറ്റത്താടിയ ചെമ്പട്ട് തുണികഷ്ണങ്ങൾ.

എണ്ണക്കിനിപ്പ് വറ്റാത്ത കരിഞ്ഞുണങ്ങിയ നെയ്ത്തിരി തുണ്ടുകൾ ചിതറിക്കിടക്കുന്ന മൺപ്പുറ്റിന്റെ ഈർപ്പം വിളക്ക് മാടത്തറയാകെ ചൂഴ്ന്ന് കിടക്കുന്നു. കത്തിത്തീർന്ന കർപ്പൂരത്തിന്റെ ഗന്ധം വിങ്ങിയ മൺപശിമയിൽ കയറി ചെല്ലുന്നവർക്ക് പഴയകാരണവന്മാരുടെ ഉച്ഛ്വാസവായുവിന്റെ ചൂട് ഇപ്പോഴും അനുഭവപ്പെടുമെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. അവരെല്ലാവരും കാവുംവട്ടം വിട്ട് മറ്റെങ്ങും പോകാറില്ലെന്നാണ് വിശ്വാസം. ദൃഷ്ടാന്തങ്ങൾ എത്രയോ പറയുവാനുണ്ട്. ചൂണ്ടിക്കാണിപ്പാൻ അടയാള ചിഹ്നങ്ങളുമുണ്ട്.

മണ്ണിൽ പുരണ്ടു കുഴഞ്ഞ ഭസ്മത്തിന്റെ മണം പുരണ്ടകാറ്റ് മാടത്തറയിൽ സദാവീശിക്കൊണ്ടിരിയ്ക്കുന്നു. രാവിലും പകലിലും കാര്യം പറയാൻ എത്തിപ്പെടുന്നവർക്ക് ദാഹം ശമിപ്പിക്കുവാനും ഉൾപുകച്ചിലടക്കുവാനും കിണറും കിണറ്റിൻ കരയിൽ പാളയും കയറും ഒരുക്കിവച്ചതാരാണ്? ആർക്കും അറിയുകയില്ല.

കാൺമോർക്ക് കാണും കാലത്തൊക്കെ ഇപ്പറയുന്നവയെല്ലാം നിറവടിയായിട്ടുണ്ട്. മാടത്തറക്കെട്ടിന്റെ തൊട്ടരികെവരെ നടന്നുചെല്ലുന്നവർ പുറംതിരിയാതെ, യാത്രപറയാതെ തിരികെ പോരണം. അതാണ് പതിവ് ചിട്ട. മുറമര്യാദകളും ചിട്ടവട്ടങ്ങളും അണുവിട തെറ്റിക്കാതെയാണെങ്കിൽ, മനസ്സിൽ നേർന്ന കാണിയ്ക്ക ഒട്ടും കുറയാതെ പാല ചുവട്ടിലെ ഭണ്ഡാരപ്പെട്ടിയിലിട്ട് കണ്ണുംപൂട്ടി ഗുരുകാരണവന്മാരെ വിളിച്ച് സകല പായ്യ്യാരങ്ങളും പറയാം. പറഞ്ഞുതീർന്നാലുടനെ ലക്ഷണം കാണിയ്ക്കുമത്രേ! കാവിന്റെ ഇടതൂർന്ന പച്ചപ്പിൽനിന്നും നിറുകം തലയിൽ വീഴുന്ന ഒരില. ചിലപ്പോൾ ആ തളിരില തെക്കോട്ടു വീഴും. തിരിച്ചെത്തുന്നതിനുമുമ്പേ കാര്യം സാധിപ്പിച്ചു തരുമെന്നാണ് മറുപടി. തളിരില തൂക്കം തെറ്റി വടക്കോട്ടാണ് വീഴുന്നതെങ്കിൽ അന്ന് തൊട്ട് തൊണ്ണൂറാംനാൾ പറഞ്ഞതൊക്കെ പറഞ്ഞപടിയ്ക്ക്പൂർത്തി

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കരിച്ച് തരും. തലയിൽ വീണ തളിരില തൊട്ടുമുന്നിൽ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ ആണ് വീഴചയെങ്കിൽ തുലാം പത്തിന്റെയന്നത്തെ വിളക്കെഴുന്നള്ളിപ്പും കഴിഞ്ഞ് ഈ കാവുംവട്ടത്തെ ആൾകൂട്ടത്തിൽ വന്നുനിന്ന് ആവുന്നത്ര ഉറക്കേ അമ്മയെ വിളിച്ച്യാൽ മതി.

കാവിലെ കാരണവന്മാരെയല്ല അന്നേരം വിളിക്കേണ്ടത്. അവർ കാവിലെ വിളക്കെഴുന്നള്ളിപ്പിന്റെ ഉത്സവത്തിമിർപ്പിന്റെ ഉത്സാഹലഹരിയിലാവും. കാവിലെ മണ്ണിൽ ഈർപ്പത്തിൽനിന്ന് നേരെ കിഴക്കോട്ടാണ് നോക്കേണ്ടത്. കിഴക്ക്ദിശയിലൂടെ മന്ദമന്ദമായൊഴുകുന്ന കണയങ്കോട്ടുപുഴ. കണയങ്കോട്ടുപുഴയിലേക്ക് തറപ്പിച്ചു നോക്കി അമ്മയെ വിളിക്കണം. അവനവന്റെ അമ്മയെ. അവനവനെ പെറ്റിട്ട അമ്മയെ പേരെടുത്തു വിളിക്കണം.

പലപേരിൽ മുഴങ്ങുന്ന അമ്മയുടെ പേർവിളി പുഴയിലെ ഓളങ്ങളായി ഒഴുകിപ്പരക്കും. പുഴയോളങ്ങളിൽ പലപേരുകളിൽ മുഴങ്ങുന്ന അമ്മ വിളിയേറ്റ് രാവു പകലാവുമ്പോൾ തിരിച്ചു വീട്ടിൽചെന്നു കയറുന്നവർക്ക് ശുഭവാർത്ത. കാര്യം സാധിച്ചനിമിഷത്തിൽ ജീവിച്ചിരിക്കുന്ന അമ്മയുടെ കാൽതൊഴാം. അമ്മ ജീവിച്ചിരിപ്പില്ലെങ്കിൽ നടുവകത്തെ ആൾപെരുമാറ്റം ഏറെയില്ലാത്ത മുറി തേച്ചുകഴുകി തുടച്ചു വൃത്തിയാക്കി നെയ്യ്‌വിളക്ക് ജ്വലിപ്പിച്ച് അമ്മയെ വിളിക്കാം.

വീട്ടിന്നകത്ത് മാത്രം പ്രതിധ്വനിക്കത്തക്ക ഉച്ചത്തിൽ അമ്മയെ വിളിച്ച് സന്തോഷമറിയിച്ച് ഉറക്കെ കരയാം.

മാടത്തറയ്ക്കൽ കാവിലെ കുടിദൈവങ്ങളായ കാരണവന്മാർക്ക് ആ വിളികേൾക്കാം. അത്രയുംമതി.


ചാപ്പിലക്കോട്ട് തറവാട്ടു കുലദൈവങ്ങൾക്ക് തൃപ്തിയാകും.

അതറിയുന്നതിനാൽ ഞങ്ങൾ ചാത്തങ്കോട്ടു നടയ്ക്കലേക്കുള്ള ചെത്ത് വഴിയിലെ കല്ലും മുള്ളും കാട്ടപ്പയും തൊട്ടാവാടിപ്പടർപ്പും നിറഞ്ഞദുർഘടങ്ങൾ മറക്കുന്നു. കുത്തനെയുള്ള കയറ്റം തടിയുടെ വല്ലായ്മകൾ മുച്ചൂടും മറന്ന് അടിവച്ചടിവെച്ച് കയറുന്നു. കിഴക്കാംതൂക്കായ ഇറക്കം എങ്ങിനെയെല്ലാമോ മറന്ന് കാവിലെകാരണവന്മാരെയൊക്കെ ഉറക്കെ പേരെടുത്തുവിളിച്ച് ഇറങ്ങുന്നു. കാൽ തെറ്റി അഥവാ വീണാൽ ഉരുണ്ടുരുണ്ട് ചെന്നെത്തുക കണയങ്കോട്ടു പുഴയുടെ നീരൊഴുക്ക് നിറഞ്ഞ ചുഴികൾ ഒട്ടനവധിയുള്ള കയത്തിലേക്കാവുമോ?

ഇല്ല, കണയങ്കോട്ടു പുഴ ഇത്‌വരെ ആരേയും ചതിച്ചിട്ടില്ലല്ലോ! പുഴയിൽ സദാവീശുന്ന തണുത്ത കാറ്റിന്റെ ജീവവായു ഉൾകൊണ്ടാണല്ലോ പഴയ കാരണവന്മാർ ഇവിടം വാഴുന്നത്. കാവിലെ കാഞ്ഞിരങ്ങളിൽ കുടിവാഴുന്നത്. കാവിന്റെ ഇരുൾ പഴമയിലും പുഴയുടെ തെളിമയിലും ജീവിതഗന്ധം ശ്വസിച്ചാണല്ലോ ഞങ്ങൾ, അതെ ഞങ്ങൾ ഞങ്ങളുടേതായ ഇടങ്ങളിൽ ഇരുപ്പുപീഠങ്ങളൊരുക്കി സ്വയം പ്രതിഷ്ഠിക്കപ്പെടുന്നത്. ■

മിനികഥ

# ആരോരുമറിയാതെ



വാസു അരീക്കോട്

ക്ലാസ് കഴിഞ്ഞ് അങ്ങാടിയിലെ ബസ്സ്റ്റാന്റിലേക്ക് ഒരു നടത്തം, അതൊരു ഓട്ടമോ നടത്തമോ അറിയില്ല. അത്ര വേഗത്തിലായിരുന്നു. നേരം വൈകിയാൽ ബസ്സു പോകും. പിന്നെ വീട്ടിലെത്തണമെങ്കിൽ ഒരു മണിക്കൂർ വൈകിയുള്ള ബസ്സേ കിട്ടു. അത്രക്കേ അന്ന് ആ റൂട്ടിൽ ബസ്സ് ഉണ്ടായിരുന്നുള്ളു. ഓട്ടോറിക്ഷകളും വളരെ വിരളമായേയുള്ളു. ആളൊട്ടിപ്പാറ ജംഗ്ഷനിൽ ഒരു പഴയ ഓട്ടോറിക്ഷ ചിലപ്പോൾ കാണും. ഓട്ടോയിൽ പോകാൻ കാശും ഉണ്ടായിരുന്നില്ല. എന്റെ നടത്തത്തിന്റെ സ്പീഡ് കണ്ടിട്ടോ മറ്റോ ആ ഓട്ടോറിക്ഷയിലെ ചെറുപ്പക്കാരൻ ഒരു ദിവസം പറഞ്ഞു. ഭൂമി ചവിട്ടിത്താഴ്ത്തല്ലേ, കുറേകാലം ജീവിക്കണം. ഒന്നു തിരിഞ്ഞു നോക്കിയതല്ലാതെ ഞാനൊന്നും മിണ്ടാതെ നടന്നു. നടക്കുന്നതിനിടയിൽ എപ്പോഴോ ഉള്ളിൽ ഒരു പുഞ്ചിരി വിടർന്നു. പിറ്റേ ദിവസവും അതേ സ്ഥലത്ത് ആ ഓട്ടോ കണ്ടു. അറിയാതെ അതിനുള്ളിലേക്ക് ഒന്നു നോക്കി. പുറത്തേക്ക് ഒരു കൈ വീശൽ വന്നു. ദിവസങ്ങൾ കഴിയുന്തോറും അതൊരു പുഞ്ചിരിയിലേക്കും സംസാരത്തിലേക്കും ഒരു അടുപ്പത്തിലേക്കും മനസ്സിനുള്ളിലേക്കും അരിച്ചു കയറി.

അതിനിടയ്ക്ക് കല്ല്യാണാലോചനകൾ പലതും വന്നു. അമ്മയും അച്ഛനും നിർബന്ധിച്ചു. ഒഴിഞ്ഞൊഴിഞ്ഞു മാറി. ഒരു ദിവസം കാര്യങ്ങൾ അമ്മയോടു പറഞ്ഞു. അച്ഛനറിഞ്ഞു. വീട്ടിൽ ആകെ ബഹളമായി. അന്യജാതിക്കാരനായതിനാൽ ഒരിക്കലും അവർ സമ്മതിച്ചില്ല. ഒരു ദിവസം പുലരാൻ നേരത്ത് അയാൾ പറഞ്ഞതു പ്രകാരം വീട്ടിൽ നിന്നും ഇറങ്ങിപ്പോന്നു. അയാളുടെ നാട്ടിലെ അമ്പലത്തിൽ ഏർപ്പാടു ചെയ്തതു പ്രകാരം അവിടെവെച്ചു താലി കെട്ടി. അതിനുശേഷം അങ്ങോട്ടുമിങ്ങോട്ടും ഒരു വിവരവുമില്ലാതെയായി.പി.ജി. കോഴ്സ് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ട്യൂട്ടോറിയൽ കോളേജിൽ ക്ലാസ്സെടുക്കാൻ പോയി.


കാലങ്ങൾ കടന്നു പോയി. രണ്ടാൺകുട്ടികൾ ഉണ്ടായി. അവർ വളർന്ന് വലുതായതറിഞ്ഞില്ല. വിവാഹം രണ്ടുപേരും കഴിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ വീടിന്റെ പേരിൽ രണ്ടു പേരും തർക്കങ്ങളായി. ഇതിനിടയിൽ അദ്ദേഹം മരിച്ചു. ആകെയുള്ള അഞ്ച് സെന്റ് ഭൂമിയും വീടും വിറ്റ് രണ്ടു പേർക്കും വീതിച്ചു കൊടുത്തു. വലിയവൻ ഭാര്യയേയും കൊണ്ട് അവളുടെ വീട്ടിലേക്ക് പോയി. ചെറിയവന്റെ കൂടെ വാടക വീട്ടിലായി. ദിവസങ്ങൾ കഴിയുന്തോറും അവരും എന്നെ ശ്രദ്ധിക്കാതായി. ഭക്ഷണസാധനങ്ങൾ എനിക്ക് തരാതെ പട്ടിണികിടക്കേണ്ടി വന്നു.

ഒരു രാത്രി എനിക്ക് ഇഷ്ടം പോലെ ഭക്ഷണങ്ങൾ തന്നു. സന്തോഷം തോന്നി. പക്ഷേ ആ രാത്രി അവൻ എന്നെ ഒരു വണ്ടിയിൽ കയറ്റി ഏതോ ഒരു സ്ഥലത്ത് തിണ്ണയിൽ ഇരുത്തി. കുറച്ചു നേരം അവിടെനിന്ന് അവൻ വണ്ടിക്കരികിലേക്ക് പോയി. പിന്നെ ആ വണ്ടി സ്റ്റാർട്ട് ചെയ്തു പോകുന്നതാണ് കണ്ടത്. വാവിട്ടു കരയണമെന്നു തോന്നി. കണ്ണിൽ നിന്നും ഒഴുകിയ കണ്ണീരിൽ കുതിർന്ന് വിങ്ങിവിങ്ങി കരഞ്ഞു തളർന്നു വീണു. ഉണർന്നു നോക്കുമ്പോൾ വിജനമായ സ്ഥലം.മുമ്പിൽ ഒരു ബോർഡ് കണ്ടു. അനാഥാലയം നേരെ അങ്ങോട്ടു നടന്നു. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കഥ

# കരയുന്ന നാഗങ്ങൾ



പി.ആർ നാഥൻ

എത്തിച്ചേരുമെന്നു പ്രതീക്ഷിച്ച സ്ഥലത്തുതന്നെയായിരുന്നു രവി സ്വാമി ചേക്കേറിയത്. ബാല്യം മുതലുതന്നെ ജീവിത സായാഹ്നത്തെക്കുറിച്ച് ഒരു കാഴ്ചപ്പാടുണ്ടായിരുന്നു. പൊതുവെ ആത്മീയകാര്യങ്ങളിലായിരുന്നു അദ്ദേഹത്തിന് താൽപര്യം. സങ്കല്പിച്ചത് ആയിത്തീരുമെന്ന് ഒരു ഗുരുനാഥൻ പറഞ്ഞിട്ടുണ്ട്. ശക്തമായ രീതിയിൽ ഒരു കാര്യം സങ്കല്പിക്കുക. സങ്കൽപ്പിക്കുന്ന കാര്യം ഏതുമാകട്ടെ. ഒടുവിൽ അത് സ്വായത്തമാകും എന്നാണ് ഗുരു ഉപദേശിച്ചത്. ജീവിതത്തിൽ ധാരാളം ഗുരുക്കന്മാരുമായി രവിസ്വാമി സംസാരിച്ചിട്ടുണ്ട്.

എങ്കിലും പ്രധാനിയായ ഒരു ഗുരുനാഥന്റെ ചിത്രം മനസ്സിൽ ഉണ്ടായിരുന്നു. നേരുപറഞ്ഞാൽ രവിസ്വാമി അദ്ദേഹത്തെ അന്വേഷിച്ച് നടക്കുകയായിരുന്നു.

ഗൃഹസ്ഥനായ ഒരു വ്യക്തി എങ്ങനെയൊക്കെ അപഥ സഞ്ചാരത്തിൽ ഏർപ്പെട്ടാലും സമൂഹം അതിൽ ഇടപെടുകയില്ല. പക്ഷേ വേദാന്തം, ഭക്തി എന്നൊക്കെ കേട്ടാൽ പലർക്കും പരിഹാസമാണ്. വീട്ടിൽ മാസത്തിലൊരിക്കൽ ഭക്തിഗീതങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ഭജനകൾ നടത്തും. ഭാര്യയ്ക്കും മകൾക്കും അതിൽ എതിർപ്പൊന്നും ഉണ്ടായിരുന്നില്ല. ഒരു പരിധിവരെ അവർ സഹകരിക്കുകയും ചെയ്യുമായിരുന്നു. ബ്രഹ്മചര്യാശ്രമം ജീവിതത്തിന്റെ തുടക്കത്തിൽ ആവശ്യമാണെന്ന അഭിപ്രായം പലരും പറയാറുണ്ട്. ഗൃഹസ്ഥാശ്രമവും വേണ്ടതുതന്നെ. വാനപ്രസ്ഥം ഒരു അനിവാര്യതയാണ്. ഏതൊന്നിൽനിന്നും ഒടുവിൽ പിരിയേണ്ടിവരും. എത്രയോ ഉദ്യോഗസ്ഥന്മാർ ഉദ്യോഗത്തിൽ നിന്നും വിരമിച്ച ശേഷം സ്വസ്ഥമായി വീടുകളിൽ താമസിക്കുന്നു. എന്നാൽ നാലാമത്തെ ആശ്രമമായ സന്യാസത്തെക്കുറിച്ചു പറഞ്ഞാൽ ആളുകൾ തർക്കിക്കാൻ തുടങ്ങും. സന്യസിക്കാൻ മാത്രം ദുഃഖം എന്താണുണ്ടായത് എന്ന ചോദ്യ



ത്തിന് മറുപടി പറയണം. സന്യസിക്കുന്നു എന്നു കേൾക്കുമ്പോൾ ബന്ധുക്കൾപോലും നെറ്റി ചുളിക്കുന്നു. ഇത്രയും വേണൊ? ചെളിക്കുഴിയിൽ വീണ് ശ്വാസം മുട്ടുന്ന പന്നിയുടെ ജീവിതം എത്ര ഉൽകൃഷ്ടമായിട്ടാണ് ഓരോരുത്തരും കരുതുന്നത്.

രവിസ്വാമി ഒരു കാലത്ത് ബസിലെ കണ്ടക്ടറായിരുന്നു. രാവിലത്തെ ട്രിപ്പ് ഏഴുമണിക്കാണ് കോഴിക്കോട്ടെ ബസ് സ്റ്റാന്റിൽ നിന്നും പുറപ്പെടുക. ഗുരുവായൂരിലേക്കുള്ള ട്രിപ്പായിരുന്നതിനാൽ രവിസ്വാമിക്ക് സന്തോഷമായിരുന്നു. ഓരോ തവണ ഗുരുവായൂരിലെത്തിയാലും ക്ഷേത്രത്തിൽ ചെന്നുതൊഴും . ഈശ്വരകാര്യങ്ങളല്ലാതെ മറ്റൊന്നും സംസാരിക്കാത്തതിനാൽ രവിസ്വാമി എന്ന് ആദ്യം വിളിച്ചത് ആരാണെന്ന് ഓർമയില്ല. ഒരിക്കൽ ഒരു സ്വപ്നദർശനമുണ്ടായത് ഓർമ്മിക്കുന്നു. വേങ്ങേരിയിലെ പഴയഗൃഹത്തിൽ മയങ്ങിക്കിടക്കുമ്പോഴാണ് അത് സംഭവിച്ചത്. ഏതോ ഒരു ഗുരുനാഥൻ തന്നെ കാത്തിരിക്കുന്നുണ്ട്. നീ ഇങ്ങോട്ട് വാ എന്ന് ആ ഗുരുനാഥന്റെ ഹൃദയം മന്ത്രിക്കുന്നു. ഗുരുവിന്റെ രൂപം മനോമുകുരത്തിൽ ഏതാണ്ട് വ്യക്തമാണ്. കറുത്തുമെലിഞ്ഞ ശരീരം. സാത്വികമായ ശബ്ദചലനങ്ങൾ. ആകർഷണീയമായ നേത്രങ്ങൾ. എവിടെയൊ ആ ഗുരു കാത്തിരിക്കുന്നു എന്ന് വ്യക്തമായെങ്കിലും ഗുരുനാഥന്റെ സ്വരം കാതിൽ അനുരണനമുണ്ടാക്കി. ഇപ്പോഴത്തെ ജീവിതം തുടരുക. ഒരു കാര്യത്തിന്നു വേണ്ടിയും അലഞ്ഞുനടക്കേണ്ട കാര്യമില്ല. ഒടുവിൽ നീ ഇവിടത്തെ ധർമ്മപീഠത്തിൽ എത്തിച്ചേരുകതന്നെ ചെയ്യും.

വിചാരിച്ചതുതന്നെ സംഭവിച്ചു. മകളുടെ വിവാഹം കഴിഞ്ഞതോടെ രവിസ്വാമി ഉദ്യോഗം ഉപേക്ഷിച്ചു. അല്ലെങ്കിലും മനസ്സുകൊണ്ട് ഇഷ്ടപ്പെട്ട ഒരു തൊഴിലായിരുന്നില്ല അത്. ഒഴിവുനേരങ്ങളിൽ ധർമ്മഭൂഷണത്തെ ചെന്നു കാണും. ആത്മീയപ്രഭാഷണങ്ങളുടെ കാര്യത്തിൽ ആചാര്യനാണ് അദ്ദേഹം. ഗ്രന്ഥങ്ങളുമായി പരിചയപ്പെടാനുള്ള കാരണവും അതുതന്നെയാണ്. അങ്ങിനെയിരിക്കെ ഒരു സത്സംഗ സദസ്സിൽ വെച്ച് താൻ അന്വേഷിക്കുന്ന ഗുരുവിനെ കണ്ടെത്തി. സ്വാമി ആരാധകരോട് സംസാരിച്ച ശേഷം വേദിയിൽ നിന്നും താഴോട്ടിറങ്ങിയ അവസരം.കൈകൂപ്പി നിൽക്കുന്ന രവിയെ അദ്ദേഹം സൂക്ഷിച്ചുനോക്കി. ജന്മജന്മാന്തരമായ ഒരു ബന്ധത്തിന്റെ തുടർച്ചയായിരുന്നു അത്. പേരു ചോദിച്ചശേഷം കുശലങ്ങൾ പറഞ്ഞു. ഞാനും പർവ്വതദേശത്തെ ആശ്രമത്തിലേക്ക് പോരട്ടെ എന്ന് രവി ചോദിച്ചില്ല. കൂടെവരാനായി സ്വാമി ആജ്ഞാപിച്ചതുമില്ല. എങ്കിലും രവി അവിടത്തെ അന്തേവാസിയായി. തുടർച്ചയായി മാസങ്ങളോളം മൗനവ്രതമെടുക്കുന്ന പ്രകൃതക്കാരനായിരുന്നു ഗുരുനാഥൻ. അക്കാലങ്ങളിൽ ആശ്രമത്തിലെത്തുന്നവരെ സല്കരിക്കുന്നത് രവിയാണ്. വേദങ്ങളുടെയും ഉപനിഷത്തുക്കളുടെയും അന്തർധാര മനസ്സിലായിവരുന്ന കാലഘട്ടം. സ്വാമി വിദേശത്തേക്ക് ശിഷ്യരോടൊപ്പം യാത്രതിരിക്കുകയാണ്. ആശ്രമത്തിന്റെ ഉത്തരവാദിത്വം

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

രവിസ്വാമിയിൽ വന്നുചേർന്നു. ആശ്രമത്തോടു ചേർന്ന് ഗസ്റ്റ്ഹൗസുണ്ട്. പർവ്വതത്തിന്റെ നെറുകുയിൽ നിന്നും കുത്തിയൊലിക്കുന്ന നദിയുണ്ട്. വന ദേവാലയത്തിലേക്കു വരുന്ന വന്ദർശകരുടെ എണ്ണം വർദ്ധിച്ചപ്പോൾ പരിസര വൃക്ഷങ്ങൾ ഓരോന്നായി നിലം പതിച്ചു. അവിടമാസകലം ഒരു നഗരമായിരൂപാന്തരപ്പെടുകയാണ്. ആശ്രമജോലികൾ കഴിഞ്ഞാൽ രവിസ്വാമി നദീതീരത്തേക്ക് നടന്നുവരാറുണ്ട്. നദിയിലെ മാലിന്യങ്ങൾ കാണുമ്പോൾ മനസ്സു കരഞ്ഞുപോകും. നിസ്സഹായനായ ഒരു സാധാരണക്കാരൻ ഈ വേദന ആരോടാണ് തുറന്നു പറയുക? നദിയിൽ വൃത്തികേടുകൾ കുമിഞ്ഞുകൂടുന്നു. ജലാശയത്തിന്റെ ഒഴുക്കുപോലും തടസ്സപ്പെടുന്നു.

രാത്രിയിലെ സുഖനിദ്രയ്ക്ക് നദിയുടെ താരാട്ട് ആനന്ദഭ്രമമായിരുന്നു. പരാശക്തി അനുസ്യൂതം നാമംജപിച്ചുകൊണ്ടിരിക്കുന്നു എന്ന് രവിസ്വാമിക്ക് തോന്നാറുണ്ട്. ഈയിടെയായി രാത്രികളിൽ നദി കരയുന്നു. പകൽ നേരങ്ങളിൽ ആശ്രമത്തിന്നു ചുറ്റും നടക്കുമ്പോൾ മണ്ണിടിച്ച് നിരപ്പാക്കുന്ന സ്വരം. വൃക്ഷശിഖരങ്ങളിൽ വന്നിരിക്കാനായി കിളികൾ ഭയപ്പെടുന്നു.

സ്വാമിജി സ്ഥലത്തില്ലെങ്കിലും രവിസ്വാമിക്ക് വൈകുന്നേരം വരെയും ജോലികളുണ്ട്. ആശ്രമത്തിലെ അന്തേവാസികളുടെ കാര്യങ്ങളിൽ ഇടപെടണം. പ്രതിഫലമില്ലാതെ ജോലി ചെയ്യുക എന്നത് ഒരു ഭാഗ്യമാണ്. അത്തരമൊരു സംസ്കാരത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മാത്രമാണ് അതിന്റെ സുഖം മനസ്സിലാകുക. എങ്കിലും രവിസ്വാമിയുടെ മനസ്സ് വേദനിച്ചുകൊണ്ടിരിക്കുന്നു. പശ്ചാത്തലത്തിന്റെ ഭംഗി നഷ്ടപ്പെട്ടുവരുന്നു. ഹോട്ടലുകളിലെ മലിനജലം നദിയിലേയ്ക്കൊഴുകുന്നു. മറ്റൊരു പൈപ്പിലൂടെ അതേ നദിയിൽ നിന്നും ദാഹജലം ശേഖരിക്കുന്നു. ആശ്രമത്തിലെ സത്സാംഗാ വേളയിൽ അവിടെയെത്തിയ സാഹിത്യകാരൻ വിവരിക്കുന്നു. ഇത് ഇവിടെത്തെ മാത്രം പ്രത്യേകതയല്ല. ലോകമാസകലം മനുഷ്യൻ പ്രകൃതിയെ ദ്രോഹിക്കുന്നു. തനിയ്ക്ക് സുഖമായി ജീവിക്കാൻ മാത്രമാണ് ഈ ലോകം സൃഷ്ടിക്കപ്പെട്ടതെന്ന് ഓരോ മനുഷ്യനും വിചാരിക്കുന്നു. നദിയില്ലായ്മ കലികാലത്തിന്റെ മുഖമുദ്രയാണ്. മനുഷ്യരാശിയില്ലെങ്കിലും ലോകം മുന്നോട്ടു പോകുമെന്ന കാര്യം മനുഷ്യൻ ചിന്തിക്കുന്നില്ല.

ആശ്രമമുറ്റത്ത് അപൂർവ്വമായി പാമ്പുകൾ പ്രത്യക്ഷപ്പെടും അനന്തന്റെ പിൻതലമുറക്കാരായ സർപ്പങ്ങളെ രവിസ്വാമിയ്ക്ക് ബാല്യം മുതൽക്കുതന്നെ ഇഷ്ടമായിരുന്നു. അതിനിടയിൽ നദിയിലൂടെ സർപ്പ ജഡങ്ങൾ ഒലിച്ചുവരുന്നതു കണ്ടു. ആരൊക്കെയോ തല്ലിക്കൊന്ന് വലിച്ചെറിഞ്ഞതാണ്. ഒരു വൈകുന്നേരം നടന്നുവരുമ്പോൾ കണ്ട കാഴ്ച മണ്ണിടിച്ചു നിരപ്പാക്കുന്ന സ്ഥലത്തുകൂടെ ഇഴയുന്ന ഒരു സർപ്പത്തെ ആളുകൾ വടികൊണ്ട് അടിച്ചുകൊല്ലുന്നതാണ്.

മഴപെയ്യുന്ന ഒരു രാത്രിയിൽ രവിസ്വാമിക്ക് എന്തുകൊണ്ടോ ഉറക്കം നഷ്ടപ്പെട്ടു. ഗുരുനാഥനുള്ള അവസരമാണെങ്കിൽ അദ്ദേഹത്തോട് ഏതുവിഷയവും തുറന്നുപറയാവുന്നതെയുള്ളൂ. ദുഃഖം ഇരുട്ടുപോലെയാണെന്ന് രവിസ്വാമിയ്ക്ക് അറിയാം. ജ്ഞാനത്തിന്റെ പ്രകാശം കടന്നുവരുമ്പോൾ അജ്ഞാനത്തിന്റെ ഇരുട്ട് ഇല്ലാതാകും. തിരഞ്ഞെടുത്ത ജീവിതപന്ഥാവിൽ തെറ്റുപറ്റിയോ? ലോകത്തെക്കുറിച്ച് ഇങ്ങനെയൊന്നുമല്ലായിരുന്നില്ലല്ലോ ചിന്തിച്ചത്. എല്ലാ ജീവജാലങ്ങളും പരസ്പരം പൊരുത്തപ്പെട്ട് ജീവിക്കുക. ആരും അന്യരല്ല എന്ന ബോധം വളർത്തിയെടുക്കുക. നദികളും വൃക്ഷങ്ങളും തിരക്കുകളുമില്ലാത്ത ഒരു ലോകത്ത് മനുഷ്യന്നു മാത്രമായി നിലനിൽക്കാൻ കഴിയുമോ? നഗരമദ്ധ്യത്തിലെ ശിലകളിൽ മാത്രമായി ദൈവരഹസ്യം കേന്ദ്രീകരിച്ചുനിൽക്കുമോ?

വനചന്ദ്രികയുടെ ചൈതന്യമാസ്വദിക്കാൻ രവിസ്വാമി നദിക്കരയിൽ വന്നുനിന്നു. ആശ്രമധർമ്മങ്ങളെ വിധിയാം വണ്ണം അനുഷ്ഠിക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിലാണല്ലൊ മനുഷ്യരാശി എത്തിനിൽക്കുന്നത്. വൃക്ഷങ്ങളിൽ ഓടിക്കളിക്കുന്ന വാനരന്മാരുടെ എണ്ണം കുറഞ്ഞുവരുന്നു. എങ്കിലും രവിസ്വാമി ശ്രമം തുടങ്ങി. ഇനിയുള്ളകാലം എല്ലാ ജീവജാലങ്ങളെയും സ്നേഹിച്ചു തുടങ്ങുക. വൃക്ഷങ്ങളോട് സംസാരിച്ചു. നിലാവിനെ നോക്കി ഫലിതങ്ങൾ പറഞ്ഞു. മരിച്ചുകൊണ്ടിരിക്കുന്ന പുഴയിലൂടെ മീൻകുഞ്ഞുങ്ങൾ പായുന്നു. മലിനജലത്തിൽ പൊന്തിക്കിടക്കുന്ന നിലാവിന്റെ നുറുങ്ങുകൾക്ക് ശ്വാസം മുട്ടുന്നു. അന്നു രാത്രി ആശ്രമവരാന്തയിൽ വന്ന് ഒരു തഴപ്പായ വിരിച്ച് അതിൽകിടന്നു. ഉറക്കം പിന്നെയും അകന്നുപോകുകയാണ്. പണ്ടൊക്കെ വനത്തിലെ എല്ലാ ജീവജാലങ്ങളും രാത്രികളിൽ സംഗീതമാലപിക്കാറുണ്ടായിരുന്നു. എല്ലാവരും മനുഷ്യനിൽനിന്നും അകലുകയോ മനുഷ്യൻ അവയിൽ നിന്നകലുകയൊ ചെയ്യുന്നു. ഭാവിയിൽ ഇതൊരു കോൺക്രീറ്റു വനമായാൽ മലിനജലം മാത്രമാകുമൊ അവശേഷിക്കുക.

സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള കുന്നുകൾ ഇടിയുന്നു. പ്രഭാതത്തിൽ രവിസ്വാമി പൂജാമുറിയിലിരുന്ന് ധ്യാനിച്ചു. സങ്കല്പങ്ങൾ പ്രാവർത്തികമാകുമെന്നാണല്ലോ ഗുരുനാഥൻ ഉപദേശിച്ചത്. തന്റെ സ്വപ്നങ്ങൾ ഏറെക്കുറെ സഫലമായ സ്ഥിതിക്ക് പശ്ചാത്തലത്തെക്കുറിച്ച് രവിസ്വാമി സങ്കല്പിക്കാൻ തുടങ്ങി. ഇടതൂർന്ന വൃക്ഷങ്ങളുടെ നിര. ഔഷധഗന്ധിയായ കാറ്റ്. നിലാവിനെ ഏറ്റുവാങ്ങാനായി കാത്തിരിക്കുന്ന ശുദ്ധജലമൊഴുകുന്ന നദി.

രവിസ്വാമിയുടെ കണ്ണുകൾ നിറഞ്ഞു. എല്ലാം നഷ്ടപ്പെട്ട് പാർക്കാനൊരിടമില്ലാത്ത അവശവൃദ്ധനെപ്പോലെ ആശ്രമ മുറ്റത്തേക്ക് ഒരു സർപ്പം ഇഴഞ്ഞുവരുന്നു. അതിന്റെ നിസ്സാഹായതാവസ്ഥ ചലനങ്ങളിൽ വ്യക്തമായിരുന്നു. തന്റെ കൂടെപ്പിറപ്പുകളെല്ലാം വധിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. വിധിശാപത്തെ ഏറ്റുവാങ്ങാനായി ആ സർപ്പം ഇഴഞ്ഞുവരികയാണ്. സംസാരിക്കുന്ന സർപ്പരാജാക്കന്മാരാണ് ഈ ഭൂമിയിലേക്ക് ആത്മജ്ഞാനത്തിന്റെ ആദ്യാക്ഷരങ്ങൾ സമ്മാനിച്ചതെന്ന് രവിസ്വാമി കേട്ടിട്ടുണ്ട്. സർപ്പശ്രേഷ്ഠൻ രവിസ്വാമിയെ കണ്ടതും തലതാഴ്ത്തി. വിനയാന്വിതനായി രവിസ്വാമി ചോദിച്ചു.

എന്താ ഇങ്ങോട്ട്?

ഭൂമിയുടെ പ്രതലത്തിൽ നിന്നും അനാദിയായ ഒരു സ്വരമുയർന്നു. ധർമ്മത്തിന്റേതായ ഈ സ്വരവീചികൾ രവിസ്വാമിയുടെ ഹൃദയത്തിലേക്ക് നൂഴ്ന്നുകയറി.

ഞാൻ എങ്ങോട്ടാണ് പോകേണ്ടത്? സർപ്പം കരയുന്നു. രവിസ്വാമി ആദരവോടെ ഒരിടത്തേക്ക് മാറിനിന്നശേഷം തേങ്ങലുകളൊതുക്കി. രവിസ്വാമിക്ക് നിയന്ത്രിക്കാൻ കഴിയുന്നില്ല. നിസ്സഹായഭാവത്തിൽ രവിസ്വാമിയും സർപ്പവും ഒരുമിച്ച് സങ്കടപ്പെടാൻ തുടങ്ങി. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കവിത

# ആത്മജാലകം തുറന്നീടുക നീ



കെ.പി സുധീര


ആത്മജാലകം തുറന്നീടുക നീ
ഒരു രാത്രിമഴയായ് പെയ്തൊഴിയുവാനല്ല,
ഒരേകാന്ത താരമായ് പൊലിയുവാനല്ല,
നമ്മൾ തൻ പ്രണയമോമനേ.
ഈ ശോകാദ്ര രാവിൽ
ആത്മജാലകം തുറക്ക നീ
പ്രണയ നഗരം ക്ഷണിക്കുന്നു,
നമ്മെ ചെമ്മേ.

പൂത്തുലഞ്ഞു നില്ക്കും പാരിജാതമല്ല,
അശോക പുഷ്പങ്ങൾ തന്ന ശോണവർണ്ണമല്ല,
നമ്മൾ തൻ പ്രണയമോമനേ.
ശ്യാമ രാവിനെ കീറിപ്പിളർന്ന്
നീയണഞ്ഞീടുക,
സ്വർഗരാജ്യങ്ങളിതാ
ക്ഷണിച്ചീടുന്നു നമ്മെ, ചെമ്മേ.
പുത്തൻ മഴയിൽ മദിച്ചീടും
ഉന്മത്തയാം മണ്ണിനെപ്പോൽ,
പ്രണയച്ചുഴിയിലാകെ
ഇളകിമറിയും കടൽത്തിരപോൽ,
പ്രണയമാഘോഷിക്കുവാനെത്തീടുക.
നിൻ പ്രണയമാം സൂര്യനുദിച്ചപ്പോൾ
മറുകാഴ്ചകളെനിക്ക്, സുവ്യക്തം,സുഭഗം
ആ തുടുവെളിച്ചത്തിലെന്റെയും
നിന്റേയും ആലത്തിക സൗകുമാര്യം
കണ്ടു വിഭ്രമിച്ചു നില്പാണാകാശം ഭൂമിയു.
ഉരുകിയൊലിക്കുമീ ആർദ്രനിലാവിൽ
എന്റെ യാത്മ കോശങ്ങളിൽ
നീ നനുന്നനെ സ്പർശിക്കവേ,
ആഹ്ലാദം കൊൾകെ - യൊപ്പം
പരവശവുമെന്തേയെന്നന്തരംഗം?
ശ്വസിക്കുന്ന കടൽ പോൽ
നമ്മുടെ പ്രണയം മദിച്ചീടവേ,
ശിശുക്കളെപ്പോൽ നാമതിൻ
ഗർഭഗൃഹത്തിലൊളിച്ചീടുന്നു.
ശോണ നിലാം ബരങ്ങളലച്ച്
തുടു സന്ധ്യ കടന്നു വന്നീടവേ,
തീരാ ദാഹവുമായ് വന്നതെന്തേ,
നീയാത്മ മോഹമെന്നത്പോൽജ

ജരയോച്ഛ്ലുൽകുവാൻ കാത്തു നില്ക്കെ
പുതു ശ്വാസമെന്നിലെന്തേ-നീ
യൂതിക്കയറ്റുന്നു?
ക്ഷതം പറ്റിയൊരെൻ ഭൂതകാലത്തെ
ശുശ്രൂഷിച്ചിടാനാവുമോ,
പ്രണയമേ- സമരോന്മുഖമീ
വർത്തമാന കാലത്തിലല്ലെങ്കിൽ,
നീയെൻ മുറിവുകൾക്കൗഷധമാകയോ?

കവിത

# സഞ്ചാരി



മലയത്ത് അപ്പുണ്ണി

കണ്ടറിഞ്ഞില്ല ജീവിതക്കാഴ്ചകൾ
കേട്ടറിഞ്ഞില്ല വാക്കിൽ പൊരുളുകൾ
കല്ലും മുള്ളും നിറഞ്ഞ പാതകൾ
പിന്നിട്ടു, പിന്നിട്ടു സഞ്ചരിച്ചു ഞാൻ.

പുലരികൾ,സന്ധ്യകൾ, പൂനിലാവുകൾ
വെയിലുകൾ, കത്തിയാളും പകലുകൾ
കുത്തിയൊഴുകും മഴവെള്ളപ്പാച്ചിലിൽ
പുത്തനുണർവ്വുകൾ തേടി നടന്നു ഞാൻ

പണ്ടുകേട്ട കിളിയുടെ പാട്ടുകൾ
കാറ്റുചാലിച്ച പൂവിൻ പുതുമണം
ഇണ്ടലകറ്റുന്ന പൂക്കൾതൻ പുഞ്ചിരി
നാനാ വർണ്ണങ്ങൾ മേയുന്ന വാനിടം.
ഉള്ളിലെ മണിച്ചെപ്പിലുള്ളവ
കൊണ്ടു നടക്കുകയാണു ഞാനിപ്പൊഴും.

## വിവാഹിതരായി

വിഷ്ണു S/O യുഗേഷ് & പ്രീത
സജന D/O സത്യൻ & ഷീജ

14. 12. 2018 ൽ ശ്രീദേവി കല്യാണ മണ്ഡപം വളയനാടിൽ ഇവർ വിവാഹിതരായി




ആശംസകളോടെ
കലിക്കറ്റ്ബാർബൽക്ലബ്ബ്


Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

നോവൽ

# കോരു മൂപ്പന്റെ മൂരി വണ്ടി



ഭാസി മലാപ്പറമ്പ്



"പാത്തുമ്മത്താത്തേ, ഇന്ന്യേം കൂട്ട്വോ കോയ്ക്കോട്ടെയ്ക്ക്?"

നേരം പുലരുന്നതേയുള്ളു. പുഴയിലെ തണുപ്പ് മാറിയിട്ടില്ലാത്ത വെള്ളത്തിൽ ആദ്യം ശരീരം മുഴുവൻ നനച്ചു കഴുകിയ ശേഷം മുടി നന്നായി നനയ്ക്കുവാൻ തല വെള്ളത്തിലേക്ക് താഴ്ത്തിവെച്ചുകൊണ്ട് കുളിക്കുകയായിരുന്നു പാത്തുമ്മ. ശബ്ദം കേട്ട് പാത്തുമ്മ തലയുയർത്തി നോക്കി.

ഇടതിങ്ങി വളർന്ന മുടി മുഴുവൻ നനഞ്ഞു കിടക്കുകയാണ്. രണ്ടു ചെവികളും മുടിക്കെട്ടിന്നടിയിലാണ്. ആരാണ് അടുത്തെത്തി വർത്തമാനത്തിന് തുടക്കമിട്ടതെന്ന് ശബ്ദം തിരിച്ചറിയാൻ പ്രയാസപ്പെട്ടതിനാൽ പാത്തുമ്മയ്ക്ക് മനസ്സിലായില്ല.

വെള്ളക്കെട്ടിൽ നിന്ന് പുഴക്കരികിലേക്ക് കാൽ ഉയർത്തിവച്ചു കയറുവാൻ വെള്ളത്തിന് അതിരിട്ടു കൊണ്ട് പാകിവെച്ച കരിങ്കല്ലിന്മേൽ വലതുകാലുയർത്തിവെച്ചശേഷം ഇടതുകാലും കയറ്റിവെച്ച് നിവർന്നു നിന്നു കോണ്ട് പാത്തുമ്മ തലയുയർത്തി നോക്കി.

അടുത്ത വീട്ടിലെ ലീലയാണ്– ശങ്കേരേട്ടന്റേയും ഗൌരിമ്മയുടെയും മകൾ. കുരുവട്ടൂര് സ്ക്കൂളിൽ അഞ്ചാം ക്ലാസ്സു വരെ ഒന്നിച്ച് ഒരു ബെഞ്ചിലിരുന്ന് പഠിച്ച സഹപാഠിയാണ്. പുഴയിൽ കുളിക്കുമ്പോൾ മാത്രമല്ല മഴക്കാലത്ത് പുഴ നിറഞ്ഞുനിൽക്കുമ്പൾ പറമ്പിന്റെ അതിരിലെ പാറക്കല്ലുകളിന്മേൽ കയറിനിന്ന് പുഴയിലേക്ക് ചൂണ്ടൽ ഇട്ട് മീൻ പിടിക്കുവാൻ ഒപ്പം കൂടുന്ന കൂട്ടുകാരികൂടിയാണ് ലീല. അല്പം കറുത്ത നിറമായതിനാൽ കരിലീല എന്നാണ് എല്ലാവരും ലീലയെ സ്നേഹത്തോടെ വിളിക്കുന്നത്.

"യ്യ് കോയ്ക്കോട്ടു പോയിട്ട് എന്ത് ചെയ്യ്വാനാ കരിലീലെ?"

പാത്തുമ്മ ചിരിച്ചു കൊണ്ട് ചോദിച്ചു. ലീല പാത്തുമ്മയുടെ മുഖത്തേക്കു കണ്ണുകളിലേക്കു കൊച്ചു ചിരിയോടെ നോക്കി. പിന്നെ പാത്തുമ്മയുടെ കൈത്തണ്ടപിടിച്ചു കൊണ്ട് ഒരു കള്ളച്ചിരിയോടെ പറഞ്ഞു.

"ഇനിയ്ക്ക് എന്തെങ്കിലും നോക്കാലോ പാത്തുമ്മേ.....യ്യ നോക്കുന്നതല്ലെങ്കിലും..."

ലീലയോട് തലേന്നാൾ താൻ പറഞ്ഞ കാര്യം പാത്തുമ്മയ്ക്ക് അപ്പോഴാണ് ഓർമ്മവന്നത്. കരുവട്ടൂര് അങ്ങാടിയിലെ ചാത്തുക്കുട്ടി മൂപ്പന്റെ പീടികയിൽ അരി വാങ്ങാൻ പോയതായിരുന്നു പാത്തുമ്മ. ചാത്തുക്കുട്ടി മൂപ്പൻ അരി അളന്ന് ലീല വിടർത്തിപ്പിടിച്ച തുണിസഞ്ചിയിലേക്ക് അത് വെക്കുമ്പോഴാണ് പീടികയുടെ മുന്നിൽ മൂരിവണ്ടി നിർത്തി കോരു മൂപ്പൻ വണ്ടിയിൽ കൊണ്ടുവന്ന രണ്ടു ചെറിയ ചാക്കുകളിലെ സാധനങ്ങൾ പീടികക്കോലായിലേക്ക് വലിച്ചിട്ടത്. ഒരു ചാക്കിൽ നല്ല വെളുത്ത അരി, രണ്ടാമത്തെ ചാക്കിൽ ചെറുപയർ.

പാത്തുമ്മയെ കണ്ടപ്പോൾ കോരുമൂപ്പൻ ചോദിച്ചു.

"ന്താ നിയ്യ് വാങ്ങുന്നത്?"

"അരിയ്ക്ക് വന്നതാ മൂപ്പാ"

ചിരിയോടെ പ്രതികരിച്ച ശേഷം പാത്തുമ്മ തുടർന്ന് ചോദിക്കുകയായിരുന്നു.

"മൂപ്പാ, ന്ന്യേം കൊണ്ട്വാവ്വോ ഒരീസം കോയ്ക്കോട്ടെയ്ക്ക്?"

കോരുമൂപ്പൻ പാത്തുമ്മയുടെ ചോദ്യം കേട്ട് തമാശയോടെ ചോദിച്ചു:

"നെന്നെ എവിടെ കൊണ്ട്വാവ്വാനാ പാത്തുമ്മേ?

"അല്ല മൂപ്പാ, ഇപ്പം അരിയ്ക്കും മീനിനും പണം കൊടുത്ത് മുടിയ്യ്യാ... കോയ്ക്കോട്ട് എവിടെങ്കിലും വീട്ടുപണി കിട്ട്യാൽ വാപ്പന്റേം ഉമ്മേടേം പ്രയാസം തീരുല്ലോ...?"

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ഇരുപത്തഞ്ചുകാരി പാത്തുമ്മയ്ക്ക് ഇനിയും നിക്കാഹ് ആയിട്ടില്ല. രണ്ടുമൂന്നു ആലോചനകൾ വന്നു. കക്കോടിയിൽ നിന്നും ചന്തപ്പറമ്പിൽ നിന്നും ആയിരുന്നു. കൂലിപ്പണിക്കാരനായ ആലിയ്ക്ക് പാത്തുമ്മയെ നിക്കാഹ് കഴിപ്പിച്ചു“പുതിയാപ്ല”യെ സ്വന്തം വീട്ടിൽ താമസിപ്പിക്കാൻ മാത്രം സമ്പാദ്യമില്ല. പറമ്പുകൾ കിളയ്ക്കുവാനും വെട്ടുകല്ല് കടത്തുവാനും പോയീകിട്ടുന്ന കാശുകൊണ്ട് അഞ്ചുപേരുടെ ചിലവ് കഴിയ്ക്കണം, വാർദ്ധക്യം കൊണ്ടു പ്രയാസപ്പെടുന്ന ബാപ്പയും ഉമ്മയും പിന്നെ കെട്ടിയോളും മകൾ പാത്തുമ്മയും താനും.

പുഴയ്ക്ക്ക്കരെയുള്ള സാറയാണ് പാത്തുമ്മയോടു പറഞ്ഞത്:

“നിയ്യ് കോയ്ക്കോട്ട് പോയി നോക്ക് എവിടേങ്കിലും എന്തേങ്കിലും പണി കിട്ട്യാന്ന്...”

മൂരി വണ്ടിക്കാരൻ കോരേട്ടനും ലോറിക്ലീനർ ദേവനുമാണ് വാപ്പയുടെ അടുത്ത കൂട്ടുകാർ. അങ്ങിനെയാണ് പാത്തുമ്മതന്നെ നേരിട്ട് മൂരിവണ്ടിക്കാരൻ കോരുമൂപ്പനോട് കോഴിക്കോട്ട് അങ്ങാടിയിൽ എവിടെയെങ്കിലും ഒരു വീട്ടുപണി ശരിയാക്കി കൊടുക്കുമോ എന്ന് അന്വേഷിച്ചത്.

കോരുമൂപ്പൻ ശരിയാക്കാമെന്നു ഉറപ്പുപറഞ്ഞില്ല. പക്ഷെ “വന്നു നോക്കു” എന്ന് പറഞ്ഞപ്പോൾ അയാൾ എവിടെയെല്ലാമോ അന്വേഷിച്ചു എന്ന് പാത്തുമ്മയ്ക്ക് മനസ്സിലായി. അങ്ങിനെയാണ് പാത്തുമ്മ കോരുമൂപ്പന്റെ മൂരിവണ്ടിയിൽ കോഴിക്കോട്ടെക്ക് പോകാൻ രാവിലെത്തന്നെ പുഴയിലിറങ്ങി കുളിച്ചുകൊണ്ടു ഒരുക്കങ്ങളാരംഭിച്ചത്.

പാത്തുമ്മതന്നെയാണ് കോയ്ക്കോട്ടേക്ക് കോരുമൂപ്പന്റെ വണ്ടിയിൽ പോകുന്ന കാര്യവും എവിടെയെങ്കിലും പണിശരിയാക്കിത്തരാൻ കോരുമൂപ്പൻ ശ്രമിക്കാമെന്ന് പറഞ്ഞകാര്യവും ലീലയോട് പറഞ്ഞത്. അത് പറഞ്ഞ് രണ്ട് ദിവസങ്ങൾ കഴിഞ്ഞു.

“നാളെ കോരേട്ടന്റെ കൂടെ ചെല്ലാമ്പറഞ്ഞൂട്ടോ.”

തലേന്നാൾ പാത്തുമ്മ ലീലയോട് പറഞ്ഞിരുന്നു. അതുകേട്ട ഉടനെ ലീലയുടെ തലച്ചോറിലൂടെ ഓടിയെത്തിയത് പാത്തുമ്മയുടെ കൂടെ കോയ്ക്കോട്ടേ”ക്ക് പോയി നോക്കിയാലോ എന്നതായിരുന്നു. ആദ്യം ചോദിയ്ക്കാൻ അല്പം മടി തോന്നി. പിന്നെ രണ്ടും കല്പ്പിച്ചാണ് അവൾ ഇപ്പോൾ ചോദിച്ചത്:

യ്യ് വന്ന് നോക്ക്. കോരേച്ചൻ സമ്മതിച്ചാ യ്യും വന്നോ.”

പാത്തുമ്മ പറഞ്ഞു.

“സ്ക്കൂൾ കുട്ട്യോള് പോകുന്ന സമയത്ത് കുരുവട്ടൂര് അങ്ങാടിലെത്തണം. പോക്കറ്ക്കാന്റേം ഗോപാലേട്ടന്റേം പീടികേന്ന് കുരുമുളകും തേങ്ങ്യേം എടുത്ത് കേറ്റാൻ കോരേച്ചൻ ആടെ വണ്ടി നിർത്തും. അപ്പൊ നമ്മക്ക് വണ്ടീൽ കേറാം.”

പാത്തുമ്മ പറഞ്ഞു.

“യ്യ് ന്നെ വിളിക്കണേ...”

സ്വന്തം വീട്ടുമുറ്റത്തെത്തിയപ്പോൾ ലീല അടുത്ത വീട്ടിലേക്ക് കയറുന്ന പാത്തുമ്മയോട് ഉച്ചത്തിൽ പറഞ്ഞു. അടുത്തടുത്ത വീട്ടുകാരാണെങ്കിലും പാത്തുമ്മയുടെ വീട്ടിൽ നടക്കുന്നതൊന്നും ലീലയ്ക്ക് കാണാൻ കഴിയില്ല. വിരിയിട്ട് മറച്ചു വെച്ച ജനലുകളാണ് പാത്തുമ്മയുടെ വീടിനുള്ളത്. അത് മാപ്പിളമാരുടെ പതിവാണ്. അകത്തു നടക്കുന്നത് പുറത്തുള്ളവർ അറിയരുത് എന്ന്.

“യ്യ് വേം റെഡിയായിക്കോ. കോരച്ചൻ ഗോപാലേട്ടന്റെ പീട്യേന്ന് കുരുമുളക് കയറ്റാൻ നിർത്തും. പിന്നെ പോക്കറ്ക്കാന്റെ പീട്യേന്ന് തേങ്ങ കേറ്റാനുണ്ടാകും. അവിടേന്ന് മ്മക്ക് കയറാം.

“കോരേച്ചൻ ന്നെ കെറ്റ്വൊ പാത്തുമ്മേ....?”

ലീലയ്ക്ക് സംശയമായിരുന്നു. ലീലയുടെ കാര്യമെല്ലാം അറിയാമെങ്കിലും കോയ്ക്കോട്ടങ്ങാടിയിലേക്ക് തന്നേം കൊണ്ടു പോവണമെന്നു ലീല ആവശ്യപ്പെട്ടിട്ടില്ലല്ലോ.

“കോരേട്ടൻ ദ്വേഷ്യപ്പെട്വോ പാത്തുമ്മേ..? ലീലയ്ക്ക് സംശയം തീരുന്നില്ല. മുൻകൂട്ടി പറയാതെ പാത്തുമ്മേടെ കൂടെ കൂടിയാൽ പാത്തുമ്മേനെ കോരേച്ചൻ ദ്വേഷ്യപ്പെടുമോ എന്നും ലീലയ്ക്ക് സംശയം വന്നു.

രണ്ടു പേരും പെട്ടെന്ന് വസ്ത്രങ്ങൾ ധരിച്ച് തെയ്യാറായി. കോഴിക്കോട് റോഡ് പുഴയുടെ അക്കരെയാണ്. പുഴകടന്ന് അമ്പലത്തിന്റെ മുന്നിലുള്ള ഇടവഴിയിൽകൂടി റോഡിലേക്ക് കയറണം.

അല്പസമയം കൊണ്ട് ലീല മുണ്ടും ബ്ലൗസും ധരിച്ചു തയ്യാറായി. പാത്തുമ്മയുടെ വീടിന്റെ ഉമ്മറത്തെത്തി. ചുകന്ന ബ്ലൗസും നീല സാരിയും ധരിച്ച് പാത്തുമ്മ തെയ്യാറായി കാത്തുനിൽക്കുകയായിരുന്നു.

ലീലയുടെ തോളിൽകൂടി മാറിടം മറച്ച തോർത്തുമുണ്ടിന്റെ നേരെ നോക്കി പാത്തുമ്മ പരിഹാസത്തോടെ ചോദിച്ചു.:

“യ്യ് ന്തിനാ തോർത്തിട്ടത്? യ്യ് മാപ്പിളച്ചി ആവ്വാ...?”

“മാപ്പിളച്ചി ആവല്ല. നിയ്ക്ക് റൌക്ക ഒന്നും ല്ല പാത്തുമ്മേ... യ്യ് നോക്ക്... ഞാൻ ബ്ലൌസ് മാത്രമാണ് ഇട്ടിട്ടുള്ളത്. തോർത്തിട്ടില്ലെങ്കി മൊല പുറത്തു കാണ്വോന്ന് പേടിച്ചാ...”

“എങ്ങിന്യാ മൊല പൊറത്തു കാണ്വാ...? റൌക്ക ഇല്ലെങ്കിലും ബ്ലൌസിട്ടിട്ടില്ലെ? അത് പോരെ?”

“അതോണ്ടല്ല. ബ്ലൊസ് ചെറുതാ. മുല അതില് ഒതുങ്ങി നിക്കൂല്ല.”അല്പം ചിരിച്ചുകൊണ്ട് ലില തുടർന്നു.

“നെന്റെ മേലേനേക്കാളും വല്യ മൊലല്യെ ന്റെ മൊല...?”

ലീല കൈകൊണ്ട് വലുപ്പം കാണിച്ചുകൊണ്ടു പുഞ്ചിരിയോടെ ചോദിച്ചു.

“എന്തായായലും വേം വാ.....

പാത്തുമ്മ വേഗം നടന്നു.

“തോണിക്കാരൻ മാധവേട്ടൻ ഇപ്പം ഇക്കരയുണ്ടാവ്വോ പാത്തുമ്മേ....?”

ലീല സംശയത്തോടെ ചോദിച്ചു. പുഴ കടന്ന് അക്കരെയെത്തി അമ്പലത്തിന്നു മുന്നിലുള്ള ഇടവഴിയിൽ കൂടി വേണം കോഴിക്കോട് റോഡിലെത്താൻ. ഇടവഴി ചേരുന്നിടത്ത് റോഡിന്ന് ഒരു കയറ്റമാണ്. അതുകൊണ്ടു മൂരിവണ്ടി സാവധാനത്തിലേ മുന്നോട്ടു പോകു.

ഇടവഴി റോഡിലെത്തുന്ന സ്ഥലത്ത് മൂരിവണ്ടിയെത്തിയാൽ വണ്ടി അവിടെ നിർത്തിയിടാൻ കോരുമൂപ്പർക്ക് പ്രയാസമാണ്.- കയറ്റമാണല്ലൊ മുന്നിൽ. അതിനാൽ കോരുവേട്ടൻ വണ്ടിയുമായി എത്തുന്നതിനുമുമ്പ് അവിടെയെത്തി കാത്തുനിൽക്കണം.

മാധവേട്ടൻ തോണിയുമായി കടവിൽതന്നെയുണ്ടായിരുന്നു. കുന്ദമംഗലം സ്ക്കൂളിൽ പഠിക്കുന്ന നാലഞ്ചു കുട്ടികൾ തോണിയിൽ കയറാൻ കാത്തുനിൽക്കുക

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

യായിരുന്നു തോണിക്കാരൻ മാധവേട്ടൻ.

"എല്ലാ കുട്ട്യോളും എത്ത്യോ?" മാധവേട്ടൻ തോണിയിൽ കയറാൻ തുടങ്ങിയ കുട്ടികളോടു ചോദിച്ചു.

"ല്യാ... ഒരാളും കൂടിണ്ട്.... മ്മടെ രാജൻ" കടവിനോട് തൊട്ടപറമ്പിന്റെ പിന്നിലുള്ള പറമ്പിലെ വീട്ടിലെ കുട്ടിയാണ് രാജൻ. രാജൻ എന്നും അല്പം താമസിച്ചാണ് എത്തുന്നത്. കാരണം രാജന് രാവിലെ കഞ്ഞി കിട്ടാൻ വൈകും.

രാജൻ ഓടിയെത്തിയ ഉടനെ മാധവേട്ടൻ തോണി നീക്കി.

കുട്ടികൾ തോണിയിൽ വിലങ്ങനെ പാകിയിട്ട മരപ്പലകക്കഷ്ണങ്ങളിൽ ഇരുന്നു. പാത്തുമ്മയും ലീലയും തോണിയുടെ വശങ്ങളിലും ഇരുന്നു. രണ്ടു വശത്തും വേറെ യാത്രക്കാരുമുണ്ടായിരുന്നു.

"തോണി പുഴക്കടവിൽകൂടി സഞ്ചരിച്ച് പുഴ കടന്ന് എതിർക്കരയിലെത്താൻ ഏതാണ്ട് കാൽമണിക്കൂറാണ് സമയം. ആ സമയത്ത് സ്ത്രീകൾ തമ്മിൽ അധികം സംസാരിക്കരുതെന്നാണ് കടത്തുകാരന്റെ നിർദ്ദേശം. കാരണം സ്ത്രീകൾ അന്യോന്യം സംസാരിക്കുമ്പോൾ ചിലപ്പോൾ അറിയാതെ ആഗ്യംങ്ങൾ കാണിക്കും- അത് തോണിയുടെ അനാവശ്യചലനങ്ങൾക്ക് വഴിതുറക്കും.

അക്കരെയെത്തി തോണി നിർത്തിയ ഉടനെ പാത്തുമ്മ ചാടി ഇറങ്ങികൊണ്ടു പറഞ്ഞു.

വേം വാ ലീലേ...കോരച്ചൻ എത്ത്യാ കാത്തുനിൽക്കില്ല- പോയിക്കളയും. അതിനുമുമ്പ് നമ്മള് അവിടെ എത്തണം.

തോണിയിറങ്ങി അമ്പലത്തിനു മുന്നിൽക്കൂടി പോകുന്ന ഇടവഴിയിൽകൂടി തോണിയിൽ വന്ന കുട്ടികളും ആൾക്കാരും നേരെ കോഴിക്കോട്- വയനാട് റോഡിലേക്ക് കയറി. ഇടവഴിയിൽനിന്ന് റോഡിലേക്ക് കയറുന്ന സ്ഥലത്ത് കരിങ്കല്ലുകളും വെട്ടുകല്ലുകളുംകൊണ്ട് പടവുകൾ നിർമ്മിച്ചിരുന്നു. അല്പം ഉയരം മാത്രമേ ഉള്ളു. പക്ഷേ പടവുകളില്ലെങ്കിൽ കുട്ടികൾക്കും സ്ത്രീകൾക്കും കയറ്റം കയറാൻ പറ്റില്ല.

റോഡിലെത്തിയ ഉടനെ പാത്തുമ്മ കിഴക്കോട്ടു നോക്കി; വണ്ടി വരുന്നുണ്ടോ എന്നറിയാനാണ്. അവിടെ നിന്ന് നോക്കിയാൽ കുരുവട്ടൂരങ്ങാടിയിലെ മാളികപ്പീടികകളുടെ മേൽക്കൂരകൾ കാണാം. റോഡ് അങ്ങാടിയിലേക്ക് കടക്കുന്ന സ്ഥലത്ത് ഒരു വളവാണ്. ആ വളവിൽ റോഡരികിൽ ഒരു വലിയ മാവുണ്ട്. മാവിൽ മാങ്ങയുള്ള കാലമായതുകൊണ്ട് മാവിൻകൊമ്പത്ത് പരുന്തുകളും കാക്കകളും തമ്പടിച്ചിരിക്കുകയാണ്. കൊച്ചുമാങ്ങ കൊത്തിത്തിന്നുന്ന പരുന്തുകളെ സൂക്ഷിച്ചു നോക്കിയാൽ കാണാം.

ഇടവഴി റോഡിനോട് ചേർന്ന ഭാഗത്തിന്റെ എതിർവശത്തേക്ക് പാത്തുമ്മയും ലീലയും ധൃതിയിൽ നടന്നു. കോഴിക്കോട്ടേക്ക് പോകുന്ന വണ്ടികൾ റോഡിന്റെ ആ വശം ചേർന്നുകൊണ്ടാണ് നീങ്ങുക- ഇടതുവശം ചേർന്ന കൊണ്ട്.

"പാത്തുമ്മ എന്താ കയ്ച്ചീന്നത്?"

ലീല പ്രഭാതഭക്ഷണത്തെപ്പറ്റിയാണ് സംസാരിക്കുന്നതെന്നറിഞ്ഞ പാത്തുമ്മ പറഞ്ഞു.

"ഇന്നലെ രാത്രീല് നെയ്ച്ചോറുണ്ടാക്കീര്ന്നു. അത് കുറച്ച് ബാക്കി വെച്ചു. അത് ഒന്ന് ചൂടാക്കിയി തിന്നു. പിന്നെ ഒരു കട്ടൻ കാപ്പിയും കുടിച്ചു. നിയ്യെന്താ തിന്നത്?"

"ഞാന് എന്ത് തിന്നാനാ പാത്തുമ്മാ..."ലീല പറഞ്ഞു.

"രാത്രീന്റെ കഞ്ഞി കൊറച്ച് ബാക്കിണ്ടാർന്നു.. അത് പഴക്കം തോന്നാതിരിക്കാൻ ഒന്ന് ചൂടാക്കി അത് ന്നെ"

പാത്തുമ്മ കിഴക്കോട്ടു നോക്കി. കോരുമൂപ്പന്റെ മൂരിവണ്ടി വരുന്നുണ്ടോ എന്നായിരുന്നുകണ്ണുകൾ അന്വേഷിച്ചത്. കുറച്ചു സമയം കഴിഞ്ഞപ്പോൾ നിരത്തിന്റെ കിഴക്കേ അറ്റത്തേ വളവിൽ നിന്ന് ഒരു മൂരിവണ്ടി വരുന്നത് കണ്ണിൽപ്പെട്ടപ്പോൾ പാത്തുമ്മ പറഞ്ഞു.

"അതാ ... കോരച്ചന്റെ വണ്ടി തന്ന്യാ. അല്പം താമസിച്ചാ മ്മക്ക് വണ്ടി കിട്ടൂലായിരുന്നു..."

അവർ കോരുമൂപ്പന്റെ വണ്ടി കാത്തുനിന്നു.

"വണ്ടി ഇവിടെ എത്താൻ നല്ല സമയം വേണ്ടെ? ഇങ്ങനെ പോയാ കോയ്ക്കോട്ട് എപ്പളാ എത്ത്വാ...?"

"കോയ്ക്കോട്ട് ഉച്ചയ്ക്ക് മുമ്പ് എത്തും. തേങ്ങേം വാഴക്കൊലേം വല്യങ്ങാടീലെ പാണ്ട്യാലേല് എത്തിച്ച് ഇങ്ങോട്ടുള്ള സാധനങ്ങള് കേറ്റി ഉച്ചയ്ക്കുതന്നെ മടങ്ങും..."

"അപ്പം പാത്തുമ്മ എന്താ ചെയ്യാ.....?"

"ഇനിയ്ക്ക് പണിയ്ക്ക് വേണ്ടി ഒരു മൂപ്പനെ ..."

പാത്തുമ്മ അർദ്ധോക്തിയിൽ നിർത്തി.

"ആരെ കാണ്വാണേലും എന്ന്യേം വിളിക്കണേ പാത്തുമ്മേ...."

"ഞാൻ പറയാം. പക്ഷേ കോരുമൂപ്പനെക്കൊണ്ടു പറയിക്കുന്നതാ നല്ലത്."

പാത്തുമ്മ മൂരിവണ്ടിയുടെ മുന്നിൽ രണ്ടു മൂരികളുടെ മൂക്കിൽക്കൂടി കയറ്റിയ വെള്ളച്ചരട് കൈകൊണ്ട് വലിച്ചുകൊണ്ടിരിക്കുന്ന കോരുമൂപ്പന്റെ നേരെ നോക്കികൊണ്ട് ചോദിച്ചു.

"കോരുമൂപ്പാ... ലീലയ്ക്ക് എന്തെങ്കിലും ചെയ്യാൻ കയിയ്യോ?"

"ഇവളേട്ത്തേതാ പാത്തുമ്മേ?" കോരുമൂപ്പൻ ചോദിച്ചു.

"ന്റെ പൊരേന്റെ തോട്ടതാ മൂപ്പാ. ന്റെ ഉപ്പേടെ വല്യ ചങ്ങാത്യാ ഇവള്ടെ അച്ഛൻ. അതുകൊണ്ടാ ഞാൻ കൂട്ട്യേത്. ഇവൾക്കും ഒരു പണി കൊടുപ്പിക്കണം, ട്ടോ..."

"ആരോടാ പരയ്യാ പാത്തുമ്മക്കുട്ട്യേ?"

നെന്റെ കാര്യം പിന്നെ വല്യങ്ങാടീലെ കച്ചോടക്കാരോടൊ മൂപ്പമ്മാരോടോ പറയ്യാം. കച്ചോടക്കാരധികൊം മാപ്പിളമാരാ. ആളെ സഹായ്ക്കുന്നആൾക്കാരാ എല്ലാവരും. പിന്നെ മാപ്പിളമാർടെ വീട്ടിലേക്ക് നെന്നെം വിളിച്ചൂടാന്നും ല്യാ.."

"അതെന്താ അങ്ങിനെ...?"

"ഒന്നുംല്യാ.. എല്ലാ വീട്ടിലും കൂടെ നിൽക്കാൻ ആൾക്കാരെ വേണ്വേരിയ്ക്കും..... എല്ലാവരും പണംള്ള കച്ചോടക്കാരാ..."

"ന്നാലും ലീലേടെ ജാതീലെ കച്ചോടക്കാരുംണ്ടാവൂല്ലെ...? പറഞ്ഞുനോക്കാൻ പറ്റില്ലെ...?"

"നോക്കാ... ഒറപ്പ് ഒന്നും പറയ്യാൻ പറ്റൂല്ലാന്ന് മാത്രം"

മുന്നിൽ നില്ക്കുന്ന അനിശ്ചിതമായ ഭാവിയെപ്പറ്റി ചിന്തിച്ചുകൊണ്ട് ലീല വണ്ടിയിൽ നിറച്ചുവെച്ച പൊളിക്കാത്ത തേങ്ങക്കൂട്ടത്തിലെ ഒന്നിലേക്ക് തലചായ്ച്ചു. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ചെറുകഥ

# ഒരു അത്ഭുത കഥ

സത്യചന്ദ്രൻ പൊയിൽക്കാവ്

**ഹരിശ്രീ ഗണപതായേ നമഃ**

കുഞ്ഞുണ്ണി ഗുരുവായൂരപ്പന്റെ വലിയ ഭക്തനാണ് എല്ലാ മാസവും ഒന്നാം തിയ്യതി തന്നെ ഗുരുവായൂരിൽ പോകും. ഇതിനായി മറ്റെന്തും മാറ്റിവയ്ക്കുകയോ ഒഴിവാക്കുകയോ ചെയ്യും. അവന്റെ അച്ഛനായ കൃഷ്ണേട്ടനാവട്ടെ വലിയ നിരീശ്വരവാദിയാണ്. പഴയ വിപ്ലവകാലത്തിന്റെ അനുയായിയാണ് ഇപ്പോൾ പ്രസീതാ സൈക്കിൾ ഷോപ്പ് നടത്തുകയാണ്. മകനെ ലീഡർ എന്നാണ് വിളിക്കുക കാരണം ഗുരുവായൂരപ്പന്റെ ഭക്തനായതും ഒന്നാം തിയ്യതിലെ യാത്രയും അമ്മ സരസയും അനിയത്തി പിങ്കിയെന്ന ഐശ്വരയും ചേർന്നതാണ് കുഞ്ഞുണ്ണിയുടെ കുടുംബം അച്ഛനും മകനും തമ്മിൽ കണ്ടാൽ ദൈവങ്ങളുടെ പേരിലുള്ള ചർച്ചയാണ് എപ്പോഴും ഇതിൽ നിന്നും രക്ഷപ്പെടാൻ ടി.വി ഓൺ ചെയ്യുകയാണ് പിങ്കിയുടെ ബുദ്ധി.

ഒരിക്കൽ ഒരു ഗുരുവായൂർ യാത്ര കഴിഞ്ഞ് തിരിച്ചു വരുമ്പോൾ കുഞ്ഞുണ്ണി സത്യഭാമയെ പരിചയപ്പെട്ടു അവൾക്കാണെങ്കിൽ പറയത്തക്ക ബന്ധുക്കളായി ആരുമില്ല അമ്മയും ഒരു അനിയനും മാത്രം. ഇരുപതു വയസ്സിനപ്പുറം ജീവിക്കുകയില്ല എന്നു വൈദ്യശാസ്ത്രം വിധിയെഴുതിയ അനിയന്റെ ആയുസ്സിനായാണ് അവൾ ഗുരുവായൂരപ്പനെ തൊഴാൻ എല്ലാ മാസവും വരുന്നത്. കുറ്റിപ്പുറത്തുകാരിയായ അവൾ തനിച്ചായിരുന്നു ഗുരുവായൂരിൽ വന്നുപോയിരുന്നത് അവളുടെ യാതനകൾ അറിയാവുന്ന ബസ് കണ്ടക്ടറായ ശിവേട്ടനായിരുന്നു ആ യാത്രയുടെ സുരക്ഷിതത്തിന്റെ മേൽനോട്ടം.

കുഞ്ഞുണ്ണിയെ പരിചയപ്പെട്ട കാര്യവും അവൾ ശിവേട്ടനെ അറിയിച്ചു. മാത്രമല്ല അടുത്ത തവണ അവനെ പരിചയപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.



സത്യഭാമയുടെ കുടുംബത്തെ സഹായിക്കാൻ എന്താണ് വഴിയെന്ന് കുഞ്ഞുണ്ണി കൂട്ടുകാരുമായി ആലോചിച്ചു. നന്ദൻ, നെബീൽ, ഉമേഷ് എന്നിവരായിരുന്നു അവന്റെ കൂട്ടുകാർ. കൂട്ടത്തിൽ പറയാൻ മറന്ന ഒരു കാര്യം കുഞ്ഞുണ്ണി ഒരു ഇലക്ട്രോണിക്സ് വിദഗ്ദനാണെന്ന കാര്യമായിരുന്നു. ഹോട്ടൽ ഉഷാരയ്ക്കടുത്തുള്ള വിനോദേട്ടന്റെ ഫാരഡെ ഷോപ്പിലെ ഒരേ ഒരു സ്റ്റാഫാണവൻ വിനോദേട്ടനാവട്ടെ കുട്ടികളില്ലാത്തതിനാൽ ചികിത്സയുമായി ദീർഘ ദൂര യാത്രകളിലാവും കടയിലെ കാര്യങ്ങൾ കുഞ്ഞുണ്ണി തന്നെയാണ് നോക്കുന്നത്.

അങ്ങനെയിരിക്കെയാണ് ഒരു ഒന്നാം തിയ്യതി ലാപ്ടോപ്പ് മോഷണത്തിന്റെ പേരിൽ സത്യഭാമയെ പോലീസ് പിടികൂടുന്നത് കൂനിന്മേൽ കുരു എന്ന പോലെ ആ സംഭവം ആ കുടുംബത്തെ അതുലച്ചു കളഞ്ഞു.കുഞ്ഞുണ്ണി അറിയുമ്പേഴേക്കും സത്യഭാമയെ ഒരു മോഷണക്കാരിയായി തന്നെ നാട്ടുകാർ കരുതിക്കഴിഞ്ഞിരുന്നു. അവളുടെ ഭക്തി വെറും കാപട്യമായി അവർ വിധിയെഴുതി. എന്നാൽ കുഞ്ഞുണ്ണി അവളെ കണ്ട് കാര്യങ്ങൾ കാര്യങ്ങൾ ചോദിച്ചറിഞ്ഞു.

ശിവേട്ടൻ എന്ന കണ്ടക്ടർ നാട്ടിൽ ഏൽപ്പിക്കാൻ തന്ന ഒരു കവർ ഞാൻ കൈവശം വച്ചതാണ്. കുഴപ്പമായത് ബസിൽ വെച്ച് കവർ മാറ്റിപ്പോയതാണ് പ്രശ്നമായത്. ലാപ്ടോപ്പുമായി സഞ്ചരിച്ചിരുന്ന നാടോടിയായ യാത്രക്കാരൻ യൂസഫ് അത് തിരിച്ചറിഞ്ഞ് പരാതി പിൻവലിക്കുന്നു മാത്രമല്ല തന്റെ ഉടമസ്ഥതയിലുള്ള ആയുർവേദ ഹോസ്പിറ്റലിൽ സത്യഭാമയുടെ അനിയനെ ചികിത്സിക്കാനുള്ള സൗകര്യം ചെയ്തു തരാമെന്നും അറിയിക്കുന്നു... അദ്ദേഹത്തിനു നന്ദി പറഞ്ഞുകൊണ്ട് കുഞ്ഞുണ്ണിയും സത്യഭാമയും തിരിച്ചു പോരുന്നു ഇത്തവണ അവരെ സഹായിക്കാൻ നിരീശ്വരവാദിയായ കൃഷ്ണേട്ടനുമുണ്ടായിരുന്നു. സത്യഭാമയുടെ അനിയൻ നവീനെ ഉടനെ തന്നെ യൂസഫ് ഡോക്ടറുടെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യാനുള്ള തയ്യാറെടുപ്പും അവർ നടത്തി.... രണ്ടു പേർക്കും ഒന്നിച്ച് ഗുരുവായൂർ യാത്ര ചെയ്യാനുള്ള സൗകര്യത്തിനായി സത്യഭാമയുടെ അമ്മയെ കാണാനായി അടുത്ത ദിവസം കൃഷ്ണേട്ടനും സരസേടത്തിയും കൂടി കുറ്റിപ്പുറത്തേക്ക് യാത്ര തിരിക്കുകയും ചെയ്തു. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കഥ



# റിട്ടയർ മെന്റ്

വിജയൻ. ഒ



സേതുമാധവന്റെ സെന്റ് ഓഫ് പരിപാടി ഇന്നാണ്; യാത്രയയപ്പുപരി പാടി ഓഫീസിൽവച്ചു തന്നെ നടത്താൻ തീരുമാനമായി. കാര്യപരിപാടികൾ എല്ലാം നിശ്ചയിച്ചുറച്ചു. സേതുമാധവൻ കുടുംബസമേതം ഓഫീസിൽ ഹാജരായി. കൃത്യം മൂന്നുമണിക്കു പരിപാടികൾ ആരംഭിച്ചു. സ്വാഗതപ്രാസംഗികൻ ചുരുക്കം ചില വാക്കുകൾ പറഞ്ഞു. അധ്യക്ഷം വഹിക്കുന്നതിനുവേണ്ടി സെക്ഷൻ ഓഫീസർ സാഹിർ സാറിനെ ക്ഷണിച്ചു. മോളിയും രാധാകൃഷ്ണനും സുധാകരനും സേതുമാധവന്റെ പ്രവർത്തനങ്ങളെ പ്രശംസിച്ചു കൊണ്ട് സംസാരിച്ചു. എസ്റ്റാബ്ലിഷ്മെന്റ് ക്ലാർക്കായ വാസന്തിയും ആ കൂട്ടത്തിൽ സംസാരിച്ചു. "സേതുമാധവൻ സാർ ഈ ഓഫീസിന്റെ ഒരുമുതൽ കൂട്ടായിരുന്നു. അദ്ദേഹത്തിന്റെ അടുത്തുനിന്നാണ് ഞാൻ ജോലിയൊക്കെ പഠിച്ചത്. അദ്ദേഹത്തിന്റെ റിട്ടയർമെന്റ് ജീവിതം. ശോഭനവും സുന്ദരവുമായിരിക്കട്ടെയെന്ന് ഞാൻ സർവ്വേശ്വരനോടു പ്രാർത്ഥിക്കുന്നു" ടവ്വലുകൊണ്ട് കൺകോണുകളിൽ പൊടിഞ്ഞ കണ്ണുനീർ തുടച്ചുകൊണ്ടാണ് വാസന്തി വാക്കുകൾ നിർത്തിയത്. അപ്പോൾ സേതുമാധവന്റെ കൺകോണുകളിൽ കണ്ണുനീർ ഉരുണ്ടുകൂടിയത് ആരും ശ്രദ്ധിച്ചില്ല. എല്ലാകാര്യത്തിലും വാസന്തിയും സേതുമാധവനും ഒരടുപ്പം ഉണ്ടായിരുന്നു. അത് എന്തായിരുന്നുവെന്ന് നിർവ്വചിക്കാൻ പറ്റാത്തതായിരുന്നു. ഒരു ദിവസം രണ്ടിലാരെങ്കിലും ലീവായാൽ ആ ദിവസം. ഒറ്റപ്പെട്ടതു പോലെയുള്ള അനുഭവമായിരുന്നു ഇത്. ഓഫീസ്സിൽ എല്ലാവർക്കും അറിവുള്ളതായിരുന്നു.

ആരെങ്കിലും അന്ന് ലീവായാൽ പ്യൂൺ രാമചന്ദ്രൻ എല്ലാവരോടുമായി ഉറക്കെ വിളിച്ചു പറയും. "ഇന്ന് വാസന്തി സാർ ലീവാണ് "ഇത് സേതുമാധവൻ കേൾക്കാൻ വേണ്ടിയാണ് എല്ലാവർക്കും അറിയാം.

നന്ദിപ്രകാശിച്ചുകൊണ്ട് സേതുമാധവൻ സംസാരിച്ചു. സംസാരത്തിൽ ഇടയ്ക്ക് കണ്ഠം ഇടറി വാക്കുകൾ മുഴപ്പിക്കാനാവാതെ കണ്ണുകളൊപ്പി സേതുമാധവൻ നിർത്തി. ചടങ്ങുകഴിഞ്ഞ് എല്ലാവരെയും വീട്ടിലേക്കു ക്ഷണിക്കാൻ സേതുമാധവൻ മറന്നില്ല.

കാറിലും ജീപ്പിലുമായ് ഏറെപ്പേർ വീട്ടിൽ വന്നു. അവർക്കു വേണ്ട ആഹാരം വീട്ടിൽ ഒരുക്കിയിരുന്നു. പോകാൻ നേരത്ത് വാസന്തി ഒരിക്കൽ കൂടി തിരിഞ്ഞു നോക്കുന്നതു കണ്ടു. എന്തോ ഒരു വൈകാരികഭാവം അയാൾക്ക് അനുഭവപ്പെട്ടു. അന്ന് ഏറെ വൈകിയാണ് ഉറങ്ങാൻ കിടന്നത് നീണ്ട 30 വർഷത്തെ അനുഭവങ്ങൾ ഒരു ഫ്ളാഷ് ബാക്കിലൂടെന്നവണ്ണം ഓർമ്മയിൽ കൂടി കടന്നു പോയി. ദിവസങ്ങൾ വീണ്ടും കടന്നുപോയി ഇപ്പോൾ റിട്ടയർ ചെയ്തിട്ടു ഒരാഴ്ച കഴിഞ്ഞിരിക്കുന്നു. പതിവുശീലങ്ങളൊക്കെ തെറ്റാൻ തുടങ്ങിയിരിക്കുന്നു.


രാവിലെ നേർത്തെ എഴുന്നേൽക്കുന്ന ശീലമൊക്കെ മാറിയിരിക്കുന്നു.

ഇന്ന് തിങ്കളാഴ്ചയാണ്. ഉത്സാഹത്തോടെ നേരത്തെ എഴുന്നേറ്റ് കുളിച്ച് റെഡിയായി. നരബാധിച്ചു തുടങ്ങിയ മുടി കറുപ്പിക്കാൻ മറന്നില്ല. ഇന്ന് ഓഫീസിൽ പോകണം. പെൻഷൻ കടലാസു ശരിയാക്കുന്നതിനേക്കാൾ എല്ലാവരെയും കാണുവാനുള്ള ആകാംഷയായിരുന്നു. അവർ ഓടിവന്നു സ്വീകരിക്കുന്ന രംഗം അയാൾ ഭാവനയിൽ കണ്ടു. ഓഫീസിൽ എല്ലാവരും എത്താൻ 11 മണിതന്നെയെങ്കിലും ആവും. ബസ്സ്റ്റോപ്പിൽ ബസ്സ് കാത്തു നിൽക്കുമ്പോൾ ചിന്ത ഓഫീസ്സിനെ കുറിച്ചായിരുന്നു. വാസന്തി എന്തുചെയ്യുകയായിരിക്കും- തന്നെ കാണുമ്പോൾ എന്തായിരിക്കും പറയാനുണ്ടാവുക. ഒരാഴ്ചത്തെ ഒരുപാടുവിശേഷങ്ങൾ ഉണ്ടാവും. ബസ്സിറങ്ങി ഓഫീസിന്റെ പടികൾ കയറുമ്പോൾ ഹൃദയമിടിപ്പു വർദ്ധിച്ചതു പോലെ. എല്ലാവരും എത്തിയിട്ടുണ്ട്. ആരും തന്നെ ശ്രദ്ധിച്ച മട്ടില്ല. കണ്ടുകാണില്ല. വാസന്തി തല കുമ്പിട്ടു എന്തോ എഴുതുകയാണ്. മെല്ലെ വാസന്തിയുടെ സീറ്റിനരികിലേക്കു നടന്നു. അവൾപെട്ടെന്ന് തലയുയർത്തിഒരു ഭാവഭേദവും

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

മിനികഥ

# ഒരു വിനോദയാത്രയുടെ ഓർമ്മക്ക്



ചിത്രംപാട്ട് നീലകണ്ഠൻ

ഞങ്ങൾ കുറച്ചുപേർ വിനോദ യാത്രയായി വിദേശത്തേക്ക് പുറപ്പെട്ടു. നന്ദഗോപനായിരുന്നു സംഘത്തലവൻ. നന്ദഗോപന്റെ സഹോദരി സുനന്ദയും അമ്മയും സഹോദരിയുടെ കൂട്ടുകാരി അരുന്ധതിദേവിയും കൂടി ഉണ്ടായിരുന്നു. യാത്രപുറപ്പെടുന്നതിനു മുൻപ്തന്നെ അരുന്ധതിയുടെ അച്ഛൻ അവളുടെ കാര്യങ്ങൾ നോക്കാൻ എന്റെ സഹോദരിയെയാണ് ഏൽപ്പിച്ചിരുന്നത്. കാണാൻ കൗതുകമുള്ളൊരു കുട്ടി. വിവാഹിതനല്ലാത്ത എനിക്ക് ഒരു പക്ഷേ, വധുവായി അമ്മ സങ്കൽപ്പിച്ചിട്ടുണ്ടാകാം എന്നു ഞാനൂഹിച്ചു. സഹോദരി സുനന്ദക്കാണെങ്കിൽ അമ്മ കഴിഞ്ഞെമറ്റാരുമുള്ളു. അമ്മയെ ഞാനടക്കം മറ്റുള്ളവർ സ്നേഹിക്കുന്നത് അവൾക്ക് സഹിക്കാനാവുന്നതല്ല. ഒന്നുരണ്ടു ദിവസം കഴിഞ്ഞപ്പോൾ അരുന്ധതി അമ്മയുടെ അടുത്ത് മോളെപോലെ പെരുമാറാൻ തുടങ്ങി. സുനന്ദക്ക് അരുന്ധതിയുടെ പെരുമാറ്റം തീരെ സഹിച്ചില്ല. അവളുടെ സ്ഥാനത്ത് മറ്റൊരാൾക്ക് ഇടം കൊടുക്കുകയോ? രണ്ടുപേരും തമ്മിൽ വഴക്കും വക്കാണവുമായി.

ഒരു ദിവസം സുനന്ദ കുളിച്ചുവരുമ്പോൾ, അരുന്ധതി അമ്മയുടെ മടിയിൽ തലവെച്ച് എന്തൊക്കെയോ പറയുന്നതുകേട്ടു. അമ്മക്ക് മറ്റൊരു മകളെ കിച്ചിയതുപോലെയായിരുന്നു. സുനന്ദക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു ആ കാഴ്ച. പെട്ടെന്ന് അവളോട് ദേഷ്യപ്പെട്ട് സുനന്ദ വഴക്കടിച്ചു. "എന്റെ അമ്മയെ ഒരിക്കലും നീ അമ്മേ എന്നു വിളിച്ചു പോകരുത്." അവൾ താക്കീതു നൽകി. അന്നു രാത്രി അവളും അമ്മയും വേറൊരു മുറിയിലാണ് ഉറങ്ങിയത്. പിറ്റേന്ന് കടന്നൽകുത്തിയ മുഖംപോലെ ദേഷ്യപ്പെട്ടാണ് അവൾ അരുന്ധതിയോട് സംസാരിച്ചത്. അവളെ അമ്മയുടെ അടുത്ത് അടുപ്പിക്കാതിരിക്കാൻ പരമാവധി ശ്രദ്ധിച്ചുകൊണ്ടിരുന്നു. അരുന്ധതിക്കാണെങ്കിൽ കൂട്ടിനാരുമില്ലാത്തതിനാലും കൂട്ടുകാരി പിണങ്ങിയതിനാലും വലിയ സങ്കടം തോന്നി. അവൾ സങ്കടം സഹിക്കവയ്യാതെ കരഞ്ഞുകൊണ്ടിരുന്നു. അന്നു രാത്രി സുനന്ദ ഉറങ്ങിയപ്പോൾ അരുന്ധതിയെ വിളിച്ച് അമ്മ നടുവിലും അരുന്ധതി വലതുവശത്തും സുനന്ദ ഇടതുവശവുമായി കിടന്നുറങ്ങി. നേരം പുലർന്ന് സുനന്ദ കാണുന്നത് അരുന്ധതി അമ്മയെ കെട്ടിപ്പിടിച്ച് ഉറങ്ങുന്നതാണ്. അവൾ അത്രയ്ക്കും അമ്മയെ സ്വന്തമാക്കി കഴിഞ്ഞിരിക്കുന്നു. ഒരു നിമിഷം വഴക്കിന്റെ കാര്യം അവൾ മറന്നു. പിന്നീട് അവളുടെ അനുജത്തിയെപ്പോലെ ഓമനപ്പേര് വിളിക്കാൻ തുടങ്ങി. ചെറിയ, ചെറിയ കാരണങ്ങൾ പറഞ്ഞ് ഇണങ്ങിയും പിണങ്ങിയും യാത്ര തുടർന്നു. പിന്നെ എത്ര പിണങ്ങിയാലും കുറച്ചു കഴിഞ്ഞാൽ അവരൊന്നിക്കും. അങ്ങിനെ മിവസങ്ങൾക്കു ശേഷം യാത്ര കഴിഞ്ഞ് അവർ നാട്ടിൽ തിരിച്ചെത്തി. അരുന്ധതിയോട് മേൽവിലാസം വാങ്ങി സുനന്ദ വിഷമത്തോടെ പിരിഞ്ഞു. കുറച്ചു മിവസം കഴിഞ്ഞ് അരുന്ധതിയെ കാണാൻ വേണ്ടി സുനന്ദ മേൽവിലാസം തെരഞ്ഞു. മേൽവിലാസം നഷ്ടപ്പെട്ടതിനാൽ പിന്നീട് രണ്ടുപേർക്കും ബന്ധപ്പെടാൻ കഴിഞ്ഞില്ല. ആയിടക്കാണ് നന്ദഗോപന് വിവാഹാലോചന വരുന്നത് പ്രശ്നം അമ്മയുടെ അടുത്തെത്തി. പെണ്ണുകാണാൻ കാണാൻ വേണ്ടി ദിവസം നിശ്ചയിച്ചു അമ്മയും അമ്മാവനും സുനന്ദയും നന്ദഗോപനും കൂടി പെണ്ണിന്റെ വീട്ടിലെത്തി. അത്ഭുതമെന്നു പറയട്ടെ നമ്രശിരസ്കയായി ചായയുംകൊണ്ട് ചിരിച്ച അരുന്ധതി മുമ്പിൽ. ഒട്ടും സംശയിക്കാതെ സുനന്ദ അവളെ കണ്ട മാത്രയിൽ തന്നെ കെട്ടിപ്പിടിച്ച് തന്നിലേക്ക് ചേർക്കുകയായിരുന്നു. ■

---

കാണിക്കാതെ അവൾ വീണ്ടും എഴുതാൻ തുടങ്ങി. മെല്ലെ ഒന്ന് ഒച്ചയനക്കി. അവൾ പെട്ടെന്ന് തലയുയർത്തി ഒരു ഭാവഭേദവും കാണിക്കാതെ അവൾ വീണ്ടും എഴുതാൻ തുടങ്ങി. മെല്ലെ ഒന്ന് ഒച്ചയനക്കി. അവൾ വീണ്ടും തലയുയർത്തി.

"ങ്ങും എന്തോ..."

അപരിചിതപോലുള്ള ചോദ്യം. അയാൾ പറയാൻ തുടങ്ങി വാക്കുകൾ തൊണ്ടയിൽ ഉടക്കി. ഒന്നും മിണ്ടാനാവാതെ നില്ക്കുമ്പോൾ തന്നെ അവൾ തലയുയർത്താതെ തുടർന്നു. "കഴിഞ്ഞാഴ്ച റിട്ടയർ ചെയ്തിട്ടല്ലെ ഉള്ളൂ, പെൻഷൻ കടലാസുകൾ ശരിയാകാൻ ഒരു മാസം കഴിഞ്ഞിട്ടു വരൂ" പിന്നെ അവിടെ നിൽക്കേണമെന്നു തോന്നിയില്ല. ഒരു ചടങ്ങിനെന്ന പോലെ മറ്റുള്ളവരും കുശലന്വേഷണം നടത്തി. ഞെട്ടലും മരവിപ്പു ഒരു പോലെയായിരുന്നു. ഭൂമി പിളർന്നു താഴേക്ക് പോയെങ്കിൽ ഒരു നിമിഷം ആലോചിച്ചു പോയി.

ഓഫീസർ സാഗർ സർ അടുത്തേക്കുവന്നു. കാര്യങ്ങളൊക്കെ തിരക്കി. പെൻഷൻ നടപടികൾ എത്രയും വേഗം തീർക്കാമെന്ന് താൻ പറയാതെ തന്നെ അദ്ദേഹം പറഞ്ഞു. ചുരുക്കി പറഞ്ഞാൽ എല്ലാവരെയും ഒന്നു കാണുക എന്ന ഉദ്ദേശമേ ഉണ്ടായിരുന്നുള്ളൂ. റിട്ടയർമെന്റ് അധികാരവും സ്ഥാനവും നഷ്ടപ്പെട്ട രാജാവിന്റെ സ്ഥിതിയായിരുന്നു.

അധികം ആരോടും മിണ്ടാതെ ഇറങ്ങി നടന്നു. എതിരെ മുൻവർഷത്തിൽ പിരിഞ്ഞുപോയ നാരായണൻ വരുന്നു. "എന്താ നാരായണാ വിശേഷം." വെറുതെ ചോദിച്ചു. അദ്ദേഹത്തിന്റെ പെൻഷൻ കടലാസ്സുകൾ അയക്കാതെ മാസങ്ങളോളം മേശപ്പുറത്ത് വെച്ച് വൈകിപ്പിച്ച തന്നോട് നീരസത്തോടെ നാരായണൻ പറഞ്ഞു.

"എന്താ സാറെ റിട്ടയർമെന്റ് ജീവിതം?." തെല്ലുപരിഹാസത്തോടെയുള്ള ചോദ്യത്തിന് ഒന്നും മിണ്ടാതെ സേതു മാധവൻ ഇറങ്ങി നടന്നു. ■


Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ചെറുകഥ

# വിഭ്രാന്തി



ഇന്ദിരാദേവി
നെല്ലിക്കോട്



ഈ സീതയ്ക്ക് എന്തുപറ്റി; എല്ലാവരുടേയും ദുഃഖം അവളെന്തിനാണ് കേട്ട് മനസ്സ് വേദനിപ്പിക്കുന്നത്; സഹോദരങ്ങൾക്കും മക്കൾക്കും ചോദിയ്ക്കുവാനുള്ളത് ഇത് തന്നെ. അവളും വിചാരിയ്ക്കും ഒന്നും ഞാൻ ശ്രദ്ധിക്കില്ല. താങ്ങാനാവുന്നില്ല. തനിയ്ക്കു തന്നെ വേണ്ടതുണ്ട്. സീതയെക്കാൾ മനക്കട്ടി അവർക്കെല്ലാമുണ്ടോ? എവിടെ പോയാലും ആരെങ്കിലും അവരുടെ ദുഃഖകഥ സീതയോടുതന്നെ പറയും. മറ്റുള്ള ആളുകളോടെന്താണ് പറയാത്തത്; വീടും നാടും ചോദിയ്ക്കും. പരിചയപ്പെടും. മുഖലക്ഷണമാണോ? അവളുടെ ദൃഷ്ടി ആരുടെയെങ്കിലും മുഖത്ത് പതിച്ചാൽ പരിചയം നടിയ്ക്കും. ചിരിയ്ക്കും സംസാരിയ്ക്കും. എല്ലം അല്പനേരത്തേയ്ക്കാണെങ്കിലും അങ്ങനെയേ സംഭവിയ്ക്കൂ. ഇപ്പോഴത്തെ സ്ത്രീകളേയും വിശ്വസിയ്ക്കാൻ പറ്റില്ലല്ലോ.

അടുത്തായി സീത സഹോദരി ലതയേയും കൂട്ടി ആസ്പത്രിയിൽ പോയി.വലിയ തിരക്കായിരുന്നു. ലതയുടെ സാമർത്ഥ്യത്തിൽ ടോക്കൺസംഘടിപ്പിച്ചു ഡോക്ടറെ കണ്ടു. രക്ത പരിശോധനയ്ക്ക് ലാബിന്റെ മുന്നിൽ ഇരിയ്ക്കുമ്പോൾ അടുത്തുള്ള ഒരു യുവതി സീതയെ തൊട്ടുവിളിച്ച് നിങ്ങളുടെ നാട്ടിൽ ഏതെങ്കിലും നല്ല ജ്യോത്സ്യനുണ്ടോ എന്തന്വേഷിച്ചു. അറിയുന്ന ചിലരെ പറ്റി പറഞ്ഞെങ്കിലും അവിടെയെല്ലാം അവൾ പോയിട്ടുണ്ട്. ഒരു മനസ്സമാധാനവുമില്ലാതെ അലഞ്ഞു നടക്കുകയാണ്. ഒന്നര മണിക്കൂർ കഴിഞ്ഞേ പരിശോധനാഫലം ലഭിയ്ക്കു എന്നതിനാൽ അവിടെ തന്നെ ഇരിയ്ക്കുമ്പോൾ അവൾ കുടുംബപശ്ചാത്തലം വിവരിയ്ക്കുമ്പോൾ തുടങ്ങി. രണ്ടു ദിവസമായി മകൻ മാനസിക വിഭ്രാന്തി കാണിയ്ക്കുന്നു. ഞങ്ങളാരും വീട്ടിൽ ഉറങ്ങാറില്ല. എന്റെ പ്രഷർ തീരെ താണു പോയതു കൊണ്ട് ഞാൻ ഇവിടേയ്ക്ക് വന്നതാണ്. എവിടെയോ ബസ്സിറങ്ങി തിരിച്ചു നടന്ന് ചോദിച്ചറിഞ്ഞ് ഇവിടെ എത്തിയതാണ്. സീതയ്ക്ക് അവളോട് വല്ലാത്ത സ്നേഹവും ദയയും തോന്നി. അവളുടെ ഭർത്താവ് മിലിട്ടറിക്കാരനാണ്. അവൾ അയാൾ സ്ഥലത്തില്ലാത്തപ്പോൾ രണ്ട് മക്കളെയും കൊണ്ട് തറവാട്ടുവീട്ടിൽ വളരെ കഷ്ടപ്പെട്ട് ജീവിച്ചതാണ്. അയാൾ വന്ന് പുതിയ ജീവിതം നയിച്ചു കൊണ്ടിരിയ്ക്കുമ്പോൾ ഇരുപത്തിമൂന്ന് വയസ്സായ മകന്റെ വിവാഹവും നടത്തി. മകന്റെ ഭാര്യ രോഗിയും, പ്രസവിക്കാൻ കഴിവില്ലാത്തവളുമാണെന്നറിഞ്ഞപ്പോൾ വീടിന്റെ താളം തെറ്റി. ഭർത്താവ് തിരിച്ചുവരുമ്പോൾ കച്ചവടം ചെയ്യുവാനായി രണ്ട് മൂന്ന് മുറി പീടികകൾ ഉണ്ടാക്കിയിരുന്നു.അവ വാടകയ്ക്ക് കൊടുത്തു. ഇപ്പോൾ അതും അവർ തിരിച്ചു നൽകുന്നില്ല.

എന്റെ മകൻ ഇപ്പോൾ മാനസിക രോഗി ഉപേക്ഷിയ്ക്കാതിരിയ്ക്കാൻ എന്തോ മരുന്ന് കൊടുത്തതാണ് എന്നാണ്.ഇതെല്ലാം പറഞ്ഞ് ജയ എന്ന ആ യുവതി കരഞ്ഞു കൊണ്ടിരുന്നു. സീത അവളെ കാൽറീനിലേക്ക് ഭക്ഷണം കഴിയ്ക്കുവാൻ വിളിച്ചു. അവളെ നന്നായി പറഞ്ഞു. ഇപ്പോൾ കേസിലാണ് 2 ലക്ഷം തന്നാൽ ഒരു മുറി തിരിച്ചുതരാം എന്നാണവർ പറയുന്നത്. പക്ഷെ കയ്യിൽ പണമില്ല. എന്യല്ലാവരും രോഗത്താലും മാനസിക പിരിമുറുക്കത്താലും അവശരാണ് എന്നവൾ പറഞ്ഞു.അവൾക്ക ഭക്ഷണത്തിനുമുമ്പുള്ള പരിശോധനാഫലം കിട്ടിയപ്പോൾ ഞാൻ പോയിട്ട് ഉച്ചയ്ക്കുശേഷം ഇനിയും തിരിച്ചു വരാം. എവിടെയെങ്കിലും വെച്ച് ഇനിയും കാണാം എന്നു പറഞ്ഞു പോയി.

ഇതെല്ലാം കേട്ട് ലത സീതയേയും അവളേയും മാറി മാറി നോക്കുന്നുണ്ടായിരുന്നു. ലതയുടെ ഭാവത്തിൽ എന്തിനാണ് ഇതെല്ലാം ഉൾക്കൊള്ളുന്നത് എന്താണ്. ജയ കണ്ണ് തുടച്ചു കൊണ്ട് എണീറ്റു പോകുമ്പോൾ ലത പറഞ്ഞു അവൾക്കും മാനസീക തകരാറുണ്ടെന്നാണ് തോന്നുന്നത്. അവളുടെ വേഷവും വലിയ ബാഗും ശ്രദ്ധിച്ചോ. എത്രയോ രേകകളും കടലാസ്സുകളും കൊണ്ടു നടക്കുന്നുണ്ട്. ശരിയാണ് തലയിൽ തന്നെ പലതരം ക്ലിപ്പുകളും കുത്തിയിട്ടുണ്ട്. തല വളരെതാഴ്ത്തിയാണ് നടക്കുന്നത്.

സീതയ്ക്ക്സ്വന്തം ആർക്കോ സംഭവിച്ചപോലെയുള്ള വിമ്മിഷ്ടം അനുഭവപ്പെട്ടു. സീത വീട്ടിലെത്തി രാത്രി ഭർത്താവിനോട് എല്ലാം പറഞ്ഞപ്പോൾ അയാളുടെ മറുപടിയും ലതയുടേത് പോലെ തന്നെ. എന്തായാലും ജയ എന്ന ആ യുവതിയെ മനസ്സിൽ നിന്ന് മാറ്റുവാൻ കഴിയാതെ ഇടയ്ക്കിടയ്ക്ക് മുന്നിലേക്ക് വരുന്നു. സീതയ്ക്ക് മറക്കുവാൻ കഴിഞ്ഞെങ്കിൽ. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കഥ

# വെള്ളാരം കണ്ണുകൾ



അഷറഫ് വി നെടിയനാട്



എന്റെ മനസ്സിനെ പ്രണയത്തിന്റെ മാസ്മരിക വലയത്തിലേക്ക് തള്ളിവിട്ടത് ആ വെള്ളാരം കണ്ണുകൾ ആയിരുന്നു. പാതി വിടർന്ന ഒരു പനിനീർ പൂ പോലുള്ള ആ പെൺകുട്ടിയുടെ നിഗൂഢമായ പുഞ്ചിരിയിൽ എന്റെ ഹൃദയം എത്ര തരളമാണെന്ന് എനിക്ക് ബോധ്യപ്പെട്ട ദിനങ്ങളായിരുന്നു അത്. പേരു പോലും അറിയാത്ത അവളെ പറ്റിയുള്ള അന്വേഷണം ഒരു കടംകഥയായി ഇന്നും മനസ്സിലവശേഷിക്കുന്നു. ബോധപ്പാറ എന്ന ആ അതിർത്തി ഗ്രാമ മലമടക്കുകൾ വളഞ്ഞു പോകുന്ന പാതകളിലൂടെ ഇന്നും കടന്നുപോകുമ്പോൾ ഒരു നഷ്ട പ്രണയത്തിന്റെ ചുംബനലഹരി എന്നിലെ മധുരിക്കുന്ന വേദനയായി ഹൃദയത്തെ ഉലക്കാറുണ്ട്.

ആളിക്കത്തുന്ന തീയിലേക്ക് ചാടികയറുക എന്നത് യുവത്വത്തിന്റെ പ്രസരിപ്പിൽ നിന്നുടലെടുക്കുന്ന ഒരു പ്രതിഭാസമാണ് പ്രണയവും കലാപവും ഈ പ്രതിഭാസത്തിന്റെ ഭാഗം തന്നെയാണ്. പക്ഷേ എന്നെ സംബന്ധിച്ചിടത്തോളം ഇത്തരം ചിന്തകൾ അന്യമായിരുന്നു. പുസ്തകങ്ങളും അക്ഷരങ്ങളുമായിരുന്നു എന്റെ ലോകം.യൂണിവേഴ്സിറ്റി കാമ്പസിലെ വിശാലമായ ലൈബ്രറിയും അവിടെ എത്തുന്ന ആനുകാലികങ്ങളും തീർത്ത ഒരു മാന്ത്രിക വലയത്തിലായിരുന്നു എന്റെ വിദ്യാർത്ഥി ജീവിതം. ഒറ്റപെടലിന്റെ ഒരു അനുഭൂതിയെ തടസ്സപ്പെടുത്തുന്നതിന് വേണ്ടിയായിരുന്നു ആന്റണിസർ എന്നെ എൻഎസ് എസിൽ ചേർത്തത്. ഒരു സാഹിത്യവിദ്യാർത്ഥി ഒരു സാമൂഹ്യസേവകൻ കൂടിയാവണമെന്ന വിലപ്പെട്ട ഒരു ഒരു ഉപദേശവും അതിലുണ്ടായിരുന്നു.

ബിരുദ പഠനത്തിന്റെ അവസാന വർഷം എൻ.എസ്.എസ് ക്യാംബിന് പോകാൻ അദ്ദേഹം എന്നെ തിരഞ്ഞെടുക്കുകയും ഞാനതിന് നിർബന്ധിതനായി തീരുകയുമായിരുന്നു.തമിഴ്നാടിനോട് ചേർന്ന ഒരു മലയോര അതിർത്തി ഗ്രാമത്തിലെ ഒരു കോളനിയിലേക്ക് അഞ്ഞൂറ് മീറ്റർ റോഡ് നിർമ്മിക്കുകയായിരുന്നു ക്യാമ്പിന്റെ ലക്ഷ്യം. ഗ്രാമമാണൊ കോളനിയാണൊ എന്നൊന്നും പറയാൻ പറ്റില്ല. അയൽ സംസ്ഥാനത്തിന്റെ പാതയുമായി മുട്ടിക്കാൻ വേണ്ടിയാണ് ഈ ശ്രമം. അതിനിടയിൽ ചിതറി കിടക്കുന്ന ഏതാനും വീടുകൾ. കാടിനോട് ചേർന്നു നിൽക്കുന്ന കുന്നിൻ ചരിവുകൾക്കിടയിൽ ചിതറിക്കിടക്കുന്ന ഏതാനും കുടിലുകൾ എന്നു പറയാം. പാതി മൺകട്ടകൾ കൊണ്ടും ബാക്കി പാതി ഓലകൾ കൊണ്ടും മറച്ച വീടുകൾ.

എവിടേയും നഗരത്തിന് അന്യമായ കാഴ്ചകളായിരുന്നു. ചെങ്കുത്തായപാറകൾക്കിടയിൽ ഏതുനിമിഷവും താഴോട്ട് വീഴുമെന്ന് തോന്നിക്കുന്ന കുന്നുകൾ. ചാഞ്ഞു കിടക്കുന്ന മരങ്ങൾ. തൊട്ടടുത്ത കാട്ടിൽ നിന്നും മൃഗങ്ങൾ രാത്രികാലങ്ങളിൽ ഇറങ്ങി വരാതിരിക്കാൻ ഓരോ കുടിലുകൾക്കുമുമ്പിലും തീകുണ്ഡം എരിയിക്കാനുള്ള അടുപ്പുകളും കെട്ടി തൂക്കിയ തകരപാത്രങ്ങളും കാണാം. കൈകൊണ്ട് പേനയല്ലാതെ മറ്റൊരായുധം തൊട്ടിട്ടില്ലാത്ത എനിക്ക് ഈ മല കിളച്ച് റോഡുണ്ടാക്കുക െന്ന ജോലിയെ പറ്റി ആലോചിക്കാൻ തന്നെ പ്രയാസമായിരുന്നു. എന്നാൽ എന്നിൽ ലഹരി സൃഷ്ടിച്ചത് പ്രകൃതിയുടെ അപ്സരസ്സ് മുഖം നൽകിയ ആ നീലകുന്നുകളായിരുന്നു. ഉന്നക്കായി പൊട്ടിത്തെറിച്ച് കാറ്റിൽ പറന്നെത്തുന്ന പരുത്തിക്കൂട്ടം പോലെ മലകളിൽ തട്ടിക്കിടക്കുന്ന മേഘപാളികൾ അതിമനോഹരമായ കാഴ്ചയായിരുന്നു. തണുത്ത കാറ്റിന്റെ മർമ്മരത്തിൽ കിളികളുടെ സംഗീത വിരുന്നിൽ ഒരു ചിത്രശലഭം പോലെ പാറിനടക്കാൻ കൊതി തോന്നിയ നിമിഷം. മലമടക്കുകളിൽ നിന്നും ഒലിച്ചിറങ്ങുന്ന കുഞ്ഞരുവികളുടെ പാദസ്വരം ഒരു പുത്തൻ അനുഭൂതിയായിരുന്നു. ക്യാമ്പിന്റെ ആദ്യ ദിനം കോളനിയിൽ നിന്നുള്ള നിരവധി പേർ ഞങ്ങളോടൊപ്പം ചേർന്നു. അവരുടെ ഭാഷയും ഞങ്ങളുടെ നാടൻ പാട്ടുകളും കൂടിക്കുഴഞ്ഞു കിടക്കുന്ന ഒരു ഉത്സവത്തിന്റെ ആരംഭംപോലെയായിരുന്നു റോഡു നിർമ്മാണം. പണിയിൽ പങ്കുചേർന്നവരിൽ ഏതാനും സ്ത്രീകളും കുട്ടികളുമുണ്ടായിരുന്നു. കിളച്ചെടുക്കുന്ന മണ്ണ് ആഴം

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കൂടിയ സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതിനു തലയിൽ ചട്ടിയിൽകയറ്റി കൊണ്ടിടുന്ന പ്രവൃത്തിയാണ് അവർ ചെയ്തിരുന്നത്. അവർക്ക് മൺകൂട തലയിലേക്ക് കയറ്റിവെക്കാൻ സഹായിക്കുന്ന ജോലിയായിരുന്നു എനിക്ക് ലഭിച്ചത്. ആ സ്ത്രീകളിൽ നിന്നാണ് എന്റെ ഹൃദയത്തിന്റെ പ്രണയത്തിന്റെ ഗോപുര വാതിലുകൾ തുറന്നിട്ട വെള്ളാരം കണ്ണുള്ള ആ പെൺകുട്ടിയെ ഞാൻ കാണുന്നത്. മൺകൂടങ്ങൾ തലയിലേക്ക് വയ്ക്കുമ്പോൾ ഞങ്ങൾ നിരവധി തവണ മുഖാമുഖം നോക്കി. കണ്ണുകളിൽ നാണത്തിന്റെ പൂമരങ്ങൾ പൂക്കുന്നതും കൊഴിയുന്നതും ഞാൻ കണ്ടു. ഭാഷയുടെ അതിർവരമ്പും അപരിചിതനോടൊപ്പമുള്ള ജോലിയിലെ നാണവുമാകാം... അവൾ എപ്പോളും മൗനിയായിരുന്നു. മറ്റു സ്ത്രീകൾ പലതും പറയുന്നുണ്ടെങ്കിലും വെള്ളാരം കണ്ണുള്ള അവൾ മാത്രം ഒരക്ഷരം ഉരിയാടിയില്ല. എപ്പോഴും പുഞ്ചിരിയും നാണത്തിന്റെ ഒരു അനുരാഗ നോട്ടവും മാത്രം അവളിൽ നിന്നുണ്ടായിട്ടുള്ളൂ. അവളുടെ വെള്ളാരം കണ്ണുകൾ സാവധാനത്തിൽ എന്റെ ഹൃദയത്തിലേക്ക് ചാട്ടുളികൾ പോലെ പതിക്കുകയും അനുരാഗത്തിന്റെ ഒരു വസന്തത്തിനായി കൊതിക്കുകയും ചെയ്തു. ഞങ്ങളുടെ മിഴികൾ തമ്മിൽ നിരന്തരം ആശയവിനിമയം നടത്തി.... എന്നിലേക്ക് സ്നേഹത്തിന്റെ ആർദ്രമായ നോട്ടങ്ങളിൽ അവൾ പലതും പറയുന്നുണ്ടായിരുന്നു. ... പക്ഷേ എന്തെങ്കിലും പറയാനുള്ള ധൈര്യം എനിക്കോ അവൾക്കൊ ഉണ്ടായിരുന്നില്ല. .. ആദ്യ ദിവസത്തെ ജോലി കഴിഞ്ഞു ഞങ്ങൾ പിരിഞ്ഞു. ഞങ്ങൾക്ക് താമസം ഒരുക്കിയത് വിവിധ കുടിലുകളിലായിരുന്നു. കാട്ടുമൃഗങ്ങളുടെയും ഇഴജന്തുക്കളുടെയും ശല്യം ഒഴിവാക്കുന്നതിനാണ് ടെന്റുകളിൽ ഉള്ള താമസം ഒഴിവാക്കിയത്. എനിക്ക് വളരെ ദൂരെയുള്ള ഒരു ഒറ്റപ്പെട്ട കുടിലിലാണ് താമസത്തിന് സൗകര്യമൊരുക്കിയത്. പൂർണഗർഭിണിയായ ഒരു സ്ത്രീയും അവരുടെ ഭർത്താവും ആയിരുന്നു അവിടെ താമസം. ഒരു മൺതിണ്ണയിലാണ് എനിക്ക് പായ വിരിച്ച് തന്നത്. മറ്റൊരു മുറിയിൽ മൺ തിണ്ണയിൽ അവർക്കും കിടക്കാൻ സൗകര്യമുണ്ട്. പാതി ഉയരത്തിലുള്ള ചുമരുകൾകൊണ്ട് വേർതിരിച്ച ആ ഒറ്റമുറിക്കപ്പുറം ചെറിയ ഒരു അടുക്കള... വിരുന്നുകാരനെ പോലെ അവർ എനിക്ക് ഭക്ഷണം ഒരുക്കിയിരുന്നു. അതും കഴിച്ച് കിടക്കുമ്പോൾ വെള്ളാരം കണ്ണുള്ള സുന്ദരിയുടെ മുഖം മനസ്സിലേക്ക് കയറി വന്നു. വരുന്ന പത്ത് ദിവസത്തിനുള്ളിൽ അവളിലേക്ക് ലഹരിയായി പടരണമെന്ന ആഗ്രഹം എന്റെ യൗവ്വനത്തിന്റെ ആർത്തിയെ സജീവമാക്കി.. പ്രണയത്തിന്റെ ലഹരി ആത്മാവിനെയും പിടികൂടിയിരിക്കുന്നു. പേരുപോലും അറിയാത്ത ആ വെള്ളാരം കണ്ണുകൾ കൊണ്ട് മാത്രം സംസാരിച്ച അവൾ എന്റെ സ്വകാര്യ ആനന്ദമായി മാറുന്നത് ഞാനറിഞ്ഞു.

നേരം പുലർന്നപ്പോൾ റോഡ് പണിയാരംഭിക്കാനുള്ള സമയം വരാൻ തിടുക്കമായിരുന്നു.

എന്നാൽ അന്ന് പണിയെടുക്കാൻ എത്തിയ സ്ത്രീകളിൽ വെള്ളാരം കണ്ണുള്ള അവളെ തിരെഞ്ഞെങ്കിലും കണ്ടില്ല അതോടെ ക്യാമ്പിനോടുള്ള എന്റെ ആവേശം ആരോ ഊതിക്കെടുത്തിയത് പോലെ തണുത്തു പോയി. മനസ്സു നിറയെ അവളായിരുന്നു. പണിയിടത്തിലൂടെ കടന്നുപോകുന്ന സ്ത്രീകളെ കാണുമ്പോൾ വെള്ളാരം കണ്ണുകളാണോ എന്ന് ഞാൻ ശ്രദ്ധിക്കും... പിന്നീടുള്ള ദിവസങ്ങളിലൊന്നും അവളെ കണ്ടില്ല. ക്യാമ്പിന്റെ അവസാനദിവസം നാളെയാണ്. ഇനി ജീവിതത്തിൽ ആ വെള്ളാരം കണ്ണുകളുടെ സ്നേഹാർദ്രമായ കടാക്ഷം എന്നിലേക്ക് എത്തിച്ചേരില്ല എന്ന ഉത്തമവിശ്വാസവുമായാണ് അന്ന് രാത്രി ഞാൻ കിടക്കാറുള്ള കുടിലിലേക്ക് പോയത്. അവസാന രാത്രിയായതിനാൽ ഏറെ വൈകിയതിന് ശേഷമാണ് കുടിലിലേക്ക് നടന്നത്.

കൂരയ്ക്ക് മുമ്പിലെത്തിയപ്പോൾ അത് സൈക്കിൾ ചെയിൻ കൊണ്ട് ആമ പൂട്ടിൽ ബന്ധിപ്പിച്ച് പൂട്ടിയിരിക്കുന്നു. ആ കൂര മുമ്പിലിരുന്നു. കയ്യിലെ ചൂട്ട് വീശി എന്തുചെയ്യണമെന്നറിയാതെ ഞാൻ നിന്നു. അവിടം നിന്ന് നോക്കിയാൽ മറ്റൊരു കുടിലും കാണാനില്ല.... അല്പം കഴിഞ്ഞപ്പോൾ ചൂട്ടും കത്തിച്ച് രണ്ട് രൂപങ്ങൾ കുന്നിന്റെ മറുഭാഗത്ത് നിന്നും കയറി വരുന്നത് കണ്ടു. രണ്ടു സ്ത്രീകൾ... പ്രായം ചെന്ന ഒരു സ്ത്രീയുടെ മുഖം ആഞ്ഞു വീശുന്ന ചൂട്ടിന്റെ വെളിച്ചത്തിൽ മിന്നിമറയുന്നുണ്ട്. തെല്ലൊരു ആശ്വാസം തോന്നി. ഭയം നീങ്ങി... അവരടുത്തുവന്നപ്പോൾ ഒരു തള്ളയും അവരുടെ മകളുമാണെന്ന് ബോധ്യമായി...

"ങ്ങള് കുറേ നേരായൊ വന്നിട്ട" തള്ള മലയാളത്തിൽ ചോദിക്കുന്നത് കേട്ടപ്പോൾ സമാധാനമായി....

അപ്പോളാണ് കൂടെ വന്ന പെൺകുട്ടിയെ ശ്രദ്ധിച്ചത്. അത് അവളായിരുന്നു. നക്ഷത്രങ്ങൾ പോലെ തിളങ്ങുന്ന വെള്ളാരം കണ്ണുകളിൽ അനുരാഗത്തിന്റെ വർണങ്ങൾ മിന്നിമറയുന്നത് ഞാൻ കണ്ടു. അവളുടെ ഒരൊറ്റ കടാക്ഷത്തിൽ ഞാനലിഞ്ഞ് തീരുകയായിരുന്നു. ചിന്തകളുടെ ഒരായിരം സ്വർഗപാതകൾ തുറന്നു കൊണ്ടിരുന്നു...

"പെണ്ണ് പെറാൻ സർക്കാരാശുപത്രില് പോയി... അതുപറഞ്ഞ് തള്ളചൂട്ട് നിലത്ത് വെച്ചു. വെള്ളാരം കണ്ണുള്ള പെൺകുട്ടി വാതിൽ തുറന്നു. അകത്ത് കയറി മണ്ണെണ്ണ വിളക്ക് കത്തിച്ചു.... ആ മിഴികൾ തെല്ലൊന്ന് ഉയർത്തി എന്നെ നോക്കി. ..

"എന്താ പേര്..."ഞാൻ ചോദിച്ചു.

"എന്റെ പേര് മാധവി" തള്ള പറഞ്ഞു.

"മകളെ പേരെന്താ?"

"ഓളെന്റെ മകളൊന്നുമല്ല. ഇവിടത്തെ ചെക്കന്റെ പെങ്ങളാ.. ങ്ങള് കൂടാനായിട്ട് അവളെന്റെ വീട്ടിലാക്കിയതാ.. ചെറിയ കൂരയല്ലേ ഇത്...."

"എന്താ പേര്..."

" ഞാനോളെ പെണ്ണേന്നാ വിളിക്ക.. ഇപ്പളത്തെ പേരൊക്കെ ഞ്ഞെപ്പോലെ പയഞ്ചനായ ആൾക്കാർക്ക് കിട്ടോ" അതും പറഞ്ഞ് തള്ള വെറ്റിലക്കറ പിടിച്ച ചുണ്ടുകളും പല്ലുകളും കാട്ടി ചിരിച്ചു.

ഭക്ഷണം വിളമ്പി മുമ്പിൽ വെക്കുമ്പോൾ അവൾ പുഞ്ചിരിക്കുന്നുണ്ടായിരുന്നു. ലഹരി പിടിപ്പിക്കുന്ന പുഞ്ചിരി "ഇഷ്ടമായി" ഞാൻ പതുക്കെ പറഞ്ഞു.

ഭക്ഷണം വാരി വിഴുങ്ങി കൊണ്ടിരുന്ന തള്ള വീണ്ടും ഇടയിൽ കയറികൊണ്ട് പറഞ്ഞു.

"കപ്പകിഴങ്ങും കഞ്ഞിയും ഇഷ്ടായി പറയുന്ന ആദ്യത്തെ ചക്കനാ, ഞ്ഞി..." അത് കേട്ട് അവ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ളുടെ കണ്ണുകൾക്കിടയിൽ ഒരു കുസൃതി ചിരി ഒളിഞ്ഞു കിടന്നു. തിണ്ണയിൽ പായവിരിച്ചുതരുമ്പോൾ ഞാനവളെ ശ്രദ്ധിച്ചു. ഇവൾക്കെന്തൊരു നാണമാണ്.. അതൊ എന്റെ ഭാഷ മനസ്സിലാവുന്നില്ലേ.. ആ ശബ്ദമൊന്ന് കേൾക്കാൻ കൊതിയാവുന്നു...പേരെങ്കിലും ഒന്ന് പറഞ്ഞിരുന്നെങ്കിൽ...

നാളെ ഉച്ചയ്ക്ക് മുമ്പ് ഈ കുന്നിൻ ചരിവിൽ നിന്നും ഞങ്ങൾ പോകും. അതിനു മുമ്പ് അവളുടെ പേരെങ്കിലും ഒന്നറിഞ്ഞാൽ മതിയായിരുന്നു... പായയിൽ കിടന്ന് ഓരോന്ന് ചിന്തിച്ചു. ഇവൾ സ്ഥിരമായി കിടക്കുന്നത് ഈ തിണ്ണയിലാവണം. ഇവിടെ ... ഒരു കമ്പിളി പുതപ്പിനുള്ളിൽ... നാളെ അവളായിരിക്കും ഇവിടെ കിടക്കുക... അനുരാഗത്തിന്റെ വിശാലമായ ലോകത്തിലേക്ക് ഈ വെള്ളാരംകണ്ണുള്ള പെൺകുട്ടി എന്നെ നയിക്കുകയാണൊ ഓരോന്ന് ചിന്തിച്ച് മയങ്ങിപ്പോയി...

പാതിരാവിൽ എന്റെ കമ്പിളി പുതപ്പിനുള്ളിലേക്ക് ചൂടുള്ള ശരീരം അമരുന്നത് പോലെ. ചുണ്ടുകളിലേക്ക് ചുംബനത്തിന്റെ ലഹരി പതിഞ്ഞൊഴുകുന്നു. എന്റെ കരവലയത്തിനുള്ളിൽ കിടന്നവൾ കുതറി... പിന്നെ എന്നിലേക്ക് ഒരു പൂമരമായി ചാഞ്ഞു.. ദൂരെയെവിടയൊ ഒരു രാപ്പാടി പാടി... മലമുകളിൽ നിന്നും താഴോട്ട് പതിക്കുന്ന അരുവിയുടെ താളം ധമനികളിലേക്ക് പടർന്നു. സമുദ്രമായി തിരകളായി പാൽനുര ചിന്തി തീരത്ത് ചിന്നിചിതറി...

നേരംപുലർന്ന് ഏറെ വൈകിയിരിക്കുന്നു. തള്ള കട്ടൻ കാപ്പിയുമായി മുമ്പിൽ...കമ്പിളിയിൽ നിന്ന് ശരീരത്തെ പുറത്തേക്കിടുമ്പോൾ പാതിരാവിൽ സംഭവിച്ചത് സ്വപ്നമാണൊ യാഥാർത്ഥ്യമാണോ എന്ന് തിരിച്ചറിയാതെ ഞാൻ ചുറ്റും കണ്ണോടിച്ചു...

"മറ്റെ ആൾ എവിടെപ്പോയി"

"ആര് ആ പൊട്ടത്തി പെണ്ണൊ... അവള് താഴ്‌വാരത്ത് വറുഗീസ് മാപ്പിളന്റെ തോട്ടത്തില് വേലയ്ക്ക് പോയി... വൈകിട്ടാവരിക..." അതും പറഞ്ഞ് തള്ള പുറത്തേക്കിറങ്ങി... കൂടെഞാനും. പേരു പോലും അറിയാത്ത അവളുടെ ഓർമ്മകളുടെ വെള്ളാരം കണ്ണുകളെ മാത്രം മനസ്സിൽ വെച്ച്... ആൾകൂട്ടത്തിൽ നിന്നും എപ്പോഴെങ്കിലും ഒരിക്കൽ ആ വെള്ളാരം കണ്ണുകൾ എന്റെ മിഴികളിലേക്ക് നാണത്തോടെ തുറിച്ച് നോക്കുമെന്ന പ്രതീക്ഷയോടെ... ആ പ്രതീക്ഷ ഇന്നും ഞാൻ കാത്ത് സൂക്ഷിക്കുന്നു. അവൾക്കു വേണ്ടിയുള്ള അന്വേഷണവും... ■

# തിരുമംഗലത്ത് ഇല്ലത്ത് ശ്രീ കുന്നത്ത് അയ്യപ്പൻകാവ്



**ഇല്ലത്തുമേത്തൽ, ചേരിപ്പാടം-ഒളവണ്ണ, കോഴിക്കോട്**

ഏകദേശം 4000 ത്തോളം വർഷം പഴക്കമുള്ള അയ്യപ്പൻ കാവിൽ സ്വർണ്ണ പ്രശ്നവിധി പ്രകാരം ശാസ്താവും, ഭാര്യ പുത്രമേധനായ അയ്യപ്പ പ്രതിഷ്ഠയാണ് (പന്തളം കൊട്ടാരത്തിൽ മണികണ്ഠൻ ആരാധിച്ച അയ്യപ്പനാണ്). സ്വർണ്ണ പ്രശ്നവിധി പ്രകാരം കുറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതിൽ മണികിണർ നിർമ്മാണം പൂർത്തീകരിച്ചു. അടുത്തതായി ക്ഷേത്രത്തിലേക്കുള്ള വഴി,18-ാം പടി തുടങ്ങിയവ ചെയ്തുതീർക്കാനുണ്ട്. കാണിപ്പയൂർ കുട്ടൻ നമ്പൂതിരിപ്പാടിന്റെ നിർദ്ദേശം പ്രകാരം 18-ം പടിയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. വലിയ സാമ്പത്തിക ബാദ്ധ്യതയുള്ള ഈ സംരംഭം നല്ലവരായ നാട്ടുകാരുടെ അകമഴിഞ്ഞ സാമ്പത്തിക സഹായങ്ങൾ ഉണ്ടെങ്കിൽ മാത്രമേ പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളു. ഒരു പടി നിർമ്മിക്കുവാൻ 8000ത്തോളം രൂപ ചിലവ് വരുന്നതാണ്. ആയതുകൊണ്ട് ഒരു പടി മുഴുവനായോ, ഭാഗികമായോ ഭക്തർക്ക് സമർപ്പിക്കാവുന്നതാണ്. ഈ സദ്ഉദ്യമത്തിൽ പങ്കെടുത്ത് കാനനവാസനായ അയ്യപ്പന്റെ അനുഗ്രഹത്തിൽ പാത്രീഭൂതരാവണമെന്ന് അയ്യപ്പസ്വാമിയുടെ നാമത്തിൽ അഭ്യർത്ഥിക്കുന്നു.

**പ്രസിഡണ്ട്/ സെസെക്രട്ടറി**

**ഫോൺ: 9846744700**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

# കേരള ഗ്ലാസ്സ് ഡീലേഴ്സ് ഫോറം

## കോഴിക്കോട് ജില്ലാ സമ്മേളനം

**എ.പി. ബാലകൃഷ്ണ പിള്ള മെമ്മോറിയൽ ഹാൾ**

**കോഴിക്കോട് (കുതിരവട്ടം)**

**2018 മാർച്ച് 6 ചൊവ്വാഴ്ച**

**കാര്യപരിപാടി**

സ്വാഗതം : ഹക്കിം
(കെ.ജി.ഡി.എഫ് സംസ്ഥാന സെക്രട്ടറി)
അദ്ധ്യക്ഷൻ : സി.എം. സുന്ദരൻ
(ജില്ലാ കൺവീനർ,
കെ.ജി.ഡി.എഫ് സംസ്ഥാന വൈസ്പ്രസിഡണ്ട്)

ഉൽഘാടനം : തോട്ടത്തിൽ രവീന്ദ്രൻ
(മേയർ, കോഴിക്കോട്)
മുഖ്യ അതിഥി : എ.എം. ജമാൽ
(കെ.ജി.ഡി.എഫ് സംസ്ഥാന പ്രസിഡണ്ട്)
മുഖ്യ പ്രഭാഷണം : പി.ബി. മുരളീധരൻ
(കെ.ജി.ഡി.എഫ് സംസ്ഥാന പ്രസിഡണ്ട്)

കെ.ജി.ഡി.എഫ് ജില്ല, സംസ്ഥാന ഭാരവാഹികളായ ഷുക്കൂർ, ഇംതിയാസ്, മിർഷാദ്, അമീർ അലി, അബ്ദു ഹാജി, രഘു, ലത്തീഫ്, മുനവർ, ഷിഹാബുദ്ദീൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിക്കും. നന്ദി പ്രകടനം: മനാഫ്.

## കോയമ്പത്തൂരിൽ വച്ച് നടന്ന ഓൾ ഇന്ത്യാ പവർ ലിഫ്ടിംഗ് മത്സരത്തിൽ കേരളത്തിന് വേണ്ടി മെഡൽ നേടിയവർ:



സന്തോഷ്കുമാർ പി (മാസ്റ്റേഴ്സ് 59 കി. ഗ്രാം സ്വർണ്ണം)
ശ്രീരാജ് പി.എസ് (ജൂനിയർ 120 കി.ഗ്രാം വെള്ളി),
ഗണേശൻ എ (93 കി. ഗ്രാം സ്വർണ്ണം),
മാത്യു ടി.ജെ (മാസ്റ്റേഴ്സ് 120 കി.ഗ്രാം എക്യുപ്ഡ് വെള്ളി),
അനിൽകുമാർ എം.പി (മാസ്റ്റേഴ്സ് 59 കി.ഗ്രാം എക്യുപ്ഡ് സ്വർണ്ണം.
(എല്ലാവരും കലിക്കറ്റ് ബാർബൽ ക്ലബ് അംഗങ്ങളാണ്.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

(ഡിറ്റക്ടീവ് ചെറുകഥ)

# സ്പെല്ലിംഗ് മിസ്റ്റേക്ക്



രത്നാകരൻ ചെറുവത്ത്



ബംഗ്ലാവിന്റെ ഗയിറ്റ് കടന്ന് പോലീസ് ജീപ്പ് മുറ്റത്ത് നിർത്തി ഇൻസ്പെക്ടർ സുരേന്ദ്രനാഥ് ജീപ്പിൽ നിന്നും ഇറങ്ങി.

പിൻസീറ്റിലിരുന്ന ഹെഡ്കോൺസ്റ്റബിൾ കമാലുദ്ദീനും രണ്ടു കോൺസ്റ്റബിൾമാരും താഴെയിറങ്ങി.

പരിസരം നിറയെ ജനങ്ങൾ തിങ്ങിനിറഞ്ഞിരിക്കുന്നു.

കൂട്ടം കൂടി നിൽക്കുന്ന ജനങ്ങളോട് ദൂരേയ്ക്ക്മാറാൻ ഇൻസ്പെക്ടർ ആജ്ഞാപിച്ചു. കുറച്ചുസമയം അയാൾ രണ്ടു ശവശരീരത്തേയും ശ്രദ്ധിച്ചു. പിന്നീട് പരിസരവും ബംഗ്ലാവും നന്നായി പരിശോധിച്ചു.

ഒരു സ്ത്രീയും ഒരു പുരുഷനുമാണ് കൊലചെയ്യപ്പെട്ടിരിക്കുന്നത്.

യുവതിയുടെ നെഞ്ചിൽ വെടിയേറ്റ് രക്തം നന്നായി ഒഴുകിയിട്ടുണ്ട്.

യുവതി നല്ല സുന്ദരിയും കുലീനയുമാണെന്ന് കണ്ടാലറിയാം. അവളുടെ അഴിഞ്ഞമുടിക്കെട്ടിൽ രക്തം കട്ടപിടിച്ചിട്ടുണ്ട്. മഞ്ഞ നിറത്തിലുള്ള സാരിയും ബ്ലൗസുമാണ് വേഷം. നല്ല കട്ടിയിൽ തീർത്ത നാലു വളകളും രത്നംപതിച്ച നെക്ലേസ്സും, റാഡോ വാച്ചും അവളൊരു നല്ല സമ്പന്ന കുടുംബാംഗമാണെന്ന് തിരിച്ചറിയാം. കാലിൽ ഇട്ടിരുന്ന വുഡ്ലാന്റ് ചെരിപ്പ് ദൂരെ തെറിച്ചു കിടക്കുന്നു. വാനിറ്റി ബാഗ് കുറച്ചകലെയായി പുൽത്തട്ടിയിൽ കിടക്കുന്നു. പുരുഷൻ കിടന്നിരുന്ന ഭാഗത്ത് നിന്നും ഒരെട്ടടി ദൂരെ ഇടതുവശം ചെരിഞ്ഞിട്ടാണ് യുവതിയുടെ കിടപ്പ്! അവളുടെ വലത് കൈ തൊട്ടടുത്ത് കിടന്നിരുന്ന ചൈനാറോസ് പൂച്ചട്ടിയിൽ വിശ്രമിച്ചിരുന്നു. ഒരു റിവോൾവറിന്റെ കാഞ്ചിയിൽ ചൂണ്ടുവിരൽ അമർത്തിപിടിച്ചാണ് അവളുടെ കിടപ്പിന്റെ രീതി. കണ്ണുകൾ മുന്നിൽ വീണുകിടക്കുന്ന പുരുഷന്റെ നേരെയാണ് ഉറച്ചിരുന്നത്!

നല്ല ആരോഗ്യവും സുന്ദരനുമായ യുവാവിന് ഒരു മുപ്പത് വയസ്സ് തോന്നിയ്ക്കും. വെള്ള ഷർട്ടും ചാര നിറത്തിലുള്ള പാന്റ്സുമാണ് വേഷം. അയാൾ മലർന്നാണ് കിടന്നിരുന്നത്. അയാളുടെ ഷർട്ടിൽ നിറയെ രക്തം പറ്റിപ്പിടിച്ചിരിക്കുന്നു.

"കമാലുദ്ദീൻ"... ഇൻസ്പെക്ടർ വിളിച്ചു.

ഒരു സല്യൂട്ടിൽ അറ്റൻഷനായി കമാലുദ്ദീൻ ഇൻസ്പെക്ടറുടെ ആജ്ഞക്കായി ശ്രദ്ധിച്ചു നിന്നു.

"നിങ്ങൾക്കെന്തു തോന്നുന്നു"...? രണ്ടു പേർ മരിച്ചു കിടക്കുന്നു. സ്ത്രീയുടെ കൈയ്യിൽ തോക്കുണ്ട്. എന്തെങ്കിലും ഊഹിക്കാൻ കഴിയുന്നുണ്ടോ?. നമുക്ക് രണ്ടു ബോഡിയും, ചുറ്റുപാടും നന്നായി പരിശോധിയ്ക്കേണ്ടിയിരിക്കുന്നു.

ശരി സാർ- ആദ്യം നമുക്ക് ഈ യുവതിയെ പരിശോധിയ്ക്കാം. ഹെഡ്ഡ് കോൺസ്റ്റബിൾ അഭിപ്രായം പറഞ്ഞു.

ശരി. തുടങ്ങിക്കോളൂ.

യുവതി ആത്മഹത്യ ചെയ്തതാണോ- അല്ലയോ അതാണ് നോക്കേണ്ടത്. അവളുടെ കണ്ണുകളിലേയ്ക്ക് നോക്കു സാർ. തുറന്നു പിടിച്ചിരിക്കുന്ന ആ കണ്ണുകളിൽ ദുഃഖത്തിന്റേയോ നൈരാശ്യത്തിന്റേയോ ലാഞ്ചനയെങ്കിലും അവശേഷിക്കേണ്ടതായിരുന്നു; അവളുടെ കണ്ണുകളിൽ വൈരാഗ്യവും പകയുമാണ് തെളിയുന്നത്! ആത്മഹത്യയാണെങ്കിൽ നൈരാശ്യവും ദുഃഖവുമാണ് കാണപ്പെടുക.

അതെ!

ഇനി നമുക്ക് യുവാവിനെ ശ്രദ്ധിക്കാം. അയാൾ പുറത്ത് നിന്നും പടികടന്ന് നേരെ യുവതിയുടെ അടുത്തേയ്ക്ക് വരികയായിരിയ്ക്കും. അപ്പോൾ അയാൾക്ക് വെടിയേറ്റിട്ടുണ്ടാകണം.

ഇനി രണ്ടു പേരുടെ വെടി കൊണ്ട പാടുകൾ നോക്കാം.

യുവതിയുടെ നെഞ്ചിൽ ബുള്ളറ്റ് നേരെ തറച്ചു പിന്നാക്കം പുറത്തു വന്നു നിൽക്കുന്നു- യുവാവിന്റെ നെഞ്ചിൽ ഹൃദയഭാഗത്ത് ഏറ്റ വെടിയുണ്ട പുറത്ത് മൂന്നിഞ്ച് മുകളിലായി തോളെല്ലിന്റെ കീഴെക്കൂടി മുറിവേൽപ്പിച്ച് പുറത്ത് കടന്നിരിക്കുന്നു. ഇതിൽനിന്നും നടന്നുവരുന്ന യുവാവിനെ കിടന്നു കൊണ്ടാണ് വെടിവെച്ചിരിക്കുന്നത് എന്നാണ്! ഇൻസ്പെക്ടർ പറഞ്ഞു. യുവാവിന്റെ മുഖം ശ്രദ്ധിക്കൂ... ഭയവും കോപവും സമ്മിശ്രമായിട്ടാണ് കാണപ്പെടുന്നത്! അവസാന സമയത്ത് എന്തോ ഭയം അയാളെ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കീഴടക്കിയിരുന്നു.

അവളെ ആക്രമിക്കാൻ വന്ന ആളെ അവൾ വെടിവെച്ചതായിക്കൂടെ? കമാലുദ്ദീൻ സംശയം പ്രകടിപ്പിച്ചു.

അപ്പോൾ അവൾക്കേറ്റ വെടി, സ്വയം നിറയൊഴിച്ചതാണെന്നോ?

നോ! എന്തൊ ഒരു സ്പെല്ലിംഗ് മിസ്റ്റേക്ക്!

അവളുടെ കിടപ്പിന്റെ രീതി- അവൾ അയാളെ പ്രതീക്ഷിച്ചുകിടക്കുന്നത് പോലെയില്ലേ? വന്നയാളെ നിറയൊഴിച്ച് പിന്നീട് സ്വയം നിറയൊഴിച്ചതാണെങ്കിൽ അവൾ ഈ വിധത്തിൽ, ഈ ഭാവത്തിൽ കിടക്കുക പ്രയാസമാണ്!

എന്തായാലും ഇനി നമുക്ക് വിശദമായി പരിശോധിച്ച് മഹസ്സർ തയ്യാറാക്കണം. ഇൻസ്പെക്ടർ പറഞ്ഞു.

രണ്ടു പോലീസുകാരും കമാലുദ്ദീനും ചേർന്ന് ടേപ്പ്കൊണ്ട് യുവതി കിടന്നിരുന്ന സ്ഥലത്തുനിന്നും വീടിന്റെ ചുവർ വരെയുള്ള ദൂരം കണക്കാക്കി. യുവതിയുടെ കാലുമുതൽ തലവരെയുള്ള ഉയരവും, ശരീരത്തിന്റെ വീതിയും, ചുറ്റുപാടുകളും അളന്നെടുത്തു.

അത് പോലെ പുരുഷന്റേയും ഉയരവും. വീതിയും മറ്റുഅളവുകളും രേഖപ്പെടുത്തി.

കൂട്ടം കൂടിയിരിക്കുന്ന ജനങ്ങളോട് അവരെ രണ്ടുപേരേയും അറിയുമോ എന്ന് അന്വേഷിച്ചു.

അടുത്തുതന്നെ താമസിക്കുന്ന ഒരു മദ്ധ്യവയസ്ക്കൻ മുന്നോട്ടു നീങ്ങിനിന്നു. അയാളാകെ പരിഭ്രമിച്ചിരുന്നു.

"നിങ്ങളുടെ പേര്?"

"കറിയാച്ചൻ..."

"നിങ്ങളുടെ വീട്?"

"താഴെ ആ കാണുന്ന വളവിൽ"

"വീട്ടിൽ ആക്കെയുണ്ട്?"

"ഞാനും, എന്റെ ഭാര്യയും, ഒരു മകനും മാത്രം."

"ഈ മരിച്ചുകിടക്കുന്ന രണ്ടു പേരെ നിങ്ങൾക്ക് പരിചയമുണ്ടോ?"

ഭയന്നുപോയ കറിയാച്ചൻ കുടിനീരിറക്കി.

"ഭയപ്പെടേണ്ട. നിങ്ങൾക്ക് അറിയാവുന്നത് പറഞ്ഞാമതി." കമാലുദ്ദീൻ കറിയാച്ചനെ സ്വാന്തനപ്പെടുത്തി.

"അറിയാം സാർ. ആ കിടക്കുന്ന ആണിന്റെ പേര്- ആഷിക്ക് അലി. പെണ്ണ്- ഭാഗ്യശ്രീ. അതൊരു വലിയ നായർത്തറവാട്ടിലെ ഏക സന്തതിയായിരുന്നു. ഈ കാണുന്ന ബംഗ്ലാവും ഈ എസ്റ്റേറ്റും അതിന്റെ പേരിലാ."

"ഈ ആഷിക്ക് അലിയും തമ്മിൽ...?"

"അതെ സാർ. ആ പെൺകൊച്ചിനെ പറഞ്ഞ് പറ്റിച്ച് കല്യാണം കഴിച്ചു ആ പെണ്ണിന് ബാങ്കിലാണ് ജോലി. കല്യാണത്തിന് ശേഷം അച്ഛനും അമ്മയുമായി ഉടക്കിയതാ."

"ഇന്നലെ ഇവർ എപ്പോഴാണ് വന്നത്?"

"വൈകിട്ട് അഞ്ചുമണിയായിട്ടുണ്ടാകും."

"ഇവർ ഇടക്കിടെ ഇവിടെ വരാറുണ്ടോ?"

"ഉണ്ട് സാർ. ഇടക്കിടെ വന്നു പോവാറുണ്ട്."

"ഇന്നലെ എപ്പോഴെങ്കിലും വെടിയുടെ ശബ്ദം കേട്ടിരുന്നോ?"

"ഇന്നലെ വിഷുവായിരുന്നു. ഇടക്കിടെ പടക്കത്തിന്റെ ശബ്ദം കേട്ടിരുന്നു. ഒന്നും തിരിച്ചറിഞ്ഞില്ല."

"മറ്റാരെയെങ്കിലും ഇവിടെയെങ്ങാനം കണ്ടിരുന്നോ?"

"ഇല്ലസാർ."

"വിളിയ്ക്കുമ്പോൾ നിങ്ങൾ സ്റ്റേഷൻ വരെ വരേണ്ടിവരും. നിങ്ങൾ ഇപ്പോൾ പോയിക്കൊള്ളു."

കൊലപാതകത്തിന്ന് പിന്നിൽ മൂന്നാമതൊരാൾ ഉണ്ടാകാനുള്ള സാദ്ധ്യതയും കണക്കിലെടുക്കേണ്ടിയിരിക്കുന്നു! ഇൻസ്പെക്ടർ ആത്മഗതം ചെയ്തു.

സസൂഷ്മം പരിശോധിക്കണം. ഒരു പോയിന്റുകൂടി വിട്ടുകളയരുത്. ഇൻസ്പെക്ടർ മറ്റു മൂന്നുപേരോടുമായി പറഞ്ഞു.

ചെടികൾക്കുള്ളിൽ മറഞ്ഞു കിടന്നിരുന്ന ഒരു മണിപ്പേഴ്സ് ഒരു പോലീസുകാരൻ കണ്ടെടുത്തു. ഇൻസ്പെക്ടർ അത് വാങ്ങിനോക്കി. അതിൽ ആഷിക്ക് അലിയുടെ ഒരു ഫോട്ടോ. അതിനു പിന്നിൽ സുന്ദരികളായ അഞ്ചു യുവതികളുടെ ഫോട്ടോ. എല്ലാറ്റിന്റേയും പിന്നിൽ അവരുടെ പേരും അഡ്രസ്സും മൊബൈൽ നമ്പറും കുറിച്ചിട്ടുണ്ട്. അതിൽ ഒന്ന് ഭാഗ്യശ്രീയുടേതാണ്. മറ്റൊരു പേപ്പറിൽ രണ്ടു മൂന്നു പേരും അഡ്രസ്സും.

അതിൽ കണ്ട നമ്പറുകളിലേക്ക് വിളിക്കാൻ ഇൻസ്പെക്ടർ കമാലുദ്ദീനോടു പറഞ്ഞു. ഭാഗ്യശ്രീയുടേതൊഴികെ മറ്റാരുടേയും കണക്ഷൻ ലഭിച്ചില്ല. എല്ലാം വിച്ഛേദിക്കപ്പെട്ടിരുന്നു. ഭാഗ്യശ്രീയുടെ വാനിറ്റി ബാഗിൽ നിന്നും ഫോൺ ശബ്ദിക്കുന്നുണ്ടായിരുന്നു.

റിവോൾവർ ഭാഗ്യശ്രീയുടെ കൈയ്യിലാണ്. അവൾ സ്വയം വെടിവെച്ചതായാലും മറ്റൊരാൾ അത് ചെയ്തതാണെങ്കിലും അവളുടെ നോട്ടവും, കിടപ്പും, പൊസിഷനും വ്യത്യാസമുണ്ടാകും. ആഷിക്കിന്റെ കിടപ്പു ശ്രദ്ധിച്ചാൽ ഭാഗ്യശ്രീയുടെ തോക്കിൽ നിന്നുതന്നെ വെടിയേറ്റതായി കരുതാം.

മൂന്നാമതൊരാൾ ഉണ്ടായിരുന്നോ? ഉണ്ടായിരുന്നെങ്കിൽ അയാൾ റിവോൾവർ അവളുടെ കൈയ്യിൽ പിടിപ്പിച്ച് തനിക്ക് ദോഷകരമായി എവിഡൻസ് വിട്ടു പോരുമോ?

അങ്ങനെയാണെങ്കിൽ ആഷിക്കിനേയും അയാൾതന്നെയായിരിക്കില്ലെ വധിച്ചത്. കമാലുദ്ദീൻ സംശയം പ്രകടിപ്പിച്ചു!

ഇൻസ്പെക്ടർ ടൗവ്വൽ കൂട്ടിപിടിച്ച് റിവോൾവർ എടുത്ത് ഒരു പ്ലാസ്റ്റിക്ക് കവറിൽ നിക്ഷേപിച്ചു! പിന്നീട് രണ്ടുപേരുടേയും വിരലടയാളങ്ങൾ കമാലുദ്ദീൻ എടുത്തു. രണ്ടു ബോഡിയും ആംബുലൻസിൽ കയറ്റി പോസ്റ്റ്മോർട്ടത്തിനയച്ചു.

എങ്ങനെ ചുഴിഞ്ഞ് ആലോചിച്ചിട്ടും അവർക്കൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല!

ലൈസൻസില്ലാത്ത റിവോൾവർ ചൈനാനിർമ്മിതിയാണ്. അത് യുവതിയുടേതാകാൻ വഴിയില്ല!

ആഷിക്ക് യുവതിയെ വെടിവെച്ച് തോക്ക് അവളുടെ കൈയ്യിൽ പിടിപ്പിച്ചതായിക്കൂടെ? കമാലുദ്ദീൻ ചോദിച്ചു.

എങ്കിൽ, യുവതി മരിച്ചിട്ടില്ലെങ്കിൽ ഉടൻതന്നെ അവൾ അയാളെ വകവരുത്തും. അപ്പോൾ അയാൾ ഇപ്പോഴത്തെ പൊസിഷ്യനിൽ അത്ര ദൂരം പോയി വീഴുകയില്ല. അതും അവിടെത്തന്നെ മലർന്നു കിടക്കാൻ പ്രയാസമാണ്!

അയാൾ അവളെ വെടിവെച്ച് അവൾ മരിച്ചെന്ന് കരുതിയതിനു ശേഷമേ റിവോൾവർ അവളുടെ കൈയ്യിൽ കൊടുക്കു. അതിന് ശേഷം അയാൾ പുറത്തൊക്കെയൊന്ന് ശ്രദ്ധിച്ചിട്ട് വരുന്നവഴിയെയായിരിക്കാം അയാൾക്ക് വെടിയേ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

റ്റത്. അത്രയും സമയം അവൾ ഇരിക്കാൻ പ്രയാസമാണ്. മരണ കാരണമായ വെടി അവളുടെ ഹൃദയത്തിന്റെ സകല പ്രവർത്തനങ്ങളും തകർത്തിട്ടുണ്ട്. അപ്പോൾ ആ അവസ്ഥയിൽ ജഢമായിക്കഴിഞ്ഞ ഭാഗ്യശ്രീ വെടിവെക്കുക അസ്വഭാവികമാണ്.

റിവോൾവറിൽ ആറ് തിരകളുണ്ട്. അതിൽ രണ്ടെണ്ണം മാത്രമേ ഉപയോഗിച്ചിട്ടുള്ളു. രണ്ടു തുളയിലും കാർബൺ കാണാം. ഗ്രിഗറിൽ പതിഞ്ഞ വിയലടയാളം ഭാഗ്യശ്രീയുടേതാണ്. അവ്യക്തമായി അതിന്നടിയിൽ ആഷിക്കിന്റേയും അടയാളം കാണാം. ആദ്യം റിവോൾവർ ഉപയോഗിച്ചത് ആഷിക്കാണ്. പിന്നീടാണ് ഭാഗ്യശ്രീ വെടിവെക്കുന്നത്!

ആഷിക്ക് വെടിവെച്ച ഉടനെ ഭാഗ്യശ്രീ എങ്ങിനെയോ റിവോൾവർ കൈക്കലാക്കുകയും; ആഷിക്കിനെ വെടിവെച്ചതുമായി കൂടെ? ഒരു പോലീസുകാരൻ സംശയം പറഞ്ഞു!

ഇൻസ്പെക്ടർ ആലോചനയിൽ മുഴുകി.

പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഭാഗ്യശ്രീയുടെ മരണസമയം ആറു മണിയ്ക്കും ആറേകാലിനുമിടയ്ക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആഷിക്കിന്റേതാകട്ടെ ഏഴെ അമ്പതിനും എട്ടേ പത്തിനുമിടയ്ക്കാണ് സംഭവിച്ചത്!

വെടിയേറ്റ ഭാഗ്യശ്രീ ഹൃദയം തകർന്ന് രക്തമെല്ലാം ഒഴുകി രണ്ടു മണിക്കൂർ കഴിഞ്ഞ് ആഷിക്കിനെ വെടിവെക്കുക അസംഭവ്യമാണ്. ഭാഗ്യശ്രീ ആറേകാലിനു മുൻപ് മരിച്ചു. ഭാഗ്യശ്രീ രണ്ടുമണിക്കൂറിന് ശേഷം ആഷിക്കിനെ കൊല്ലുക തീർത്തും അവിശ്വസനീയമാണ്.

ആഷിക്കിന്റെ മരണം എങ്ങനെ സംഭവിച്ചു.

നമുക്ക് പോസ്റ്റ് മോർട്ടം നടത്തിയ ഡോക്ടറെ ഒന്നു കാണാം. സയൻസ് വളരെ മുൻപോട്ട് പോയിട്ടുണ്ട്. അതുകൊണ്ട് നമുക്ക് ആവഴിക്കും ചിന്തിക്കാം.

ഒരുദാഹരണം പറയാം. ഡോക്ടർ പറഞ്ഞു.

ഒരു വിദേശ രാജ്യത്ത് നടന്ന സംഭവമാണ്. ഒരു ടെലിവിഷൻ പ്രോഗ്രാമിൽ മരണത്തെ കുറിച്ചുള്ള വിചിത്രമായ സംഭവങ്ങൾ വിശകലനം ചെയ്തപ്പോൾ അവതരിപ്പിക്കപ്പെട്ടതാണ്.

ഒരിടത്ത് രണ്ടു മൃദദേഹങ്ങൾ കിടക്കുന്നു. പോലീസ് വന്നു പരിശോധന തുടങ്ങി. രണ്ടുപേർക്കും ഒരേതോക്കിൽനിന്നു തന്നെയാണ് വെടിയേറ്റത്! ഒരാളുടെ കൈയ്യിൽ തോക്കുണ്ട്. അയാൾക്കെതിരെ മറ്റയാൾ വീണുകിടക്കുന്ന.

നമ്മുടെ കേസ് പോലെ എതിരാളിയെ വെടിവെച്ചു കൊന്നശേഷം സ്വയം നിറയൊഴിച്ചതാണെന്ന് എല്ലാവരും സംശയിച്ചു. എന്നാൽ മരണവും അതിന്റെ സമയ പഠനവും നടത്തിയപ്പോഴാണ് അവിശ്വസനീയമായ ഒരു കാര്യം പുറത്തു വന്നത്. തോക്ക് കൈവശം വെച്ചയാൾ മരിച്ച് രണ്ടുമണിക്കൂർ കഴിഞ്ഞിട്ടാണ് മറ്റെയാൾക്ക് വെടിയേൽക്കുന്നത്. അങ്ങിനെയാണെങ്കിൽ ശവശരീരം മറ്റെയാളെ വെടിവെക്കണം. സംഭവിക്കാത്ത വസ്തുത. അപ്പോൾ ചില വസ്തുതകൾ പുറത്തു വന്നു. ആദ്യം മരിച്ച വ്യക്തിയെ സ്വന്തം തോക്കിൽനിന്നും നിറയൊഴിച്ച് കൊന്നതിനു ശേഷം അത് ആത്മഹത്യയാണെന്ന് വരുത്തിത്തീർക്കാൻ തോക്ക് അയാളുടെ കൈയ്യിൽ പിടിപ്പിക്കുകയായിരുന്നു!

കൊല നടത്തിയ ആൾ അസ്വസ്ഥനായിരുന്നു. അയാൾ രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും, ജഢവും, ചുറ്റുപാടും തന്റേതായ വല്ല അവശിഷ്ടങ്ങളും കിടപ്പുണ്ടോ എന്നറിയാൻ തുനിഞ്ഞതായിരുന്നു.

വെടികൊണ്ട് മരിച്ച വ്യക്തിയുടെ കൈയ്യിൽ തോക്ക് പിടിപ്പിച്ച് ചൂണ്ടുവിരൽ കാഞ്ചിയിൽ പിടിപ്പിച്ചിരുന്നു.

അത്ഭുതമെന്നോ കർമ്മഫലമെന്നോ പറയട്ടെ ജഢത്തിന്റെ വിരലുകൾ മടങ്ങുകയും കൊലയാളിയുടെ നെഞ്ചിൽത്തന്നെ, തോക്ക് പൊട്ടി വെടിയേൽക്കുകയും ചെയ്തു!

സ്വന്തം കർമ്മത്തിന്റെ പ്രതിപ്രവർത്തനമെന്നല്ലാതെ എന്ത് പറയും!

"മരിച്ചവ്യക്തി, കൊന്ന വ്യക്തിയെ കൊന്നു!"

ഡോക്ടറും, ശാസ്ത്രജ്ഞരും ഈ സംഭവത്തിന് ഉത്തരം കണ്ടെത്തി ; മരിച്ചു കഴിഞ്ഞെങ്കിലും, ഓരോ ശരീരഭാഗങ്ങളിൽ നിന്നും, പ്രാണന്റേയും, ഊർജ്ജത്തിന്റേയും വിടുതലുകൾ നടക്കുന്നതെ ഉണ്ടായിരുന്നുള്ളു.

അപ്പോൾ മടങ്ങുകയോ, ചുരുങ്ങുകയോ, വിറങ്ങലിക്കുകയോ ചെയ്യാം! അപ്രകാരമുള്ള ഒരു പ്രതിഭാസമാണ് അവിടെ നടന്നത്!

ആദ്യം മരിച്ചയാൾ മറ്റെ വ്യക്തി വരുന്നതു വരെ കാഞ്ചിയിൽ വിരലുറപ്പിച്ച് കാത്തുകിടന്നു എന്നുള്ളത് നൂറു ശതമാനവും അസത്യമാണെന്ന് പറയാനൊക്കില്ലല്ലോ! പലതരത്തിലുള്ള പൊരുത്തങ്ങളും, പൊരുത്തകേടുകളും നിറഞ്ഞതല്ലെ ജീവിതം!

തോക്കിന്റെ കാഞ്ചി വലിയുന്ന കൃത്യസമയത്ത് തന്നെ കൊലയാളി തോക്കിനു മുൻപിൽ എത്തപ്പെട്ടു എന്നുള്ളത് കർമ്മഫലം തന്നെയല്ലേ...!

നമ്മുടെ അന്വേഷണം, മരിച്ചതിനു ശേഷവും ജഢത്തിന് ചലനശേഷി ഉണ്ടാകുമോ എന്നുള്ളതാണ്?

മരണം പെട്ടെന്ന് സംഭവിക്കുന്നില്ല. മുഖ്യപ്രാണനും, ഉപപ്രാണങ്ങളും മുഴുവനായി പുറത്തുകടന്നാലാണ് യഥാർത്ഥ മരണം സംഭവിക്കുന്നത്! അത്വരെ അയാൾ ഒരു സുപ്താവസ്ഥയിലായിരിക്കും! ഒരു തുണിയിൽനിന്ന് ഒരു നൂൽ വലിച്ചെടുക്കുമ്പോൾ നൂൽ വലിഞ്ഞഭാഗത്തേക്ക് തുണി ചുരുങ്ങുന്നതായി കാണാം. അത് പോലെ ശരീരത്തിൽ വ്യാപിച്ചു കിടക്കുന്ന പ്രാണൻ പുറത്തേക്ക് ഗമിക്കുമ്പോൾ ക്രമമനുസരിച്ച് ശരീരാവയവങ്ങൾ ചുരുങ്ങുന്നു. അപ്പോൾ ചിലർ വാപൊളിയ്ക്കും, ചിലരിൽ വിസർജ്ജനം നടക്കും, ചിലർ വിറങ്ങലിയ്ക്കുകയോ, മുക്രയിടുന്നതുപോലെ ശബ്ദം പുറപ്പെടുവിക്കുകയോ ചെയ്യുവാൻ സാദ്ധ്യതയുണ്ട്!

ഡോക്ടർ തുടർന്നു :-

ഒരു ഭാരതീയ ശാസ്ത്രജ്ഞൻ തന്റെ ജൈവശാസ്ത്ര നിരീക്ഷണത്തിൽ ആത്മാവിനേയും പരാബോധത്തേയും ആസ്പദമാക്കി നിരീക്ഷണം നടത്തി.

"തലച്ചോറിൽ ഒരു പ്രത്യേക കോശം!" അതാണ് ഓർമ്മയുടെ അവസാനത്തെ കണ്ണി. മരിച്ച് വളരെ നേരം ഈ കോശം പ്രവർത്തനനിരതമായിരിക്കും!

മരിച്ചയാൾ അവസാനമായി കണ്ടകാഴ്ചകൾ, ശബ്ദം, അനുഭവം ഇതെല്ലാം വളരെ വ്യക്തമായിത്തന്നെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു! ഇതേതുടർന്ന് അദ്ദേഹം നടത്തിയ നിരീക്ഷണങ്ങൾ പല അത്ഭുത സത്യങ്ങളും പുറത്തു

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കൊണ്ടുവന്നു!

ആ ശാസ്ത്രജ്ഞന്റെ പേര് എന്താണ്? കൗതുകത്തോടെ ഇൻസ്പെക്ടർ ആരാഞ്ഞു?

അദ്ദേഹം തന്റെ പേര് വെളിപ്പെടുത്താനാഗ്രഹിച്ചില്ല!

ഭാരതീയരായ ഉയർന്ന രഹസ്യാന്വേഷണ ഉദ്യോഗസ്ഥർക്കും, ശാസ്ത്രജ്ഞർക്കും മുൻപിൽ തന്റെ പരീക്ഷണം തെളിയിച്ചു!

“ശാസ്ത്രജ്ഞനറിയാതെ, അദ്ദേഹത്തെ കാണിക്കാതെ തൂക്കുകയറിനു വിധിക്കപ്പെട്ട” ഒരു പ്രതിയെ കണ്ണുമറയ്ക്കാതെ തൂക്കിലേറ്റി. ജഢം ശാസ്ത്രജ്ഞനു വിട്ടുകൊടുത്തു!

അദ്ദേഹം ജഢത്തിന്റെ തലച്ചോറിൽ നിന്നു പ്രസ്തുത കോശത്തെ വേർതിരിച്ചെടുത്ത്, ആ വ്യക്തി തൂക്കിലേറ്റപ്പെട്ട സ്ഥലത്തിന്റെ രൂപരേഖ, തൂണുകൾ, ജനലുകൾ, ഒപ്പമുണ്ടായിരുന്നവരും അവസാനമായി കണ്ട പോലീസുദ്യോഗസ്ഥന്മാരുടെ മുഖഛായകൾ, കേട്ട ശബ്ദത്തിലെ വാക്കുകൾ എല്ലാം വളരെ കൃത്യമായി കംപ്യൂട്ടറിന്റേയും, ജനിതക വായനയുടേയും സഹായത്താൽ വ്യക്തമാക്കികൊടുത്തു!

ഇത്രയും ഗൗരവമേറിയ നിരീക്ഷണം എന്തുകൊണ്ട് ഇതുവരെ ആരും പ്രാബല്യത്തിൽ കൊണ്ടുവന്നില്ല? ഇൻസ്പെക്ടർ ചോദിച്ചു.

പല കേസുകളിലും നമുക്ക് വിശ്വസിക്കാൻപോലും പ്രയാസമായ വമ്പന്മാർ കുടുങ്ങിയെന്ന് വരാം. അവരുടെ ശ്രമകരമായി, ആ കണ്ടുപിടുത്തം വെളിച്ചം കാണാത്തതായിരിക്കാം! കമാലുദ്ദീൻ നൈരാശ്യം പ്രകടിപ്പിച്ചു!

അത്കൊണ്ട് നമുക്കറിയാവുന്ന ഈ രഹസ്യം പരസ്യമാക്കി നാം പരിഹാസ്യരാവേണ്ട! ഇൻസ്പെക്ടർ പറഞ്ഞു!

ഈ കേസ് എന്ത് ചെയ്യും?

ഇതിൽ ജനങ്ങൾ ഇടപെടും. മരിച്ച വ്യക്തികൾ രണ്ടുമതക്കാരാണ്. പ്രബലരുമാണ്!

മരിച്ചവ്യക്തി കൊലചെയ്തെന്ന് ആരും വിശ്വസിക്കില്ല.

ദുരൂഹത തുടർന്നുകൊണ്ടേയിരിക്കും!

ഈ കൊലപാതകങ്ങൾക്ക് വഞ്ചനയുടേയും, പ്രേമനൈരാസ്യത്തിന്റേയും അടിയൊഴുക്കുണ്ട്!

ഭാഗ്യശ്രീ ഭാരിച്ച സ്വത്തിനവകാശിയാണ്. അവകാശികളില്ലാത്ത അവളുടെ സ്വത്തുക്കൾ ഭർത്താവെന്ന നിലയിൽ തട്ടിയെടുക്കാം. എന്നാൽ മറ്റുപെൺകുട്ടികളേയും മുൻപ് വഞ്ചിച്ചിട്ടുള്ളവനാണ് ആഷിക്ക് അലി എന്ന് തിരിച്ചറിഞ്ഞപ്പോൾ അവൾ ആഷിക്കിനെതിരെ തിരിഞ്ഞു.

അവളെ ഇല്ലാതാക്കിയില്ലെങ്കിൽ തന്റെ നില പരുങ്ങലിലാവുമെന്ന് ആഷിക്കിന് ഉറപ്പായി!

അവളുടെ മനസ്സിൽ ആഷിക്കിനോടുള്ള പക ജ്വലിച്ചു നിന്നു.അവളുടെ ഇഛാശക്തിക്ക് വിധി, കർമ്മഫലം, എന്നിവ അനുകൂലമായി ഭവിച്ചു! ആകസ്മികമായി ഒന്നും നടക്കുന്നില്ല! എല്ലാറ്റിനും പിന്നിൽ ഓരോന്നിന്റേയും വിധിയും ഒളിഞ്ഞിരിപ്പുണ്ട്! ഇൻസ്പെക്ടർ ദീർഘമായി നിശ്വസിച്ചു!

ചൈനാനിർമ്മിതമായ റിവോൾവർ ആഷിക്കിന് എങ്ങനെ കിട്ടി. പേഴ്സിലെ മറ്റുപെൺകുട്ടികളുടേയും, അഡ്രസ്സുകളുടേയും സ്ഥാനം കണ്ടെത്തേണ്ടിയിരിക്കുന്നു. നന്ദി ഡോക്ടർ- ഇത്രയും വിവരങ്ങൾ നൽകിയതിന്. വീണ്ടും കാണാം. ■

**(മരണത്തിന്റെ ദുരൂഹത എന്ന കൃതിയോട് കടപ്പാട്)**

---

**കവിതകൾ**

# മൂന്നു നുറുങ്ങ് കവിതകൾ



**ജനാർദ്ധനൻ
കടുങ്ങപുരം**

## 1. മൗനം

**അഭിലാഷങ്ങളുടെ സമ്മതപത്രം
നിശബ്ദതയുടെ വാചാലത
ഏകാന്തതയിലെ സഹചാരി.
വിരഹദുഃഖം തളം കെട്ടിയ മുകത
നിറസന്താപത്തിന്റെ നിഗൂഢത
നിത്യസുഷുപ്തി നൽകുന്ന മരണം.**

## 2. പ്രണയം

**പകൽക്കിനാവുകളുടെ പൂക്കാലം
മൃദുല വികാരങ്ങളുടെ ഇക്കിളിയൂട്ടൽ
മൂളിപ്പാട്ടുകളുടെ മായിക ലോകം
നിരാശയിലേക്കുള്ള ഒറ്റയടിപ്പാത.**

## 3. റേഷൻ

**നിങ്ങൾ സുഗന്ധ വിളകൾ
കൃഷിചെയ്തോളൂ
നാടിനെ സമ്പന്നമാക്കൂ.
ഞങ്ങളുടെ പട്ടിണിമാറ്റാൻ
നിങ്ങൾ ഞങ്ങൾക്കിടയിലൂടെ-
ദാരിദ്ര്യരേഖ വരച്ചു
ഞങ്ങളെ രണ്ടുതട്ടുകളിലാക്കി.
ഭക്ഷ്യധാന്യങ്ങൾ കത്തിച്ചു,
കടലിൽ തള്ളി
ഞങ്ങളുടെ പട്ടിണി മാറ്റിയില്ല.**

**പാണ്ടേ വർണ്ണവെറിയാൽ-
പാർശ്വവൽക്കരിക്കപ്പെട്ടവർ-
ഞങ്ങളെ വർണ്ണക്കാർഡുകൾ-
നൽകി വിഭജിച്ചു.
സാമ്രാജ്യത്വകഴുകന്റെ തീട്ടുരങ്ങൾ-
നടപ്പാക്കാൻ, ഞങ്ങളുടെ
സബ്സിഡികൾ ഇല്ലാതാക്കി.
സാക്ഷ്യവിഹിതം വെട്ടിക്കുറച്ചു.**

**ഇവിടെ രോക്ഷത്തിന്റെ ലാവതിളക്കുന്നു.
പ്രതിഷേധത്തിന്റെ അഗ്നി സ്ഫുലിംഗങ്ങൾ,
സ്ഫോടനത്തിന്റെ നാന്ദിയായി പുകചുരുളുകൾ!
മാറ്റുവിൻ ചട്ടങ്ങളെ- ഇല്ലെങ്കിൽ,
മാറ്റുമതുകളീ നിങ്ങളെത്താൻ.**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ലേഖനം



# എന്റെ മലയാളം

ആദിയിൽ സംസ്കൃതവും തമിഴും കൂട്ടികലർത്തി അനേകം ഭാഷാപണ്ഡിതന്മാരുടെ ശ്രമഫലമായി മലയാളഭാഷ നിലവിൽ വന്നു. പിന്നീടുള്ള കാലത്താണ് ബൃഹത്തായ വ്യാകരണത്തോടെയും അർത്ഥത്തോടെയും പരിഷ്ക്കരിച്ച് മലയാളഭാഷ പുരോഗതി പ്രാപിച്ചത്. മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിനു മനസാ – വാചാ – കർമ്മണാ ഉത്സുകരായിരുന്ന അക്കാലങ്ങളിൽ നിലനിന്നു പോന്നിരുന്ന രാജാക്കന്മാരുടെ ഭരണക്രമ സ്ഥിതിവിശേഷമായിരുന്നു മലയാളഭാഷയുടെ സുവർണ്ണകാലം എന്നു പറയാമായിരുന്നത്. ഈശ്വരചൈതന്യം തുളുമ്പുന്ന പഴയകാല സാഹിത്യനായകൻമാരായിരുന്ന തുഞ്ചത്തെഴുത്തച്ഛനും, ഉള്ളൂരും, മഹാകവി ജിയും, കുമാരനാശാനും, ഏ.ആർ. രാജരാജവർമ്മയും ഉൾപ്പെടെയുള്ള മഹാരഥന്മാർ മലയാളഭാഷയ്ക്ക് നൽകിയ സംഭാവന സ്തുത്യർഹമാണ്. ആധ്യാത്മ കവി തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടും, കുഞ്ചിക്കുട്ടൻ തമ്പുരാനും മലയാളഭാഷയെകുറിച്ചു ബൃഹൃത്തായി അറിവുനൽകുന്ന ഭാഷാപോഷിണിയും മലയാളഭാഷയ്ക്കു നൽകിയ സംഭാവന വിലപ്പെട്ടതാണ്. കവിതകളിൽകൂടി ഭാഷയെ പരിപോഷിപ്പിച്ച കവികളായ ചങ്ങമ്പുഴയും, കുമാരനാശാനും, മഹാകവി ജീയും ഉൾപ്പെടെയുള്ള കവികളുടെ കവിതകൾ ഇന്നും കേരളീയരുടെ നാവിൻ തുമ്പിൽ തത്തി കളിക്കുന്നതിനു പ്രധാന കാരണമായത് കവിത എഴുത്തിലും, മലയാളഭാഷയിലും അവർക്കുള്ള അവഗാഹം തന്നെയാണ്.

കുമാരനാശാന്റെ കരുണയും, ചണ്ഡാളഭിക്ഷുകിയും, ചങ്ങമ്പുഴയുടെ രമണനും വാഴക്കുലയും മലയാളി സമൂഹത്തിലെ അസമത്വത്തിനും ഉച്ചനീചത്വങ്ങൾക്കും എതിരെയുള്ള ഒരു കുന്തമുനതന്നെയായിരുന്നു.



വാക്കുകൾ കയറിചെന്ന് മനുഷ്യമനസ്സിലെ അകകാമ്പിൽ കയറിയിരിക്കുന്ന രചന വൈഭവത്തിൽ കവിതകളെഴുതുന്ന എത്ര കവികളാണ് മലയാളഭാഷയുടെ സുവർണ്ണകാലത്ത് നമുക്കുണ്ടായിരുന്നത്. ഇന്നോ? സ്വന്തം കുട്ടികളെ മലയാളം പഠിപ്പിക്കുന്നത് ലജ്ജയായികാണുന്ന രക്ഷിതാക്കൾ ഒരു വശത്ത്? കഠിനമായി പറഞ്ഞാൽ ഇതുപോലുള്ളവർ സ്വന്തം സന്തതികളുടെ വിദ്യാഭ്യാസത്തേയും മാതൃഭാഷയായ മലയാളത്തേയും അപമാനിക്കുകയാണ് ചെയ്യുന്നത്. മറുവശത്ത് നല്ല വണ്ണം നാലക്ഷരം മലയാളം പഠിപ്പിക്കുന്ന സർക്കാർ സ്ക്കൂളുകൾ പൂട്ടിക്കാൻ നടക്കുന്ന വിദ്യാഭ്യാസ കച്ചവട സ്ഥാപനങ്ങളും, കച്ചവടക്കാരും കാണാമറയത്ത് പ്രവർത്തിക്കുന്നതിലൂടെ ഓരോന്നായി പൂട്ടികൊണ്ടിരിക്കുകയാണ് സർക്കാർ സ്ക്കൂളുകൾ. മലയാളഭാഷയുടെ ശനിദശ അവസാനിക്കുന്ന ഒരു നല്ലകാലം വരുകയില്ലേയെന്നു കേഴുകയാണ് ഇന്ന് മലയാളഭാഷാസ്നേഹികൾ.

അതാത് പ്രദേശങ്ങളിലെ അല്ലെങ്കിൽ ജില്ലകളിലെ ജനങ്ങളുടെ ജീവിതരീതിയുമായി കെട്ടുപിണഞ്ഞാണ് കേരള സംസ്ഥാനത്തിലെ കാസർഗോഡുമുതൽ തിരുവനന്തപുരംവരെ വസിക്കുന്ന മലയാളികൾ സംസാരിക്കുന്ന മലയാളഭാഷ രൂപപ്പെട്ടത്. അതിനൊരു ഉദാഹരണമാണ് മലബാറിലെ മലയാളം, തിരുകൊച്ചി മലയാളം, തിരുവീതാംകൂർ മലയാളം എന്നെല്ലാമുള്ള വീതംവെപ്പ്. പണ്ടുമുതൽ മലബാറിൽ മാപ്പിള അല്ലെങ്കിൽ മുസ്ലീം ഭാഷ കലർന്ന മലയാളമാണ് മലയാളികൾ സംസാരിക്കുന്നത്. തിരുവീതാംകൂറിലുള്ള മലയാളികൾ സംസാരിക്കുന്നത് തമിഴ് ചുവയുള്ള മലയാളമാണ്. ഇന്നും തിരുവീതാംകൂറിൽ "എന്തിരണ്ണാ" "പോവ്വൂവ്വ്" എന്നൊക്കെയുള്ള മലയാളം അവരുടെ നിത്യജീവിതത്തിന്റെ ഒരു ഭാഗംതന്നെയാണ്. എന്നാൽ മലയാളത്തിന് ഒരു വ്യാകരണ സംസാരഭാഷയുണ്ട്. അത് മലബാർ മലയാളമോ, തിരുവീതാംകൂർമലയാളമോ, തിരുകൊച്ചി മലയാളമോ എന്ന രീതിയിലല്ല അറിയപ്പെടുന്നത്. "പ്രകാരം" അടിസ്ഥാനമാക്കി മലയാളഭാഷാസംസാരരീതിയെ അഞ്ചായി തരംതിരിച്ചിട്ടുണ്ട്. ആയവ "നിയോജക പ്രകാരം" "വിധായക പ്രകാരം" "അനുജ്ഞായക പ്രകാരം" "നിർദ്ദേശക പ്രകാരം" "ആശംസ പ്രകാരം" എന്നിങ്ങനെയാണ്. എന്താണ് "നിയോജക പ്രകാരം"? ഒരാൾ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

അധികാരത്തോടെ അല്ലെങ്കിൽ പ്രജകളെ ഭരിക്കാൻ അർഹതയും അധികാരവും ഉള്ള രാജാവിന്റെ അധികാരത്തോടെ സംസാരിക്കുന്നതിനെയാണ് "നിയോജക പ്രകാരം"എന്നു പറയുന്നത്. നിയോജക പ്രകാരം മലയാളഭാഷ സംസാരിക്കുന്നവരാരും യാചനാരൂപത്തിൽ(സ്വരത്തിൽ) അഭ്യർത്ഥിക്കാറില്ല. ഉദാഹരണത്തിന് ഒരാളെ തന്റെ മുന്നിൽ ഹാജരാക്കാൻ കല്പിക്കുകയാണെങ്കിൽ "ഇന്നയാളെ"എന്റെ മുന്നിൽ കൊണ്ടു വരട്ടെഎന്ന രീതിയിൽ കല്പ്പിക്കുകയാണ് ചെയ്യാറുള്ളത്. "വിധായക പ്രകാരം" സംസാരിക്കുന്നവർ എപ്പോഴും ഒരാളെ തന്റെ കൺമുമ്പിൽ കണ്ടാലോ വീട്ടിൽ അതിഥിയായി എത്തിയാലോ"വരണം", "ഇരിക്കണം" എന്നാണു പറയാറുള്ളത്, അതുകൊണ്ടാണ് പ്രകാരത്തിൽ "അണ"മെന്നു വിധായകേ ആയത്. മലയാളഭാഷയിലെ പ്രകാരത്തിൽ "ആം"അനുജ്ഞായകമാണ്." "അനുജ്ഞായക പ്രകാരം" മലയാളഭാഷ സംസാരിക്കുമ്പോൾ "വരാം" "ഇരിക്കാം" "ഇവിടെ നിൽക്കാം" "ഇവിടെ ഇരിക്കാം" എന്നാണ് സംബോധന ചെയ്യുന്നത്. പിന്നെയുള്ള ഒരു "പ്രകാരം" "നിർദ്ദേശക പ്രകാരം". കാലത്തിനു അനുയോജ്യമായി സംസാരിക്കുന്നതിനെയാണ് "നിർദ്ദേശക പ്രകാരം" എന്നു പറയുന്നത്. അഞ്ചാമത്തെ "പ്രകാരം" "ആശംസക പ്രകാരം". ആശംസക പ്രകാരം സംസാരിക്കുന്നവർ വന്നാലും ഇരുന്നാലും പോയാലും എന്നൊക്കെയാണ് സംസാരിക്കാറുള്ളത്. ആശംസകപ്രകാരത്തിലെ "ആലും" മലയാളഭാഷയിലേക്ക് കടമെടുത്തത് തമിഴിൽ നിന്നാണ്. മുൻ കാലങ്ങളിൽ മലയാളം വിദ്വാന്മാർ ധാരാളമുണ്ടായിരുന്നു നമ്മുടെ സമൂഹത്തിൽ. അവരായിരുന്നു മലയാളഭാഷാ ഗുരുക്കന്മാർ. അവർ രാമായണവും, മഹാഭാരതവും, ഭാഗവതവും മലയാളത്തിലേക്ക് തർജ്ജമചെയ്തുകൊണ്ട് വിദ്യാർത്ഥികളെ പഠിപ്പിക്കുമായിരുന്നു. സംസ്കൃതവും കൂടി പഠിച്ച അല്ലെങ്കിൽ അവഗാഹമുള്ള ഒരാൾക്ക് മാത്രമേ രാമായണവും, മഹാഭാരതവും, ഭാഗവതവും പഠിപ്പിക്കുവാൻ സാധിക്കുമായിരുന്നുള്ളു. വിദ്യാസമ്പന്നരല്ലാത്ത സ്ക്കൂൾ വിദ്യാഭ്യാസം തൊട്ടുതീണ്ടാത്ത കർഷകതൊഴിലാളികളും, കൂലിപ്പണിക്കാരുപോലും മുൻകാലങ്ങളിൽ സംസ്കൃതശ്ലോകരൂപത്തിലുള്ള രാമായണവും, മഹാഭാരതവും, ഭാഗവതവും വായിച്ച് അർത്ഥം പറയുമായിരുന്നു. തത്തുല്യമായതിലധികം വിദ്യഭ്യാസ യോഗ്യതയുള്ള ഇന്നത്തെ എം.എ. മലയാളക്കാർക്കുപോലും ഇക്കാലങ്ങളിൽ അതു സാധിക്കുമോ എന്നു പരീക്ഷിച്ചറിയേണ്ടതുതന്നെയാണ്.മലയാളം ഭാഷാപണ്ഡിതന്മാർ മലയാളഭാഷയെ ഈശ്വരന് തുല്യമായാണ് കാണുന്നത്. വിദ്യാധനംസർവ്വധനാൽപ്രധാനം എന്നും - മാതാപിതാഗുരു ദൈവം എന്നുമാണല്ലോ മലയാളഭാഷയും ഭാഷാവിദ്വാന്മാരും നമ്മെ പഠിപ്പിച്ചത്. അതുകൊണ്ടുതന്നെ മലയാളികൾക്ക് മലയാളം എന്നും പ്രാണാംശമാകട്ടെയെന്നു നമുക്കാശംസിക്കാം. ■

കവിത

# ജീവിത ഗ്രന്ഥത്തിന്റെ താളുമറിക്കുമ്പോൾ



രവീന്ദ്രൻവൈദ്യർ
കൊടാപ്പള്ളി





**ഓർമ്മയാം പൂക്കൾ നിറഞ്ഞു നറുമണം
വീശിയെത്തുന്നു ചരിത്രകാലം!
ആവണിമാസത്തിനാനന്ദ - തേരോട്ടം
ആഞ്ഞുപതിക്കുന്നു മാനസത്തിൽ
നാട്ടിൻപുറത്തുള്ള തോടും പുഴകളും
നന്മക്കായ് നിന്നു വളർന്നകാലം
ജീവിത ഗ്രന്ഥത്തിൻ താളുമറിക്കുമ്പോൾ
ഓർമ്മയിലെത്തുന്നു പോയകാലം!
തട്ടിയുണർത്തുന്ന ബാല്യകാലത്തിലെ
തിട്ടമായുള്ളൊരു സംഭവങ്ങൾ
കാലപഴക്കത്തിലെല്ലാം മറന്നാലും
കൺമുമ്പിലിന്നും തെളിഞ്ഞീടുന്നു.
മക്കട എന്നൊരു സുന്ദരഗ്രാമത്തിൽ
മക്കളായ് ഞങ്ങൾ വളർന്നകാലം?
ഇന്നുസ്മരിക്കുമ്പോൾ അച്ഛനില്ലെന്നുള്ള
യിഛാഭംഗത്തോടെ ചൊല്ലീടുന്നു.
അന്നത്തെ നാട്ടിൻപുറത്തുള്ള ജീവിതം
ഇന്നാലോചിക്കുമ്പോൾ എന്തുമാറ്റം
നഷ്ടമായ്തീർന്നൊരു ജീവിത സങ്കല്പ-
പൊട്ടിത്തകർന്നതേ മെച്ചമുള്ളു.
വീട്ടുമുറ്റത്തുള്ളരെഴുത്തു പള്ളിക്കൂടം
വിസ്മൃതമായൊരു ഭൂതകാലം!
കാരംവെള്ളിയും, ചെറുകുളം മാറും
കടന്നുപോം താണിയിൽ ലക്കരെക്ക്
പുസ്തകക്കെട്ടുമെടുത്തു നീങ്ങുമൊരു
ചങ്ങാതിപ്പറ്റവും മോർമ്മയായി
ഇന്നവരിൽ പലരില്ലെങ്കിലും - മമ
ചിത്തം സ്മരിക്കുന്നു ദുഃഖത്തോടെ .
ജീവിതഗ്രന്ഥത്തിൻ താളുമറിക്കുമ്പോൾ
ഓർമ്മയിലെത്തുന്നു പോയകാലം**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode



**Yes Key Electricals & Engineering Works**
Puthiyapalam, Calicut
Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ
ഇലട്രിക്ക് ഉപകരണങ്ങളും
റിപ്പയർ ചെയ്തുകൊടുക്കുന്നു.
NB: വെൽഡിംഗ് മെഷീൻ
വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob: 9847390950
Ph: 0495-2702073, Resi: 9048594525

**HASBI**
**TOURS & TRAVELS**
Meenchanda
Areekad
Calicut-27



Mob: SAHIR
9895 999 1000
9349 666 1000



**FRIENDS**
SPRAY PAINTING WORKS





Malaparamba, Kozhikode - 673007
Mob: 9495411642





**മമ്പുറം ഖുത്തുബുസ്സുമാൻ**
**ശിഫാ ചികിത്സ**



ഫോൺ : പി.എം. സൈനുൽ
ആബിദ് തങ്ങൾ
9605407229
9846886573

പി.എം. സൈനുൽ ആബിദ് തങ്ങൾ (മമ്പുറം)

കട്ടക്കമ്പനി സ്റ്റോപ്പ്,
പാലമട വിഷ്ണു ക്ഷേത്രം റോഡ്,
പെട്രോൾ പമ്പിന് സമീപം,
പാലാഴി, കോഴിക്കോട്.

വെള്ളി
ഒഴിവ്



പ്രവർത്തി സമയം
രാവിലെ 9 മണിമുതൽ
വൈകുന്നേരം 6 മണി വരെ.



**GLAMOUR GENTS WEAR**





Whole Sale & Retail
Mankave,
Calicut - 7



Mob: 9847756569
8891901404

Pants, Jeans, Shirt, T. Shirts etc...


Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ലേഖനം



ജോസഫ് പൂതക്കുഴി

# ന്യൂ ജനറേഷൻ സാഹസികതകൾ

ഉയർന്ന മലമുകളിലെ പാറക്കെട്ടുകളിൽ അതിസാഹസികമായി കയറാൻ ശ്രമിക്കുക, അതിവിദൂര സ്ഥലങ്ങളിലേക്ക് ബൈക്കിൽ സുഹൃത്തിനേയും കൂട്ടി അതിവേഗത്തിൽ ഓടിച്ചുപോകുക, ബൈക്ക് റേസിങ്ങ്, ബൈക്ക് സ്റ്റണ്ട്സ്, വിനോദസഞ്ചാരത്തിനിടയ്ക്ക് പുഴകളിൽ അവിടത്തെ ഭൂപ്രകൃതിയും കാലാവസ്ഥ വ്യതിയാനവും മനസ്സിലാക്കാതെ കുളിക്കാനിറങ്ങുക, പരിചയമില്ലാത്തകയങ്ങളിലേയ്ക്ക് എടുത്തുചാടുക മുതലായ സാഹസിക പ്രവർത്തികളിലേർപ്പെടുന്നതിൽ ഇന്നത്തെ യുവാക്കൾക്കും യുവതികൾക്കും വല്ലാത്തൊരു താല്പര്യം കാണുന്നു. എങ്കിൽ അതിന് അവർക്ക് പ്രേരണയാകുന്ന കാര്യങ്ങൾ ഏതൊക്കെയാണ് എന്ന് പരിശോധിക്കാം.

പുതിയകാലത്തെ ചെറുപ്പകാർക്ക് സമ്മർദ്ദം- ടെൻഷൻ വളരെ കൂടുതലാണ് എന്ന് യൂത്ത് സർവ്വേകൾ വെളിപ്പെടുത്തുന്നു. നിരന്തരമുള്ള പരീക്ഷകൾ, തൊഴിലും തൊഴിലന്വേഷണങ്ങളും, സന്തോഷകരമല്ലാത്ത കുടുംബാന്തരീക്ഷം, പ്രതീക്ഷകളും ആശാഭംഗങ്ങളും, കൂട്ടുകാരോടും സഹപ്രവർത്തകരോടുമുള്ള അഭിപ്രായവ്യത്യാസങ്ങൾ, ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും അനുസരിച്ച് പ്രവർത്തിക്കാനും നേടി എടുക്കാനുമുള്ള സാഹചര്യമില്ലായ്മ, ആൺപെൺ സൗർഹൃദങ്ങളുംപിണക്കങ്ങളും ഉയർത്തുന്ന മാനസികപ്രസ്നങ്ങൾ എന്നിങ്ങനെ ഒട്ടനവധികാര്യങ്ങൾ കൗമാരപ്രായക്കാരിലും യുവതീയുവാക്കളിലും സമ്മർദ്ദങ്ങൾ ഉണ്ടാക്കുന്നു. ഇവകളിൽനിന്നൊക്കെയുള്ളമോചനംതേടി എക്സൈറ്റിംഗ് പ്രവർത്തികൾക്കായി ഈ ചെറുപ്പക്കാർ ഇറങ്ങിപുറപ്പെടുന്നു.







ടി.വി. കാണാൻകരന്റില്ല, ഇന്റർനെറ്റ് കണക്ഷനില്ല, കമ്പ്യൂട്ടർ ഗെയിമുകൾക്കും ഇടമില്ല. ഇത്തരമൊരു സാഹചര്യത്തിൽ നമ്മുടെ ഈ ചെറുപ്പക്കാർ എവിടെയായിരുന്നാലും സമാധാനമായിട്ടിരിക്കുമോ? അവർക്ക് സ്വസ്ഥത യുണ്ടാകുമോ? ഇല്ലേ.ഇല്ല. ബോറടിക്കുന്നു ബോറടിക്കുന്നു എന്ന് അവർ പറഞ്ഞുകൊണ്ടേയിരിക്കും. ആധുനിക കാലഘട്ടത്തിന്റെ സൗകര്യങ്ങളും സാധ്യതകളും ലഭ്യമല്ലാത്തിടത്തോളം കാലം അവരുടെ മനസ്സ് അസ്വസ്ഥമായിരിക്കും. ക്ഷമാപൂർവ്വമായ ഒരു കാത്തിരിപ്പ് ഈ പ്രായത്തിലുള്ളവർക്ക് വളരെ കുറച്ചുപേർക്ക് മാത്രമേ സാധിക്കൂ. മുഴുവൻ സമയവും ആവേശം പകരുന്ന എക്സൈറ്റ്മെന്റിന്റെ കൊടുമുടിയിൽത്തന്നെ കഴിയണമവർക്ക്.

മറ്റുള്ളവരുടെ അംഗീകാരവും ആദരവും നേടാനും പ്രശംസിക്കപ്പെടാനും ആഗ്രഹിക്കാത്തവർ ഉണ്ടാവില്ല. അംഗീകാരം നേടി എടുക്കാനും മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചു പറ്റാനും ഓടിനടക്കുന്ന യുവതിയുവാക്കളെ കാമ്പസിനകത്തും പുറത്തും എല്ലാകാലത്തും കണ്ടുമുട്ടാനാകും. പുതിയ കാലത്തിന്റെ അനന്തമായ സാധ്യതകളും രീതികളും പേടേ മാറി കഴിഞ്ഞു. ഇന്നിപ്പോൾ ഫേസ് ബുക്കും വാട്സാപ്പും ആയി ആശയവിനിമയം നടത്താനും അംഗീകാരം നേടാനുമുള്ള ഇടങ്ങൾ. എത്ര ലൈക്കുണ്ട്, എത്ര പേർ ഷെയർ ചെയ്തു, വൈറലായോ എന്നതാണ് ആധുനികതയുടെ മുഖമുദ്രയായിത്തീർന്നിരിക്കുന്നത്. അസാധാരണമായ ഫോട്ടോകൾ പോസ്റ്റ് ചെയ്യുക, അത് സെലിബ്രിറ്റികളോടൊത്തുള്ളതാകാം സാഹസികത നിറഞ്ഞ സ്ഥലങ്ങളിലേതാകാം, അസാധാരണ കാഴ്ചകളാകാം, പുതിയ പുതിയ ടെക്നിക്കുകളും കണ്ടുപിടുത്തങ്ങളുമാകാം. ശ്രദ്ധപിടിച്ചുപറ്റണം എന്ന കടുത്ത ആഗ്രഹമാണ് എല്ലാ സാഹസികതയ്ക്കും പിന്നിലുള്ള മനശ്ശാസ്ത്രം.

Weired (വിയേർഡ്) എന്നൊരു വാക്ക് ഇംഗ്ലീഷിലുള്ളത് പുതുതലമുറയുടെ ഒരു പ്രത്യേക വിഭാഗം ആളുകളെ സൂചിപ്പിക്കുവാനായി ഉപയോഗിച്ചുവരുന്നു. വികൃതമെന്നു തോന്നിപ്പിക്കും വിധം മുടി വെട്ടിക്കുക, പ്രത്യേക സ്റ്റൈലിൽ വസ്ത്രം ധരിക്കുക, സാധാരണ മര്യാദകൾക്ക് നിരക്കാത്തപെരുമാറ്റരീതികൾ സ്വന്തമാക്കുക മുത

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കവിത



അനിൽ ചെങ്ങണാശ്ശേരി

# നക്ഷത്ര ദീപ്തി

ഒത്തിരി താരങ്ങളുണ്ടെന്റെ ചിത്തത്തിൽ
ഇത്തിരി വെട്ടം വിതറി
കുത്തിയൊലിക്കയാണുള്ളിൽ നിന്നുമൊരു
നിത്യദുഃഖത്തിൻ സരിത്ത്
ഭൂതലം മൂടുന്നൊരന്ധകാരത്തിന്റെ
ഭൂതോഭയമെന്ന പോലെ
കത്തും കതിരിന്റെ ചൂടേറ്റൊഴുകിടു-
മുത്തംഗ ഹിമശൈലം പോലെ
പിന്നെയുണരുകയാണനുഭൂതിതൻ
മിന്നൽ പിണരുകളുള്ളിൽ
പെറ്റുപെരുകുന്നു നക്ഷത്ര ജാലങ്ങൾ
കറ്റ പൊഴിക്കും കതിർമണികൾ
ഭൂവിന്നടിയിലൊളിഞ്ഞിരിയ്ക്കും രത്ന
ശോഭകളെങ്ങനെ വിണ്ണിലെത്തി
നന്മതൻ സൗരഭ്യമാർജ്ജിച്ചു നില്ക്കുന്ന
സൗന്ദര്യ തെജസ്സു പൂണ്ടു
വിണ്ടലമാകെ നിറഞ്ഞ നക്ഷത്രങ്ങ,
ളിണ്ടലിൻ വജ്രമണികൾ
നിങ്ങൾതൻ നേർത്ത,യിമയിളക്കത്തിൽനി-
ന്നെന്നകം വെണ്മയുണ്ണുന്നു.
നിങ്ങളെൻ മോഹപ്രസൂനങ്ങളെന്നുള്ളിൽ
സൗരഭ്യം വാരിത്തുകുന്നു.
നിങ്ങളില്ലെങ്കിലെൻ ജീവിതം ഭൂമിയി-
ലന്ധത മിസ്രത്തിലാണ്ടുപോകും.

കവിത

# മാറിയ ഓണം




വാസുദേവൻ വിളയൂർ

മാവേലി നാടുവാണീടും കാലം
മാനുഷ്യർക്കെല്ലാർക്കുമെന്നുമോണം
മാറിയകാലത്തുമെന്നുമോണം
മാവേലിമാർക്കായ് ചുരുങ്ങിപ്പോയി
കള്ളും ചതിയും നടമാടുന്നു.
പ്രജകളെ ഞെക്കിപ്പിഴിഞ്ഞിടുന്നു.(മാവേലി)
തൊട്ടതിനൊക്കെയും വിലകയറും
വിലയേറ്റം നാട്ടിൻ വളർച്ചയത്രേ
പണ്ടൊക്കെ ഉണ്ണാൻ വിതച്ചിരുന്ന
ഇന്നാകട്ടെ
വിതയ്ക്കാതെകൊയ്യാൻ ശ്രമിച്ചിടുന്നു.
കുന്നും മലയുമിടിച്ചീടുന്നു
കുണ്ടും കുഴിയും നികത്തീടുന്നു
കാടും മലകളുമല്ല മുഖ്യം
തോടും കുളവുമൊഴിവാക്കുന്നു.
പാടം നികത്തി വെടിപ്പാക്കുന്നു
കോൺക്രീറ്റ്കോട്ടകൾ കെട്ടീടുന്നു(മാവേലി...)
ബഹുനില വീടുകൾ നിർമ്മിക്കുന്നു.
ബഹു വിധം സൗകര്യമുണ്ടാക്കുന്നു
മണ്ണും ചെളിയുമൊഴിവാക്കാനായ്
കോൺക്രീറ്റ് കട്ട വിരിച്ചീടുന്നു
വേനലിൽ ചുട്ടുപൊരിഞ്ഞിടുമ്പോൾ
ശീതികരിച്ചു സുഖിച്ചിടുന്നു
അച്ഛനുമമ്മയ്ക്കും പ്രായമായാൽ
വൃദ്ധസദനങ്ങളേർപ്പെടുത്തും
മക്കളെ ബോർഡിംഗിലാക്കിപഠിപ്പിച്ചു
വക്കീലും ഡോക്ടറുമാക്കീടുന്നു.
കാലത്തിൻ മാറ്റത്തിലെല്ലാം മറക്കുന്നു
അത്തവും ഓണവും പൂവിളിയും...(മാവേലി..)

ഗാനം

# പ്രിയസഖി



മഞ്ചേരി ബാലചന്ദ്രൻ

പ്രേമഗംഗതൻ തീരത്തൊരുനാൾ
പ്രിയസഖി നിന്നെ ഞാൻ കണ്ടു
ആ നിമിഷം നിന്നാത്മാവിൽ
ആരുടെ ചിത്രം വരച്ചു-നീ
ആരുടെ ചിത്രം വരച്ചു- (പ്രേമ)
ഓർക്കാൻ ഒരുപാട് കവിതയുണ്ടല്ലോ
ഓമലെ നിന്നുടെ പുഞ്ചിരിയിൽ
കേൾക്കാൻ ഒരുപാട് കഥകളുണ്ടല്ലോ
കാതരെ നിന്നുടെ കൺമിഴിയിൽ (പ്രേമ)
രാവേറെ കഴിഞ്ഞപ്പോൾ നിൻ നിഴലിൽ
രാഗപരാഗങ്ങൾചൂടി...
ഏകാന്തതയിൽ നീ വരുമെന്ന്
ഏതോ രാക്കിളി പാടി (പ്രേമ)

* കുറിപ്പ്: പേർഷ്യൻ കവി നിസാമിനോട് കടപ്പാട്

കവിത

# സ്നേഹദേവത

നാരായണൻ കണയങ്കോട്

ആരിലും കുളിർ കോരിച്ചൊരിയാൻ കഴിവാർന്ന-
മാധുര്യ മൃദുഹാസമൊന്നു നീ സമ്മാനിക്കെ,
കേവലമലസയായ് എന്നിൽ വീണുറങ്ങിയ
സ്നേഹദേവത മന്ദം കൺമിഴിച്ചെഴുന്നേറ്റു.
പിന്നെ ജീവിത ഗമനങ്ങളിലെല്ലാം സ്നേഹ-
ദേവതയാം നീ, യെന്ന മുന്നോട്ടു നയിക്കയാൽ
ജീവിത ലക്ഷ്യത്തിലേയ്ക്കുള്ള യാത്രായിന്നേറെ-
സുന്ദരം, സുഗമവും പ്രത്യാശാ ഭരിതവും

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കവിത

# ഭൂമിതൻ ക്ഷതി



സൗമിനി ജി. നായർ

കാലം വൃഥാ ശാപ-
മേൽക്കുന്നതെന്തിനോ
കാലമല്ല ഇതിന് കാരണം.
കത്തിജ്വലിയ്ക്കുന്ന സൂര്യതാപമേറ്റു
കത്തിമരിയ്ക്കുന്ന ഭൂമി
ഭൂമിതൻ മാറിലെ മലകളെല്ലാം
വെട്ടിമാറ്റുന്ന മാനവ കരങ്ങൾ
അറിയുന്നതില്ല അവരൊന്നും ഓർക്കുന്നതില്ല
ഭൂമിതൻ കേഴലും കണ്ണീരും
വറ്റി വരളുന്ന കുളങ്ങളും നദികളും
അടക്കി പിടയ്ക്കുന്ന തേങ്ങലുകൾ
പാടങ്ങളില്ല നെൽവയലുകളില്ല
കതിർകൊത്തിപ്പറക്കുന്ന തത്തകളില്ല
ഊഞ്ഞാലാടുന്ന കായലുകളില്ല
പ്രകൃതി എന്ന സത്യത്തെ
കൊലചെയ്യുന്ന മാനവാ
അറിയുക നിങ്ങളീ ഇന്നിന്റെ വേദനകൾ
ഭൂമിതൻ ക്ഷതി അതിവിദൂരമല്ലാതായ്
ഉണരുക നിങ്ങൾ നാളെതൻ
ഉയർവ്വയ്ക്കിയ്

കവിത



സബിതകോടി

# പാഴ്ശ്രുതി-പ്രണയം

ഹൃദയത്തിൻ തന്ത്രിയിൽ മീട്ടുന്ന രാഗങ്ങൾ
അറിയാതെ സംഗീതമായൊഴുകി
മീട്ടുന്ന രാഗത്തിൻ പല്ലവിയോരോരോ
പാഴ്ശ്രുതി മീട്ടിയെൻ ഓർമ്മയായി.
ആർദ്രമാം സംഗീതം നൊമ്പരമാകുമെൻ
ഓർമ്മയിലോരോരോ പൂവുതിർന്നു
ഓർമ്മയാം നൊമ്പരക്കാറ്റിന്റെ വേദന
എന്നിലോ സംഗീതധാരയായി
ഒഴുകുമീ സംഗീതധാരയിലോരോരോ
മധുരിതമൈമൊരു വേദനയും
മനസ്സിനെ മാറ്റുന്നു ഋതുഭാദങ്ങളെപ്പോൾ
വിരഹവും ദുഃഖവും മാറിമാറി
മാറുന്ന കാലത്തിൻ കയ്യൊപ്പു ചാർത്തിയ
ഹൃദയത്തിൽ സ്വപ്നത്തിൻ മുദ്രകളും
ഓർമ്മപ്പെടുന്നതും മായ്ക്കപ്പെടാത്തതും
മനസ്സിന്റെ വേറിട്ട ചാപല്യങ്ങൾ
എന്നിട്ടുമെന്തിനീ ഓർമ്മയിലെന്നെന്നും
നോവിന്റെ ഈണമായ്നീയുണർന്നു..
എൻ മനോരഥവീഥിയിൽ എന്നും നീ
പൂത്തുനിൽക്കുന്നൊരു പൂത്തിലഞ്ഞിയായി
ഓർമ്മതൻ വാടിയിൽ സൗരഭ്യമേറുമീ
സൗഗന്ധിയാകുമെൻ പുഷ്പവാടി
ഓർമ്മയിലെന്നെന്നും ഓടിയണയുമീ
പ്രണയത്തിൻ നോവുമായ് ഹൃദയരാഗം
സായാഹ്ന വേളയിൽ തഴുകുന്ന കാറ്റിലോ
എൻമനം എന്തിനോ ഊയലാടി
ഓർമ്മതൻചില്ലയിൽ വീണ്ടുമീപ്രണയത്തിൻ
മധുരിത ഗാനമെൻ ചുണ്ടിലൂറി
മാധുര്യം തൂകുമാ ഗാനത്തിൻ ലഹരിയിൽ
എന്നിലെ മോഹമോ വീണുറങ്ങി

കവിത

# കാലചക്രം





അനീസ്സാ സുബൈദ
കല്ലായ്

ജീവൻ പൊലിഞ്ഞ് ജഡമായി തീരുമ്പോൾ
തീരുന്നു സ്വന്തവും ബന്ധവുമെല്ലാം
ഒരു കോടിമുണ്ടെന്റെ ദേഹത്ത് പുതപ്പിക്കാൻ
മറക്കല്ലേ മക്കളേ ആ നേരത്ത്.
നഗ്നത അകറ്റുവാൻ അമ്മതൻ ദേഹത്ത്
പട്ടിട്ടു മൂടേണ്ട ഓമനയെ...
ചന്ദനത്തിരിയുടെ ഗന്ധവും പേറിയാ
ഇളംകാറ്റു തഴുകുന്ന ദേഹമപ്പോൾ
ആത്മാവു പറന്നകന്നു
കിളിപോയ കൂടുപോൽ
ആത്മനൊമ്പരമായ് അമ്മതൻ ദേഹവും.
ഒരിറ്റു കണ്ണുനീർ തൂകേണ്ട മക്കളെ
അറിയാതെ പോലും തേങ്ങേണ്ട മക്കളെ
അമ്മക്കായ് നിങ്ങളൊരുക്കിയ കട്ടിലും
അമ്മ ഉപേക്ഷിച്ചു സ്വച്ഛന്ദമായ്.

ആറടിമണ്ണിലും ഗർവ്വൊന്നും വേണ്ട,
അമ്മക്കായൊരിക്കലും സ്മാരകം വേണ്ട
ഞാനലിഞ്ഞു ചേരുന്ന മണ്ണിനും ഉണ്ടെന്റെ
സ്നേഹനൊമ്പരത്തിൻ സൂര്യകാന്തം.
ശിലയൊന്നും വേണ്ടെന്റെ സ്മാരകം തീർക്കുവാൻ
ഓർമ്മപുതുക്കലും, വാർഷികവും
അന്നദാനം വേണ്ട, വസ്ത്രം കൊടുക്കലും
വേണ്ട, വേണ്ടയെന്റെ ഓർമ്മയ്ക്കായ്
ജീവിക്കും കാലത്ത് സമയത്തിനിത്തിരി
അന്നം കൊടുത്താൽ വലിയ പുണ്യം
അത്രയ്ക്കും പുണ്യം മരിച്ചിട്ട് നിങ്ങൾ
കർമ്മങ്ങൾ ചെയ്താൽ കിട്ടുകില്ല.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ലായ കാര്യങ്ങൾ സൂചിപ്പിക്കുവാൻ പ്രയോഗിക്കുന്ന വാക്കാണത്. സംഗതി "വട്ട് കേസാണ് "എന്ന് സാധാരണക്കാർ പറയും. ഞാൻ വ്യത്യാസപ്പെട്ടയാളാണ് എന്ന് ഏതുവിധത്തിലും കാണിച്ചുകൊടുക്കുവാൻ തത്രപ്പെടുന്നവരാണീക്കൂട്ടർ. ഞാൻ, എന്റെ ഇഷ്ടം - എനിക്കിഷ്ടമുള്ളതു പോലെ ചെയ്യും. ആരാണ് ചോദിക്കാൻ? ചുറ്റുപാടുമുള്ള എല്ലാത്തിനോടുമുള്ള എതിർപ്പിന്റേയും പുച്ഛത്തിന്റേയും കാഴ്ചപ്പാടുകളാണിതിനു പിന്നിലുള്ളതെല്ലാം.

ലഹരി ഉപയോഗിക്കുന്ന ചെറുപ്പക്കാർക്കിടയിൽനിന്ന് അപ്രതീക്ഷിതമായ പ്രഖ്യാപനങ്ങളും തീരുമാനങ്ങളും ഉണ്ടാവാറുണ്ട്. ഗോവക്ക് ബൈക്കിൽ ഒരു ട്രിപ്പ് നമ്മൾ പോകുന്നു. കമന്റ് പെട്ടെന്ന് സ്വീകരിക്കപ്പെടുന്നു. തത്സമയം തന്നെ ദിവസവും സമയവും തീരുമാനിക്കപ്പെടുന്നു. ലഹരിയുടെ കെട്ട് വിട്ട് കഴിയുമ്പോൾ എടുത്ത തീരുമാനത്തിന്റെ വരുംവരായ്കകളെ കുറിച്ച് ചിന്തിക്കുന്നു. പക്ഷേ എടുത്തതീരുമാനത്തിൽ പുറകോട്ടുപോകാൻ പാടില്ല എന്ന ഗാങ്ങിന്റെ അലിഖിതനിയമം മൂലം അഭിപ്രായ വ്യത്യാസങ്ങൾ പലരുടേയും തമസ്ക്കരിക്കപ്പെടുന്നു. ഒരു നിമിഷത്തിന്റെ ആവേശത്തിൽ എടുത്ത തീരുമാനത്തിന്റെ കൂടെ മനസ്സില്ലാമനസ്സോടെയാണെങ്കിലും പങ്കാളിയാവുന്നു.

കഴിഞ്ഞ തലമുറയുടെ ആഗ്രഹങ്ങൽക്കും സ്വപ്നങ്ങൾക്കും പ്രതിരോധം തീർത്തത് സാമ്പത്തിക പ്രശ്നങ്ങൾ ആയിരുന്നു. ഈ കാലഘട്ടത്തിൽ നമ്മുടെ നാട്ടിൽ വലിയൊരു വിഭാഗം ആളുകളും സാമ്പത്തിക ഭദ്രതയുള്ളവരാണ്. ചെറിയ പ്രായത്തിൽതന്നെ ജോലിയിൽ പ്രവേശിച്ച് സ്വന്തമായി വരുമാനം നേടുന്നതിന്റെ ത്രല്ലിലാണ് ചെറുപ്പക്കാരിൽ നല്ലൊരു വിഭാഗവും. പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്നതിനു മുമ്പ്തന്നെ ക്യാമ്പസ്സിൽ വെച്ച് മൾട്ടി നാഷണൽ കമ്പനിക്കാർ ഇന്റർവ്യൂ നടത്തികൊണ്ടുപോകുന്ന കൗമാരപ്രായക്കാർക്ക് തുടക്കത്തിൽ തന്നെ അഞ്ചക്ക ശമ്പളം ഇന്നൊരു വലിയ കാര്യമല്ല. ആവശ്യത്തിൽ കൂടുതൽ വരുമാനം ലഭ്യമാകുന്ന അവസ്ഥ പലരുടേയും ജീവിതത്തിന്റെ താളം തെറ്റിക്കുന്ന സംഭവങ്ങളും വിരളമല്ല. പല വീടുകളിലും ഒന്നിൽ കൂടുതൽ കാറുകളും കപ്പാസിറ്റിയും, സൗകര്യങ്ങളും കൂടുതലുള്ള ബൈക്കുകളുടെ എണ്ണവും ആവശ്യത്തിൽ കൂടുതലാണ്. ആഡംബര കാറുകളിലും വിലകൂടിയ ഏറ്റവും പുതിയ മോഡൽ ബൈക്കുകളിലും വെറുതെ ചുറ്റികറങ്ങൽ പലരുടേയും ഹോബിയാണ്. ചെറുപ്പത്തിന്റെ തിളപ്പും അമാതാവേശവും അപകടങ്ങൾ വിളിച്ചുവരുത്തുന്നത് സർവ്വസാധാരണമായി മാറിക്കൊണ്ടിരിക്കുന്നു.

ആകുലതകളും ആശങ്കകളും ഇല്ലാത്ത (അവയൊക്കെ മനപൂർവ്വം മറക്കുന്ന) യുവത്വം : ഒന്നിനെക്കുറിച്ചും കൺസേൺഡോ ബോധേർഡോ അല്ലാത്ത യുവലോകം. വരുന്നത് വരുന്നിടത്തുവെച്ചു കാണാം എന്ന മനോഭാവം. വരുംവരായ്കകളെക്കുറിച്ചുള്ള അവബോധമില്ലായ്മ അല്ലെങ്കിൽ എന്തിനേയും ഏതിനേയും നിസ്സാരവൽക്കരിക്കുന്ന സമീപനം. ഇതൊക്കെ "കെയർ ഫ്രീ" യുവത്വത്തിന്റെ ഇന്നത്തെ പ്രത്യേകതകളാണ്. അപകട സാധ്യതകളെക്കുറിച്ച് മുന്നറയിപ്പ് കൊടുക്കുന്നവരോട് "ഓ മരിക്കുന്നെങ്കിൽ മരിക്കട്ടെ" എന്ന ഈസി മട്ടിലുള്ള മറുപടി പറയാൻ കഴിയുന്ന ന്യൂ ജനറേഷൻ ട്രെൻഡുകൾ.

പോകാനിരിക്കുന്ന സ്ഥലത്തെക്കുറിച്ച് എല്ലാവിവരങ്ങളും തരാൻ പാകത്തിൽ ഇന്ന് ഗൂഗിൾ ഉണ്ട്. വഴി പറഞ്ഞുതരാൻ ജി. പി. ആറെസും മൊബൈൽഫോണും ആപ്പുകളുമുള്ളതുകൊണ്ട് വഴി തെറ്റി പോകാനിടയില്ല. പട്ടണങ്ങളിൽ റൂം ബുക്കുചെയ്യാനും ഇഷ്ട ഭക്ഷണം ലഭ്യമാണോ എന്നറിയാനും ഇന്റർനെറ്റ് പ്രയോജനപ്പെടുത്താം. യാത്രക്കിടയിൽ പണം നഷ്ടപ്പെടുമോയെന്ന് ഭയം വേണ്ട. ഈ കാലഘട്ടത്തിൽ കറൻസി കയ്യിൽ കൊണ്ടുനടക്കേണ്ട കാര്യമില്ലല്ലോ. പണ്ടൊക്കെ യാത്ര പുറപ്പെട്ടിട്ട് നാളുകൾക്കുശേഷം കിട്ടുന്ന കിട്ടുന്ന കത്തായിരുന്നു വിവരങ്ങളറിയുവാനുള്ള ഒരേയൊരു മാർഗ്ഗം. ഇന്നിപ്പോൾ 3/4 ജികളുടെ കാലത്ത് വീഡിയോകോളുകൾ പോലും ഒരു ബട്ടന്റെ ദൂരത്ത് ലഭ്യമാണ്. ടെക്നോളജിയുടെ വളർച്ച പുതിയ തലമുറയുടെ വൈവിധ്യവും ആവേശവും തേടിയുള്ള യാത്രയെ ഏറെ സഹായിക്കുന്നുമുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

AXN ടിവിയിലെ ഫിയർഫാക്ടർ എന്ന പരിപാടിക്ക് പെൺകുട്ടികളടക്കം ഏറെ കാണികൾ ഉണ്ടെന്നാണു കണക്ക്. ഡിസ്ക്കവറി ചാനലിലെ മാൻവേഴ്സസ് വൈൽഡ് ഇത്തരത്തിൽ ഏറെ ശ്രദ്ധേയമായ ഒരു പ്രോഗ്രാമാണ്. സന്തോഷ് ജോർജ് കുളങ്ങരയുടെ സഞ്ചാരമെന്ന യാത്രാപരിപാടി പുത്തൻ തലമുറയ്ക്ക് ഏറെ പ്രചോദനമാകുന്നു. ചാർഡലി സിനിമയിൽ ദുൽക്കർ സൽമാന്റെ കഥാപാത്രം മീശപുലിമലയിൽ പോയിട്ടുണ്ടോ എന്ന് ചോദിക്കുന്ന ചോദ്യം അനേകരെ അവിടേയ്ക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. ബാംഗ്ലൂർഡെയ്സ് എന്ന സിനിമയിലെ ബൈക്ക് മഡ് റേസിങ്ങ് യുവജന മനസ്സുകളിൽ ആവേശമായി നിറഞ്ഞു നിൽക്കുന്നു. ഓർഡിനറി, നീലാകാശം പച്ചക്കടൽ ചുവന്ന ഭൂമി മുതലായ സിനിമകൾ യാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്ന മലയാളത്തിലെ എടുത്തുപറയത്തക്കവയാണ്. മറ്റു പല സിനിമകളുടേയും മനോഹര ലൊക്കേഷനുകൾ യുവജനമനസ്സുകളെ അവിടെ എത്തിക്കാൻ പ്രേരണനൽകുന്നവയാണ്. ■

നക്ഷത്രരാജ്യം
മാസിക
വായിക്കുക

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

# സുനിൽകുമാർ

കോഴിക്കോടിന്റെ പ്രിയഗായകൻ ശ്രീ. സുനിൽകുമാർ സിനിമ-നാടക രംഗത്ത് തന്റെ സാന്നിദ്ധ്യം മികവിൽ തിളങ്ങിയ വർഷമാണ് 2017-18 വർഷം. അദ്ദേഹം കൊച്ചിൻ ഹനീഫ പുരസ്ക്കാരം നേടിയെടുത്തിട്ട് അധികദിവസ മായില്ല. തന്റെ മധുര ശബ്ദം പാട്ടുപാടുന്നതി നായി ശ്രദ്ധാപൂർവ്വം സംരക്ഷിക്കുന്ന ശ്രീ. സുനിൽകുമാർ 2017 വർഷത്തിലും 2018 തുട ക്കത്തിലുമായി പത്തോളം സിനിമകൾക്കാണ് പിന്നണി പാടിയത്. ടെയ്ക്ക് ഇറ്റ് ഈസി, ശ്രീഹള്ളി, മട്ടാഞ്ചേരി, മറുത, മാധവീയം, ടൂ ഡേയ്സ്, ഒരു പപ്പടവടപ്രേമം തുടങ്ങിയ സിനി മകളിൽ അദ്ദേഹം ആലപിച്ച പാട്ടുകളെല്ലാം ഒന്നിനോടൊന്നു മികച്ചവ തന്നെ. ശ്രീഹള്ളി യിൽ മഴമുകിൽ പെയ്യുമീ ഗാനം എന്ന ഗാന വും, മറുതയിൽ മകരനിലാവിൽ തേൻ മഴ പൊഴിയും എന്ന ഗാനം കെ.എസ്. ചിത്രയോ ടൊപ്പവും (സംഗീത സംവിധാനം രാജേഷ് ബാബു- ഷിംജിത്ത് ശിവൻ), വിനീത് നായക നാകുന്ന മാധവീയം എന്ന ചിത്രത്തിൽ പുതു മഴയിൽ പുലരഴകിൽ എന്ന ഗാനം ശ്രീമതി വാണി ജയറാമിനോടൊപ്പവും (സംഗീത സംവി ധാനം സുധി), കൈതപ്രത്തിന്റെ രചനയിൽ എന്നോട് ചേർന്ന് നിന്നാൽ എന്ന ഗാനം മജ്ജ രിയോടൊപ്പവും, ഒരു പപ്പടവടപ്രേമം എന്ന സിനിയയിൽ ആലപിച്ച അർജ്ജുനൻ മാസ്റ്റർ വർഷങ്ങൾക്കുശേഷം ദൂരദർശനുവേണ്ടി 70-ാം പിറന്നാളിനോടനുബന്ധിച്ച് പി,കെ. ഗോപി രചിച്ച് രാജേഷ് ബാബു- ഷിംജിത്ത് ശിവൻ എന്നിവരുടെ സംഗീത സംവിധാനത്തിൽ അമൃ തസുഗന്ധികൾ വിരിയുന്ന എന്ന ഗാനം അർജ്ജുനൻ മാസ്റ്ററുടെ സംഗീത സംവിധാന ത്തിൽ പുഴപോലെ പുലർകാല മഴപോലെ എന്ന ഗാനവും ദൂരദർശനുവേണ്ടി ആലപി ച്ചു.

ദേവരാജൻ മാസ്റ്റർ നവതി യുവ ഗായക പുരസ്ക്കാരവും, ചെല്ലപ്പനാശാൻ പുരസ്ക്കാ രം, കൊച്ചിൻ ഹനീഫ ചാരിറ്റബിൾ സൊസൈറ്റിയുടെ ടെയ്ക്ക് ഇറ്റ് ഈസി എന്ന സിനിമയിലെ പി.കെ ഗോപി രചിച്ച മഴയഴകേ പ്രണയദലം എന്ന ഗാനത്തിനു ലഭിച്ചു.

1988 മുതൽ സ്ഥാപിതമായ വോയ്സ് ഓഫ് കാലിക്കറ്റ് എന്ന സ്വന്തം ഓർക്കസ്ട്ര ട്രൂപ്പ് കഴിഞ്ഞ 30 വർഷമായി ഇന്ത്യക്കകത്തും പുറത്തും 2500ൽ പരം വേദികളിലായി സൗത്ത് ഇന്ത്യയിലെ പ്രശസ്തരായ യേശു ദായ്, പി. സുശീല, എസ്. ജാനകി, വാണി ജയറാം, പി. മാധുരി, കെ.എസ്. ചിത്ര, പി. ജയചന്ദ്രൻ തുടങ്ങി ഒട്ടുമിക്ക സൗത്തിന്ത്യ യിലെ പ്രശസ്ത ഗായകരോടൊപ്പം വേദി പങ്കിടാൻ ഭാഗ്യം സിദ്ധിച്ചു.

അനുഗ്രഹീത ഗായകൻ കോഴിക്കോട് കോർപ്പറേഷനിൽ എഞ്ചിനിയറിംഗ് ഡിപ്പാർട്ടു മെന്റ് സൂപ്രണ്ടുംപഴയകാല ഗായകനുമായി രുന്ന (സംഗീത സംവിധാ യകൻ ബാബുരാജി നോടൊപ്പം വേദിയിൽ പങ്കെടുത്തിരുന്നു) പരേതനായ സുകുമാരന്റേയും ശാന്താ സുകു മാരന്റേയും മകനായി കോഴിക്കോട് നടക്കാ വിലാണ് സുനിൽകുമാർ എന്ന അനുഗ്രഹീത ഗായകന്റെ ജനനം. പത്നി നീമാ സുനിൽ. മക്കൾ വിനീത് കൃഷ്ണ (ഗായകനും എഞ്ചി നീയറിംഗ് വിദ്യാർത്ഥിയുമാണ്. മകൾ അനാ മിക സ്ക്കൂൾ വിദ്യാർത്ഥിനി.




മാർച്ച് 9ന് റിലീസാകുന്ന മട്ടാഞ്ചേരി എന്ന സിനിമയുടെ സംഗീത സംവിധാനം നിർവ്വഹിച്ച ശിവം ഓഡിയോസ് രാജേഷ് ബാബു- ഷിംജിത്ത് ശിവൻ കൂട്ടുകെട്ടിന് കോഴിക്കോടൻ സംഗീതാസ്വാദകരുടെ അഭിനന്ദനങ്ങൾ



Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കവിത

# ഒരു മീനിന്റെ ആത്മഗതം



രജികുമാർപുലാക്കാട്

തലയിലെ
മിന്നുന്ന മീൻചെളുക്ക പൊതിഞ്ഞ
പാളനാരുകൾ തിരുകിയ
ഈച്ചയാർക്കുന്ന
സനാതന ഗന്ധങ്ങളുടെ
പുരാതനമായ കുട്ടയിൽ നിന്ന്
എപ്പോഴും പോം പോം പാടുന്ന
ഹീറോസൈക്ലിന്റെ  പിന്നിലെ
കുറച്ചുകൂടി പത്രാസുള്ളൊരു കുട്ടയിലേക്ക്
ഞാൻ ചാടിപ്പോയത്
നടത്തത്തിനും ഓട്ടത്തിനുമിടയിലുള്ളൊരു
നൃത്തവിന്യാസത്തിൽ അവനറിഞ്ഞില്ല.

എപ്പോഴും മോങ്ങിക്കൊണ്ടിരിക്കുന്ന
സൈക്കിളിൽ നിന്ന്
തുരുമ്പുകറയൊക്കെ കളഞ്ഞ്
ഞാനൊരു ടിവിഎസിന്റെ പിന്നിലെ
ഇരുചെവിയൻ നീല പ്ലാസ്റ്റിക് കുട്ടയിലേക്ക്
ഒളിച്ചോടിയത്
പാവം ഹീറോയുമറിഞ്ഞില്ല.
കടൽ എന്നു പേരുള്ള ആപെയിൽ
പഴയ സിനിമാപരസ്യക്കാരെപ്പോലെ
മൈക്കും കെട്ടിവെച്ച്
കവലകളിൽ ചെന്നുക്കിടന്ന് പ്രസംഗിച്ച
മൊബൈൽ മത്സ്യക്കടയിലും
അധികനാൾ പിടിച്ചു നിൽക്കാനായില്ല.

അവിടെനിന്നുംകടൽച്ചൂരൊക്കെ കളഞ്ഞ്
കുളിച്ച് കുട്ടപ്പനായി
വാൾമാർട്ട് റീട്ടെയിലിന്റെ
പളപള മിന്നുന്ന
ശീതികരണിയിലേക്ക് ഞാനെത്തിപ്പെട്ടത്
പാവം കടൽ എന്നല്ല
ഞാൻപോലുമറിഞ്ഞില്ല.

സാമ്പത്തിക മാന്ദ്യമല്ലേ
വയറ്റിപ്പെഴപ്പല്ലേ
അടവുനയങ്ങളിൽ
ചിലനീക്കുപോക്കുകൾ നടത്തിയില്ലെങ്കിൽ
നിലനില്പുണ്ടോ ?

എന്നിട്ടും ഇതൊന്നമറിയാതെ
വെറും ചെതുമ്പൽക്കുട്ട ചുമക്കുന്ന
കുഞ്ഞയമ്മദിനെ
നോട്ടുകാരായ നാട്ടുകാർ
വട്ടനെന്നും പൊട്ടനെന്നും
പൂയ് വിളിക്കുന്നതാണ് സങ്കടം
വല്ലാത്തൊരു നാട്ട്ാര് !

കാര്യമെന്തൊക്കെയായാലും
പഴയആലഭാരമൊന്നുമില്ലെങ്കിലും
ഞാനിപ്പോഴും ഒരു കടൽമീൻ തന്നെയാണ്
ചരക്കുകളുടെ ഒരു സമുദ്രം !

കവിത

# സ്വപ്നത്തിൽ



ഹരീഷ് കൊമ്മേരി

ഹൃദയത്തിൽ അകതാരിൽ താഴിട്ടുപൂട്ടിയ-
മണിവാതിൽ പതിയെ ഞാൻ തുറന്നു നോക്കി
മുരളികയൂതുന്ന കണ്ണന്റെ വിരിമാറിൽ
തലചായ്ച്ചു മയങ്ങുന്ന രാധയെ കണ്ടു ഞാൻ
മിഴികളിൽ നിറഞ്ഞൊരാനന്ദാശ്രുകണങ്ങളുമായ്
ഇരു കരങ്ങളും കൂപ്പി ഞാൻ നിന്നു ഏറെനേരം
അവിശ്വസനീയമാം ആ മനോഹര കാഴ്ചകണ്ടു



വിസ്മയിച്ചങ്ങനെ ഞാൻ നിന്നീടവേ
അതുവഴിപോയ ഇളംതെന്നലെന്നേ
സ്വപ്നത്തിൽനിന്നും വിളിച്ചുണർത്തി
എല്ലാ സ്വപ്നവും യാഥാർത്ഥ്യമാകുവാൻ
ഒരുവേള ഞാൻ ആശിച്ചുപോയി
ഇന്നമെൻ മനസ്സിൽ മായാതെ തെളിയുന്നു
സുന്ദരമാം ആ കൃഷ്ണരംഗം.

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ലേഖനം

# എഴുത്ത് ഒരു ജീവിതസമരമാണ്




**ഇയ്യങ്കോട് ശ്രീധരൻ**





മഹാകവി പി. കുഞ്ഞിരാമൻ നായർ



ഇയ്യങ്കോട് ശ്രീധരൻ

ഒരു എഴുത്തുകാരനെ സംബന്ധിച്ച് പറഞ്ഞാൽ മറ്റെല്ലാ തൊഴിലുംപോലെ ഒന്നാണ് എഴുത്തെങ്കിലും സമത്വഭാവേന പുലരുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടിയുള്ള പോരാട്ടമാണ് എഴുത്തിനെയും നയിക്കുന്നത്. അതിനാൽ, ആശാരിയെപ്പോലെ, കർഷകനെപ്പോല, വെൽഡറെപ്പോലെ തന്നെയാണ് എഴുത്തുകാരനും. സമൂഹത്തിൽ എഴുത്തുകാരനും ഒരു അംഗമാണ്. സാമൂഹിക മാറ്റത്തിനുള്ള ഉപകരണമാണ് അയാളുടെ എഴുത്തും. കവിത, കഥ, നോവൽ, നാടകം, ജീവചരിത്രം, ആത്മകഥ, ഓർമ്മക്കുറിപ്പ്, നർമ്മലേഖനം തുടങ്ങിയ വിവിധ മേഖലകളിലായി എഴുത്തിന്റെ വഴികൾ വിപുലമാണ്. ഇതിൽ ഏതെങ്കിലും ഒന്നിന്, ഒന്നിനേക്കാൾ മെച്ചമായ അവസ്ഥയുണ്ടെന്ന് കരുതൽ മൗഢ്യമാണ്. പഠനങ്ങളും യാത്രാകുറിപ്പുകളും എല്ലാം ശരിയായി സഹൃദയനെ വഴിതിരിക്കുന്ന രംഗങ്ങളാണ്.

പൗരസ്ത്യ സൗന്ദര്യശാസ്ത്രപ്രകാരം, കവികളെ ആയിരുന്നു സർഗാത്മക രചനകളുടെ അമരത്ത് പ്രതിഷ്ഠിച്ചതെങ്കിൽ ഇന്ന് അതിന് ഒരു പ്രസക്തിയുമില്ല. "നാടകാന്തം കവിത്വ"മെന്നെല്ലാം പറഞ്ഞത് കവിത പോലും നാടകീയമായില്ലെങ്കിൽ ആസ്വാദകർ മടുത്തുപോകും എന്ന അർത്ഥത്തിലാണ്. രസകരമാവണം കാര്യം. രസം ഉല്പാദിപ്പിച്ചുകൊണ്ട് വായനക്കാരനെ ലയിപ്പിക്കാൻ സാധിച്ചില്ലെങ്കിൽ, ആ കൃതി ശുഷ്ക്കമായിരിക്കും. കേവലരസമല്ല, ജീവിതത്തെ പുതുക്കിപ്പണിയുവാനുള്ള സന്ദേശങ്ങൾ ഉൾച്ചേരുന്ന രസം കൃതികളിൽ നിന്ന് ഉറന്നൊഴുകി അനുവാചകഹൃദയത്തെ വികാര- വിചാരഭരിതമാക്കണം.

കേരള സാഹിത്യ അക്കാഡമി, ആറുപതിറ്റാണ്ടിലേറെയായി എഴുതിവരുന്ന എനിക്ക് ഈ പുരസ്കാരം നൽകിയിത് ഏറെ വൈകിയിട്ടാണ്. ഇതിൽ വിമർശനമില്ല. പരിഭവം ഒട്ടുമില്ല. ഉച്ചനേരത്ത് കിട്ടേണ്ടുന്ന ഊണ് വൈകുന്നേരമാണ് ലഭിച്ചത് എന്ന വസ്തുത സൂചിപ്പിക്കുകയാണ്. വൈകിയാണെങ്കിലും അംഗീകരിച്ചുവല്ലോ എന്ന കൃതജ്ഞത അക്കാഡമി ഭാരവാഹികളോടും ഈ കൃതി പുരസ്കാരത്തിനായി തിരഞ്ഞെടുത്ത വിധികർത്താക്കളോടുമുണ്ട്. എഴുത്തിൽ എനിക്ക് തരംതിരിക്കാനാവില്ല. എട്ടോളം കാവ്യസമാഹാരങ്ങളുണ്ട്. നാലോളം അനുഭവക്കുറിപ്പുകളുണ്ട്. മൂന്ന് ആട്ടക്കഥകളുണ്ട്.രണ്ട് ഗാന-നാടക രൂപകങ്ങളുണ്ട്. നാല് നോവലുകളുണ്ട്. ഒരു ചെറുകഥാസമാഹാരവുമുണ്ട്. മൂന്ന് ജീവചരിത്രങ്ങളുണ്ട്. ഏറെ വൈവിധ്യാത്മകമാണ് എന്റെ എഴുത്ത്. ജീവിതമേ വൈവിധ്യപൂർണ്ണമാകുമ്പോൾ എഴുത്തും അപ്രകാരം തന്നെ. കവിതയ്ക്കോ, ജീവചരിത്രത്തിനോ പുരസ്കാരം ലഭിച്ചേക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിൽ കേരള സാഹിത്യ അക്കാഡമി നൽകുന്നത് യാത്രാവിവരണത്തിനാണ്. ഭിന്നരുചിയാണല്ലൊ ലോകം, അഥവാ അംഗീകാരം. കവിതയ്ക്ക് ആദ്യമായി മാതൃഭൂമി ബാലപംക്തി എനിക്ക് സമ്മാനം തന്നത്, ഞാൻ കേരള കലാമണ്ഡലം വിദ്യാർത്ഥി ആയിരുന്ന കാലത്താണ്. സമ്മാനം ലഭിച്ചുവെന്ന് അറിയിച്ചുകൊണ്ട് എം. ടി. വാസുദേവൻ നായർ എഴുതിയ കത്ത്, 1958ൽ, ഞാൻ ഇന്നും

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

നിധിപോലെ സൂക്ഷിച്ചിട്ടുണ്ട്.1964-ൽ കേരള സാഹിത്യസമിതി നടത്തിയ ക്യാമ്പിൽവച്ച് പഴശ്ശിരാജയെ ക്കുറിച്ച് എഴുതിയ പതിനഞ്ച് ശ്ലോകങ്ങൾക്ക് പുരസ്കാരം ലഭിച്ചു. അത് തന്നത് മഹാകവി വൈലോപ്പിള്ളിയായിരുന്നു. ആ ശ്ലോകങ്ങൾ വയലാർ രാമവർമ്മ എന്നെക്കൊണ്ട് പലവട്ടം ചൊല്ലിച്ചിട്ടുണ്ട്. ചെറുകാടും ഭാരതപ്പിഷാരടിയും മുണ്ടശ്ശേരി മാസ്റ്ററും ചേർന്നായിരുന്നു ഈ കൃതി ഒന്നാം സമ്മാനത്തിന് തിരഞ്ഞെടുത്തത്. കാലവും രചനകളും പിന്നെയും ഒഴുകി. 1998ൽ എന്റെ സംഘഗാനം എന്ന കാവ്യസമാഹാരത്തിന് ശക്തി അവാർഡ് ലഭിച്ചു. തുടർന്ന് ലഭിച്ച പുരസ്കാരം എന്റെ ആട്ടകഥ പരിഭാഷയ്ക്ക്. ഷേക്സ്പിയറുടെ കിംഗ് ലിയറിന്ന്, പാരീസിലെ ആർട്സ് സർവ്വീസ് ഇന്റർനാഷണൽ തന്ന 3000 ഫ്രാങ്കിന്റെ സമ്മാനമായിരുന്നു.

കേരളകലാമണ്ഡലം കാര്യദർശി ആയിരുന്നപ്പോഴായിരുന്നു കിംഗ്ലിയർ ആട്ടക്കഥയാക്കി കേരളത്തിലെ പ്രഗത്ഭ കലാകാരന്മാരെ അണിനിരത്തിക്കൊണ്ട് ഒട്ടേറെ അന്താരാഷ്ട്ര കലോത്സവങ്ങളിൽ അവതരിപ്പിച്ചത്. കേരള കലാമണ്ഡലത്തിന് വമ്പിച്ച സാമ്പത്തിക നേട്ടം ഉണ്ടാക്കിക്കൊടുത്ത സാംസ്കാരിക പര്യടനമായിരുന്നു അത്. കഥകളി ഇന്നലെവരെ അറങ്ങേറാത്ത സ്പെയിനിലും കഥകളി അരങ്ങേറി.

സത്യത്തിൽ ഇപ്പോൾ ലഭിച്ച അക്കാഡമി പുരസ്കാരം അന്ന് നടത്തിയ വിദേശപര്യടനത്തിന്റെ ഓർമ്മകളാണ്. കേവലം ഓർമ്മകൾ മാത്രമല്ല, സഞ്ചരിച്ച സ്ഥലങ്ങൾ, ജനങ്ങൾ, അന്നാടുകളിലെ സാംസ്കാരിക സ്ഥാപനങ്ങൾ, എഴുത്തുകാർ, കലാകാരന്മാർ, ഭൂപ്രകൃതി, കാലാവസ്ഥ യാത്രയിലെ രസകരങ്ങളായ അനുഭവങ്ങൾ ഇതെല്ലാം കൂടിച്ചേർന്ന ഒരു യാത്രാവിവരണമാണ് കിംഗ്ലിയറിന്റെ യൂറോപ്യൻ സഞ്ചാരപഥങ്ങൾ എന്ന ഗ്രന്ഥം. യാത്രാവിവരണ ഗ്രന്ഥങ്ങൾക്ക് മലയാളത്തിൽ ദാരിദ്ര്യമല്ല. പൊറ്റക്കാട് ഇന്നും അജയ്യനായി ആ രംഗത്തെ കസേരയിൽ ഇരിപ്പുണ്ട്. എന്നാൽ ഞാൻ ഇത്തരം പൂർവ്വമാതൃകകളൊന്നും സ്വീകരിച്ചില്ല. എന്റെ യാത്ര എത്ര രാമായണങ്ങളും ഒരു യാത്രാവിവരണവുമാണ്. രാമായണം കഥകളിയുമായി തായ്‌ലണ്ട്, സിങ്കപ്പൂർ തുടങ്ങിയ നാടുകളിൽ നടത്തിയ പര്യടനാനുഭവമാണ്. ഒരു വർഷത്തിനുള്ളിൽ അത് വിറ്റ്പോയി. ഇപ്പോൾ പുരസ്ക്കാരം ലഭിച്ച ഗ്രന്ഥം പ്രസിദ്ധികരിച്ചത് കോഴിക്കോട്ടെ ഹരിതം ബുക്സാണ്. എല്ലാം വിറ്റുപോയി. വായനക്കാർ ഇതെല്ലാം വിടാതെ പിന്തുടരുന്നു എന്നാണല്ലോ ഈ അനുഭവം പഠിപ്പിക്കുന്നത്. ഗുരുതുല്യനായി ഞാൻ ഇന്നും മനസ്സിൽ പ്രതിഷ്ഠിച്ച മഹാകവി പി. കുഞ്ഞിരാമൻ നായരുടെ ജീവചരിത്രം സർക്കാരിന്റെ സാംസ്ക്കാരിക വകുപ്പിനുവേണ്ടി ഞാനാണ് എഴുതിയത്. ജീവചരിത്ര രചനയിലും ഞാൻ എന്റേതായ ഒരു രീതി അവലംബിച്ചിട്ടുണ്ട്. ഒന്നാം പതിപ്പ് മുഴുവൻ വിറ്റുതീർന്ന സ്വപ്നാടനം എന്ന ആ ഗ്രന്ഥം ഇതാ സാഹിത്യ അക്കാഡമി രണ്ടാം പതിപ്പ് ഇറക്കിയിരിക്കുന്നു. നാടിന്റേയും ചരിത്രത്തിന്റേയും സാമൂഹിക സ്ഥിതിഗതികളുടേയും പശ്ചാത്തലത്തിൽ കവിയെ കണ്ടെത്താനുള്ള ശ്രമമായിരുന്നു സ്വപ്നാടന രചന.

കേരള സാഹിത്യ അക്കാഡമിക്കുവേണ്ടിചെറുകാടിന്റെ ജീവചരിത്രം ഇതേമട്ടിൽ ഞാനെഴുതി സമർപ്പിച്ചു കഴിഞ്ഞു. ഇപ്പോൾ സുകുമാർ അഴീക്കോടിനെ കുറിച്ച് ഒരു സാംസ്ക്കാരിക ജീവചരിത്രം എഴുതിയിരിക്കുന്നു. ആരുടേയും ശുപാർശകത്തുകൊണ്ട് എഴുത്തുകാരനായവനല്ല ഞാൻ. മാധ്യമ സാഗരത്തിന്റെ ഓളങ്ങളിൽ നീന്തി ഞാൻ കര പിടിച്ചവനല്ല. കൂലി നിരൂപകരുടെ കാൽക്കൽ ഞാൻ കുനിഞ്ഞുനിന്നിട്ടില്ല. എന്റെ ചുറ്റുമുള്ള സമൂഹവും സമരാനുഭവങ്ങളും പാരമ്പര്യവുമെല്ലാംചേർന്ന മൂശയിലാണ് ഞാൻ രൂപപ്പെട്ടത്. .അതിസങ്കീർണ്ണങ്ങളായ ജീവിതാനുഭവങ്ങളിലൂടെ കടന്നു വന്നപ്പോഴും ഉണങ്ങികരുവാളിച്ചുപോകാതെ, രണ്ടിലയും ഒരു പൂമൊട്ടുമായി ഞാൻ വീണ്ടും തളിർത്തത്, സഹജാതരോടുള്ള സഹാനുഭൂതി കാരണമാണ്. അച്ഛന്റേയും അമ്മയുടേയും അനുഗ്രഹാശിസ്സുകൾ എനിക്ക് ഊർജ്ജം പകർന്നിട്ടുണ്ട്. അനേകം കേസുകളിൽ അകപ്പെട്ട് പോലീസ് ലോക്കപ്പിൽ കിടന്നപ്പോഴും അഴികൾക്കപ്പുറത്ത് ഉദയപ്രഭ ഉണരുമ്പോൾ ഈ ലോകം അവസാനിക്കുന്നില്ല എന്ന് ഞാൻ പ്രത്യാശിച്ചത് അതുകൊണ്ടാണ്.

വൈകി ലഭിച്ച ഈ പുരസ്ക്കാരം എന്നെ വിനയാന്വിതനാക്കുന്നു. രൂപയുടെ വിനിമയമൂല്യം കുറഞ്ഞ ഇക്കാലത്ത് 20,000 ഒന്നുമല്ല. 1970 ൽ മലയാളത്തിലെ ഉപപാഠപുസ്തകമായി പിയുടെ അക്ഷയദീപം തിരഞ്ഞെടുത്തപ്പോൾ അദ്ദേഹത്തിന് സർക്കാർ നൽകിയ പ്രതിഫലം 10,000 രൂപ ആയിരുന്നു. ഒരാഴ്ചക്ക് കടലയും കൽക്കണ്ടവും ബീഡിയും വാങ്ങാൻ ഇത് തികയുകയില്ല എന്ന് മഹാകവി അന്ന് പറഞ്ഞു നടന്നു. ആരും കേട്ടില്ല. ഡിപ്പാർട്ട്മെന്റിന് ഏത് കുഞ്ഞിരാമൻ നായർ? എന്ത് കുഞ്ഞിരാമൻ നായർ.

അവാർഡ് തുക ചുരുങ്ങിയത് അരലക്ഷമെങ്കിലും ആക്കണം. വല്ലപ്പോഴുമല്ലേ എഴുത്തുകാർക്ക് കൊടുക്കേണ്ടതുള്ളു എന്ന് കരുതിയാൽ മതി. എന്തുതന്നെ ആയാലും സമൂഹത്തോടും സഹൃദയത്വത്തോടും വിധേയനായി, സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ വ്യാപരിക്കാൻ എനിക്ക് ഇത് ശക്തി പകരുന്നു. ആ ശക്തി പകർന്നതിൽ എന്റെ പ്രിയ പത്നിയും മക്കളും സുഹൃത്തുക്കളുമുണ്ട്.

**(അക്കാദമി അവാർഡ് സ്വീകരിച്ചുകൊണ്ട് തൃശ്ശൂരിൽ സാഹിത്യ അക്കാദമി ഹാളിൽ നടത്തിയ പ്രഭാഷണം.)**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

മിനികഥ

# ഒരു നുറുങ്ങ് നുണ



മാധവൻ കുന്നത്തറ



"മുണ്ടശ്ശേരിപാസുകാർ....എണീറ്റ് നില്ക്ക്വാ...." നിന്നു....
ഉണ്ണി രാമനല്ലെ....? ഹെഡ്മാഷ് വിളിക്കുന്നു....
ചെന്നു...."നീതോറ്റുപോവ്വേള്ളൂന്ന് ഞാൻ പറഞ്ഞത് ഫലായില്ലേ....?
ഓ൦ാ.... ഈളുവാലൻ മീശയും വെച്ച് നിക്ക്ണു കണ്ടില്ലെ....
ഒരു യോഗ്യതയുമില്ലാത്ത ശുനകൻ..!
നിനക്കീ.... ക്ലാസ് ലീഡറായി ഞെളിയാൻ
നാണമില്ലെടാ കുണ്ടപ്പാ...!"
ഹെഡ്മാഷ് ഭാസ്കരൻ നമ്പ്യാർ കലിതുള്ളി..!
"തച്ചാലും നന്നാവാത്ത കഴുത... പരിഹസിച്ചു...."
"പോയി വാങ്ങിക്കൊണ്ടുവാടാ... കേളപ്പന്റെ ഹോട്ടലിൽ നിന്നൊരു ചായേം വടേം..
ഓടി...ചൂടാറാതെ ചായ്യം പരിപ്പുവടേം ഹെഡ്മാഷെ
മേശപ്പുറത്തെത്തിച്ച് ക്ലാസിലേയ്ക്കു തിരിച്ചു നടക്കാൻ തുടങ്ങവേ...
വീണ്ടു വിളി... "ങ്ങട്ടുവാടാ കഴുതേ...
എവിടെയ്ക്കാ ഓട്ണ്? പതുങ്ങി നിന്നു....
ന്നാ....ഈ പുസ്തകം കാർത്ത്യാണി ടീച്ചർക്ക് കൊണ്ടുപോയി കൊടുത്തിട്ട് വാ....
"സാർ, എനിക്കിപ്പൊ ഇംഗ്ലീഷ് പിരീഡാ..."
കിട്ടി: ചെള്ളക്കൊന്ന്..! "തർതല പാറേണൊ....
ആരാ ക്ലാസ് മാഷ്..? "വെങ്കിട്ട രമണിമാഷ്..."
"പട്ടരോട് ഞാൻ പറഞ്ഞോളം...പറേണത് പോലെ ചെയ്യ്യാ...
ന്നാ...കാർത്ത്യാണീടെ.. അല്ല: ടീച്ചറെ കയ്യിൽ തന്നെ കൊടുക്കണം....
അതിലു വെച്ച തുണ്ടുകടലാസ് നഷ്ടപ്പെടരുത്..
മനസ്സിലായൊ കഴുതേ..!" എന്നിട്ട് കുന്നിക്ക് പിടിച്ചുതീരുമ്മീട്ടൊരുന്ത്....
"പുസ്തകങ്ങാനും തുറന്ന് നോക്ക്യാൽ...!
എന്നൊരു ഭീഷണിയും! ഓടിയോടി ടീച്ചറെകണ്ടുപിടിച്ചു...
ലാബിന്റെ ഒഴിഞ്ഞ കോണിൽ ഇടതൂർന്ന മുടിയഴകളിലൂടെ വിരലുകളോടിച്ച് ഈരും പേനും ചികയുകയാണ്
കൊതിതോന്നിപ്പിക്കുന്ന കാർത്ത്യാണി ടീച്ചർ..!
അടുത്ത് തന്നെ ബർക്കിലി സിഗരറ്റും പുകച്ച്....
"ഓമനതിങ്കൾ കിടാവോ... നല്ല കോമള താമരപൂവ്വൊ..."
എന്ന ഇരിയമ്മൻ താരാട്ട് മൂളി ശൃംഗരിച്ചുകൊണ്ടിരിക്കുന്ന കോമളനായ കെ.സി.പി എന്ന ലാബ് ഇൻസ്പെക്ടർ...!
കൊടുത്തു പുസ്തകം. അതു നിർത്തി
"ഇതിലൊന്നൂല്ല്യേ" എന്ന് ചോദിച്ചപ്പോഴാണ്
അതിലെ തുണ്ടു കടലാസ് വഴിയലൊവിടേയൊ
കളഞ്ഞു പോയതറിഞ്ഞത്.
തിരിഞ്ഞോടി... വഴിയിൽ കണ്ട കടലാസു തുണ്ടുകളെല്ലാം പെറുക്കി പരിശോധിച്ചു.
ഒരു തുണ്ടിൽ..."എങ്കിലും ചന്ദ്രികേ നമ്മൾ കാണും
സങ്കല്പലോകമല്ലിയുലകം"
തുടങ്ങി എന്തൊക്കേയൊ!
മറ്റൊന്നിൽ "ലാസ്റ്റ് പിര്യേഡ് കട്ടു ചെയ്താൽ ട്രയിനിൽ മടക്കയാത്ര നമുക്കൊരുമിച്ചാവാം..."
പിന്നേയും ഏതാനും ഗോപ്യങ്ങൾ..
ഇതിലേതാണ് നമ്പ്യാര് മാഷ് കാർത്ത്യാണി ടീച്ചർക്ക് കൊടുക്കാനേല്പിച്ചത്.?!
സംശയം തീർക്കാൻ നേരമില്ല..
എല്ലാ തുണ്ടുകടലാസുകളും ടീച്ചറുടെ മുമ്പിലേക്കിട്ടോടി..
ഓട്ടത്തിനിടയിലും ടീച്ചറുടെകമന്റ് കേട്ടു...
"ഇക്കുണ്ടനെന്താ മുറിയൻ ട്രൗസറൊഴിവാക്കി മുണ്ടുടുത്തൂടെ...!
ക്ലാസിലെത്തുമ്പോഴേക്കു വെങ്കിട്ടരമണി മാഷ്ടെ ഇംഗ്ലീഷ് പിര്യേട് കട്ട്...!..... മരമണ്ടൻ! ■




Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

പ്രണാമങ്ങളോടെ...

ഓം നമഃശിവായ

## ജപധ്യാനസമിതി




# ആത്മപ്രഭാലയ ഗുരുദേവദർശനങ്ങൾ

വിശ്വാസം നഷ്ടപ്പെട്ടാൽ
സത്യം നഷ്ടപ്പെടും
സത്യം നഷ്ടപ്പെട്ടാൽ
നിയമം നഷ്ടപ്പെടും
നിയമം നഷ്ടപ്പെട്ടാൽ
നിയന്ത്രണങ്ങൾ നഷ്ടപ്പെടും
സത്യവും ധർമ്മവും നിഷേധിച്ചാൽ
സ്വാർത്ഥതയ്ക്കും വ്യാമോഹത്തിനും
അക്രമത്തിനും അനീതിക്കും അടിമപ്പെടും.
ഈ ഭൂലോകം ആർക്കും ശാശ്വതമല്ല.....
ഒരു ഭരണകൂടവും ശാശ്വതമല്ല.....
ഒരു മതവും ശാശ്വതമല്ല.....
ഒരു നിയമവും ശാശ്വതമല്ല
പ്രകൃതി നിയമം മാത്രമേ നിലനിൽക്കുകയുള്ളു.....
സർവ്വജീവജാലങ്ങളും ഈശ്വരസൃഷ്ടിയാണ്
സർവ്വജീവജാലങ്ങൾക്കും അതിന്റേതായ
ആഹാര രീതിയുണ്ട്
മനുഷ്യനും മനുഷ്യന്റേതായ ആഹാര
രീതിയുണ്ട്. അതിൽനിന്നും വ്യതിചലിച്ചാൽ
മൃഗങ്ങളും ജന്തുക്കളും കഴിക്കുന്ന ആഹാര
രീതി പിന്തുടർന്നാൽ, മനുഷ്യനും ജന്തുക്കളും
തമ്മിൽ എന്ത് വ്യത്യാസം?
ആൾ ദൈവം എന്നാൽ എന്ത്? സത്യവും
ധർമ്മവും നീതിയും ദയയും കാരുണ്യവും
ഉള്ളവൻ ദൈവത്തിനു തുല്യനാകുന്നു.
സത്യത്തേയും ധർമ്മത്തേയും
നീതിയേയും നിഷേധിച്ച്
അക്രമത്തിനും അനീതിക്കും കൂട്ടുനിൽക്കുന്നവർ
അസുരന്മാർ ആകുന്നു
ഭരണ പക്ഷവും പ്രതി പക്ഷവും ഒരുപോലെ
സ്വാർത്ഥതക്കും വ്യാമോഹത്തിനും
അക്രമത്തിനും അനീതിക്കും
അടിപ്പെട്ടാൽ സത്യവും
സത്യവും ധർമ്മവും നീതിബോധവുമുള്ളവർ
ആരെ ആശ്രയിക്കും
വിദ്യാഭ്യാസംകൊണ്ട് ഉണ്ടാകേണ്ട ഗുണമെന്ത്?
വിദ്യഭ്യാസം എന്നാൽ ഒരു പ്രത്യേക
ഉപാസനയിൽനിന്നും നിരന്തരം ചെയ്യുന്ന
കർമ്മത്തിൽ നിന്നും മാത്രമേ
വിദ്യ തെളിഞ്ഞുവരൂ അതിന് ആദ്യമായി
വേണ്ടത് സമാധാനമാണ്
സമാധാനം ഉണ്ടാകണമെങ്കിൽ പല
മാർഗ്ഗങ്ങളും ഉണ്ട്. അത് അറിവുള്ളവനും
അറിവില്ലാത്തവനും ഒരുപോലെ
സ്വായത്തമാക്കാനുള്ള ഉപാധിയാണ്.
ക്ഷേത്രസംസ്ക്കാരം, നാമജപം,
ധ്യാനം, പ്രാർത്ഥന എന്നീ ആചാരങ്ങൾ
കൊണ്ട് ലോകത്തിന് ഒരു മാറ്റവും
സംഭവിച്ചിട്ടില്ല.മനുഷ്യനാണ് മാറിയത്,
മാറേണ്ടതും മനുഷ്യനാണ്.
ജനനവും മരണവും നിത്യവും
നടന്നു കൊണ്ടിരിക്കുന്നു
അറിവുള്ളവരും അറിവില്ലാത്തവരും
ഉണ്ടായിക്കൊണ്ടേ ഇരിക്കും
എല്ലാവരേയും അറിവുള്ളവരാക്കി മാറ്റാൻ
ഒരിക്കലും സാധ്യമല്ല. പാലും വെള്ളവും
പോലെയുള്ള ഈ ജന സാഗരത്തിൽ നിന്ന്
സത്യവും, ധർമ്മവും, നീതിബോധവും
ഉള്ളവരെ എങ്ങിനെ കണ്ടെത്തും?
കണ്ടെത്തണമെങ്കിൽ ബുദ്ധിയാകുന്ന
മന്ധരപർവ്വതത്തെ മനസ്സാകുന്ന
കടക്കോലിൽ ഉറപ്പിച്ച് ഉപാസനയാകുന്ന
വാസുകികൊണ്ട് (നാമജപം കൊണ്ട്)
നന്മയും തിന്മയും ആകുന്ന ദേവന്മാരേയും
അസുരന്മാരേയും കൊണ്ട് കടയണം
നാമജപത്തിന്റെ മാഹാത്മ്യമാണ്
ഇതുകൊണ്ട് ഉദ്ദ്യേശിക്കുന്നത്.
ഒരു ഭരണ സംവിധാനത്തിന്റെ ആവശ്യം
സത്യവും ധർമ്മവും നിലനിർത്തുകയാണ്.
സ്വാർത്ഥതയും വ്യാമോഹവും അക്രമവും
അനീതിയും നിലനിർത്തുവാൻ
ആരുടേയും ആവശ്യമില്ല.
അത് ഓരോ മനുഷ്യരിലും ചെറുപ്പം മുതൽ
ശരീരത്തിന്റെ വളർച്ച്യ്ക്കനുസരിച്ച്
വളർന്നുകൊണ്ടിരിക്കും.
ഭൂരിപക്ഷം ജനങ്ങളും സ്വാർത്ഥതക്കും
വ്യാമോഹത്തിനും അക്രമത്തിനും
അനീതിക്കും അടിമപ്പെട്ടാൽ
സത്യവും ധർമ്മവും നീതി ബോധമുള്ളവരും
ഭൂരിപക്ഷത്തെ അനുസരിക്കണം എന്ന്
പറയുന്നത് ഏത് നിയമമാണ്?
നിയമം സത്യവും ധർമ്മവും നീതിയും
നിലനിർത്തുവാൻ വേണ്ടിയാണ്
അധികാരം എന്ന വരം കിട്ടിയതുകൊണ്ട്
മനസ്സ് മാറുന്നില്ല.
സത്യവും ധർമ്മവും നീതിബോധവും

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ഇല്ലാത്തവർക്ക് അധികാരം കിട്ടിയാൽ
ഭസ്മാസുരന് വരം കിട്ടിയ അവസ്ഥ ഉണ്ടാകും
1947ന് മുമ്പ് ഇവിടത്തെ അവസ്ഥ
എന്തായിരുന്നു. സ്വതന്ത്രമായി
ചിന്തിക്കുവാനും പ്രവർത്തിക്കുവാനും
ഉള്ള ഒരു സാഹചര്യവും ഇല്ലായിരുന്നു.
ഈ സാഹചര്യം സൃഷ്ടിക്കുക
എന്നതായിരുന്നു ലക്ഷ്യം. പക്ഷേ
മറ്റൊന്നാണ് സംഭവിച്ചത്.
സത്യവും ധർമ്മവും നീതിബോധമുള്ളവരെയും
അടിച്ചമർത്തി സ്വാർത്ഥ താല്പര്യക്കാരെ
വളർത്തി ഈ രാഷ്ട്രീയം
ഒരു വിഭാഗത്തിന്റേതുമാത്രമല്ലെന്നും
ഈ ഭൂമിയിൽ ജീവിക്കുന്ന ഓരോ വ്യക്തിക്കും
ഈ രാജ്യത്തിന്റെ ഭരണം എങ്ങോട്ട്
പോകുന്നുവെന്ന് ചിന്തിക്കുവാൻ അവകാശവുമുണ്ട്.
മലകൾ, പുഴകൾ, സമതലങ്ങൾ, നെൽപാടങ്ങൾ,
തോടുകൾ മുതലായ പ്രകൃതിയെ
ധർമ്മവിരുദ്ധമായി ഉപയോഗിച്ചതിന്റെ
പ്രതിഫലനമാണ് ഇന്നു കാണുന്ന
ഭൂപ്രതിഭാസങ്ങൾക്ക് മൂലകാരണം.
അന്ധവിശ്വാസം എന്നാൽ എന്ത്?
എങ്കിൽ യഥാർത്ഥ വിശ്വാസം എന്ത്?
അനാചാരം എന്നാൽ എന്ത്?
എങ്കിൽ യഥാർത്ഥ ആചാരം ഏത്?
ക്ഷേത്രവും മനുഷ്യനും തമ്മിൽ-
ഉള്ള ബന്ധം എന്ത്?
ക്ഷേത്രത്തിന്റെ ഉദ്ദേശം എന്ത്?
ലക്ഷ്യം എന്ത്?
യുക്തിവാദം എന്നാൽ എന്ത്?
യുക്തി ഇല്ലാത്തതാർക്ക്?
അന്ധവിശ്വാസം എന്നാൽ എന്ത്?
എങ്കിൽ യഥാർത്ഥ വിശ്വാസം എന്ത്?
അനാചാരം എന്നാൽ എന്ത്?
എങ്കിൽ യഥാർത്ഥ ആചാരം ഏത്?
ക്ഷേത്രവും മനുഷ്യനും തമ്മിൽ-
ഉള്ള ബന്ധം എന്ത്?
ക്ഷേത്രത്തിന്റെ ഉദ്ദേശം എന്ത്?
ലക്ഷ്യം എന്ത്?
യുക്തിവാദം എന്നാൽ എന്ത്?
യുക്തി ഇല്ലാത്തതാർക്ക്?
ഏകമായ വിശ്വാസത്തിൽ
വിശ്വാസം മാത്രം പോരാ
ഏകസത്യത്തിന്റെ
പ്രവർത്തനത്തിന്റെ രീതി
തിരിച്ചറിവുണ്ടാകണം
ക്രിയാത്മകമായ സത്യം ഇവിടെ
ഉടലെടുക്കുമ്പോൾ ഒരുവിധത്തിലും
പ്രവർത്തിക്കുവാൻ കഴിയാത്തവിധം
ആണിയടിച്ച് ഉറപ്പിച്ചതാരാണ്
ഇവിടെ നടക്കുന്നത് എന്ത്?
മയക്കാനും മരവിപ്പിക്കാനും
ഉള്ളതല്ല ജീവിതം.
ചിന്തിക്കുവാനും പ്രവർത്തിക്കുവാനും
ഉള്ളതാണ് ജീവിതം.
സംഘടിക്കുന്നതും ശക്തരാകുന്നതും
എന്തിനു വേണ്ടി?
സ്വാർത്ഥതക്കും, അഹങ്കാരത്തിനും
അനീതിക്കും, അക്രമത്തിനും വേണ്ടിയോ?
സത്യത്തിനും ധർമ്മത്തിനും
നീതിക്കും വേണ്ടിയോ?
ഋഷി നിർമ്മിതം തത്വം
ഭാരതത്തിലെ ദീപമായ്
ആദരിച്ചീടുവിൻ മക്കൾ
അണയ്ക്കാതെ കൊളുത്തുവിൻ
മാതൃപാദത്തിലെത്തീടാം
തത്വം സത്യത്തിൽ എത്തുമ്പോൾ
ലോകമാകെ നിറഞ്ഞീടും
അതങ്ങ് അനുഭവിച്ചീടുവാൻ
ഗുരുധാരയിൽ മുങ്ങുക
ഗുരുവെ നിന്ദിക്കരുതൊട്ടും
വന്ദിച്ചീടുക മക്കളെ
ഗുരുവിൽ തെറ്റു കാണുന്നോർ
അഹങ്കാരികളായിടും
അഹങ്കാരമുള്ള ചിത്തത്തിൽ
ശാന്തിയില്ല ഇതു നിശ്ചയം.
(ശിവയോഗിനി മാത)
നമ്മുടെ പൂർവ്വികരായ ഋഷിമാർ
ഈ ഭൂലോകം എല്ലാ ജീവജാലങ്ങൾക്കും
ഉതകുന്ന വിധത്തിൽ ഭൂപ്രകൃതിക്കനുസരിച്ച്
തട്ടുകളായും നെൽ വയലുകളായും
തരം തിരിച്ചു പ്രകൃതിക്ക് കോട്ടം തട്ടാത്ത
വിധത്തിൽ മലകളേയും സമതലങ്ങളേയും
നെൽവയലുകളേയും സംരക്ഷിക്കുന്നതിനു
നാനാവിധം കൃഷിയെ പ്രോത്സാഹിപ്പിച്ചു.
മലമുകളിൽ നിന്ന് ഉത്ഭവിച്ച്
വെള്ളം വയലേലകളിലും തോടുകളിലും
അതുകഴിഞ്ഞ് പുഴയിലും അവസാനം കട
ലിലും ചെന്ന് അവസാനിക്കുന്നു.
എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാകുന്നത്
സംസ്ക്കാരം (അറിവ്), ഈശ്വര സങ്കല്പം
(ബോധം, ജ്ഞാനം) നഷ്ടപ്പെടുമ്പോൾ.
സ്വന്തമായി ചിന്തിക്കുവാനും
പ്രവർത്തിക്കുവാനും ഓരോ
വ്യക്തിക്കും അവകാശമുണ്ട്.



**സംഘടിക്കുവാനും സഹകരിക്കുവാനും**
**താല്പര്യമുള്ളവർ ബന്ധപ്പെടുക**
**എം. മോഹൻദാസ്, സൂക്തസുധനിലയം**
**അരീക്കോട്ട് പറമ്പ്, പി.ഒ. കോട്ടൂളി,**
**കോഴിക്കോട്, ഫോൺ: 9744960052**

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

## നാടൻ വിഭവങ്ങൾ



റുക്സാന ജുറൈദ്

# ചോക്ലേറ്റ് കേക്ക്









| | |
|---|---|
| 1. മൈദ | 180 ഗ്രാം |
| 2. ഷുഗർ പൗഡർ | 200 ഗ്രാം |
| 3. ബട്ടർ | 150 ഗ്രാം |
| 4. എഗ്ഗ് | 2 |
| 5. കൊക്കോ പൗഡർ | 3 ടേബിൾ സ്പൂൺ |
| 6. ഇൻസ്റ്റന്റ് കോഫി പൗഡർ | 1 1/4 ടീ സ്പൂൺ |
| 7. വാനില എസ്സൻസ് | 1 ടീ സ്പൂൺ |
| 8. വിനിഗർ | 1 ടീ സ്പൂൺ |
| 9. ചുടുവെള്ളം | 100 മില്ലി |
| 10. ബേക്കിംഗ് പൗഡർ | 1/2 ടീ സ്പൂൺ |
| 11. സോഡാ പൗഡർ | 1 നുള്ള് |
| 12. ഉപ്പ് | |

**തയ്യാറാക്കുന്ന വിധം:**

ആദ്യം ചൂടാക്കിയ വെള്ളത്തിൽ കോഫി പൗഡർ, കൊക്കോ അലിയിക്കുക. തിളയ്ക്കരുത്. ഇലക്ട്രിക് എഗ്ഗ് ബീറ്റർ വെച്ച് ബട്ടറും, ഷുഗർ പൗഡറും നന്നായി അടിച്ചതിലേക്ക് എഗ്ഗ് ചെറുതായി അടിച്ചത് കുറേശ്ശേ കുറേശ്ശേ ചേർത്ത് അടിക്കുക. വാനില, വിനിഗർ, കോഫി മിക്സർ എന്നിവ ചേർത്തിളക്കി അരിച്ചു വെച്ച മൈദ, സോഡാ പൗഡർ, ഉപ്പ്, ബേക്കിംഗ് പൗഡർ ചേർത്ത് ഇളക്കി 150 ഡിഗ്രി സെൻഷ്യസിൽ 40 മിനിട്ട് ബേക്ക് ചെയ്യുക.

ബേക്ക് ചെയ്യുന്ന പാത്രത്തിൽ ആദ്യം ബട്ടർ തേച്ച് പിടിപ്പിച്ച് മൈദതൂവി തട്ടിയതിനു ശേഷം ബാറ്റർ ഒഴിക്കുക. അല്ലെങ്കിൽ ബട്ടർ പേപ്പർ വെച്ച് മുകളിൽ കേക്ക് കൂട്ട് ഒഴിക്കുക.

മൈദ നന്നായി അരിക്കുന്നത് കേക്ക് സോഫ്റ്റ് ഉണ്ടാകുവാനും കട്ടകെട്ടാതിരിക്കാനുമാണ്.

കവിത

# മധു...., മാപ്പ്....!!!



ടി.എ. മടക്കൽ

ചുടുമണ്ണുമൂടി കിടക്കുന്ന കുഴിമാട-
പുതുമണ്ണിലിന്നു ഞാനുറക്കമാണ്,
ഇടനെഞ്ചിലൊക്കെയും പുഴുവരിച്ചിന്നിതാ -
ഈ മണ്ണിലിന്നു ഞാൻ 'വള'മാകയായ്
എന്തിനാണെന്നെ നീകൊന്നതും തീർത്തതും,
ഒരുവാക്കു ചരിതമായിചൊല്ലാമോ...നീ.
ഒരുചാൺ വയറിന്റെ നോവുകൾ നൊമ്പര
കാഴ്ചയിൽ ഒരുപിടി അരിമണിയോ...?
വേറിട്ടനൊമ്പര കാഴ്ചയിൽ നീ എന്റെ
വാടിയ മുഖമൊന്നു കണ്ടതല്ലേ...?
ഉടുതുണിബന്ധിച്ച് നിന്ന എൻ കാഴ്ചയെ,
മാലോകരൊക്കെയും കണ്ടുവല്ലോ.....!!!!
ഈ മണ്ണിനുടമയെൻ പിതൃക്കളാണെന്നതും
കയ്യേറ്റ ചരിതങ്ങൾ തീർത്തന്റെ കൂട്ടരെ,
ഉൾക്കാട്ടിലാക്കി മദിച്ചവൻ നീഎന്നും
കാലം കരിന്തിരി കത്തിച്ച കഥയായി.
നിൻമനം കടലായിരമ്പിടുമ്പോൾ,
ഒരുചാൺ വയറൊന്ന് നിറയുന്ന കാലവും
ഉടുതുണിയിൽ കെട്ടി കൊല്ലാത്ത കാലവും.
വരുമെന്ന പ്രത്യാശ ബാക്കിവെച്ചിന്നുഞാൻ
കാട്ടാളനീതിയിനി തുടരാതിരിക്കുവാൻ
ചെറുരക്തസാക്ഷിയായ്അലിയട്ടെ ഈമണ്ണിൽ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

കവിത

## കണ്ണാടിനോക്കുന്ന കിളി




**പി.ടി. മുരളീമനോഹർ**

ചിരിയ്ക്കുമ്പോഴും മനസ്സിൽ
കരയുന്നൊരു കിളി
കത്തിപ്പടരും വിശപ്പാൽ
കൂട്ടം തെറ്റി പറന്നൊരു കിളി
ഉച്ചിഷ്ടം തിന്നും കുടിച്ചും
വിശപ്പടക്കുന്നൊരു കിളി
ഒറ്റയ്ക്കൊരു കൊമ്പിലിരുന്നു
കണ്ണാടിനോക്കുന്നൊരുകിളി
ഉറങ്ങാതെ രാത്രി ഉണർന്നിരിയ്ക്കും
പിന്നെ പകൽ കൊമ്പിലി
രുന്നുറങ്ങുംമൊരു കിളി
ഇരുട്ടിനെ വരിയ്ക്കാനെന്നും
രാവിനെ കാത്തിരിയ്ക്കും കിളി
ചിരിയ്ക്കുമ്പോഴും മനസ്സിൽ
കരയുന്നൊരു കിളി.

കവിത

## മറവി

**പൂനൂർ. കെ. കരുണാകരൻ**



തിരുത്തുവാനൊരു
ശരി,- യുറക്കനെ
കരയുവാനൊരു
ചിരി,- യിരുളിനെ
കൊതിയ്ക്കുവാനൊരു
തിരി,- തിരക്കിയീ
ത്തെരുവിലെന്റെയുൾ
ക്കരുത്ത് കേഴുന്നു.
ഇവിടെയെത്തുമ്പോ-
ഇവയുടെയന്തർ-
പ്പൊലിമകളുള്ളി-
ലുയർത്തിടുമെന്നും,
മസ്സു തേടുന്ന
സമസ്യകളുടെ
മധുരഭാവങ്ങൾ
തളിർത്തിടുമെന്നും
ഒടുവിലുണ്മതൻ
സുകൃതസൌഭഗം
ഇടറിവീഴാതെ
തുണച്ചിടുമെന്നും
പ്രലോഭനത്തിന്റെ
നനുത്തകൊഞ്ചലിൽ
പറഞ്ഞതാരെന്നു
മറന്നുപോവുന്നു.
വ്യഥിതബോധങ്ങൾ
വിധിയുടെ തണ്ണീർ
ത്തണുപ്പിലോർമ്മയെ
ബലികൊടുക്കുമ്പോൾ,
സഫലമൗനവും
സഹനമാവുമീ-
സ്വകാര്യതയിൽഞാ
നനാഥനാവുന്നു.

# ഒരുമ

## റസിഡൻസ് അസോസിയേഷൻ

### കൊമ്മേരി, കോഴിക്കോട്- 7

ഒരുമ റസിഡൻസ് അസോസിയേഷൻ 7-ാം വാർഷികം വപുലമായി കൊമ്മേരിയിൽ വെച്ച് ആഘോഷിച്ചു. ആഘോഷപരിപാടി ഉദ്ഘാടന ചടങ്ങിൽ ഉള്ളാട്ടിൽ വിനു സ്വാഗതവും പ്രസിഡണ്ട് ഒ.എം അശോകന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ മുനീർ ഉൽഘാടനവും നിർവഹിച്ചു. തുടർന്ന് മുഖ്യാതിഥി കോഴിക്കോട് കോർപ്പറേഷൻ നഗരാസൂത്രണ കമ്മിറ്റി ചെയർമാൻ എം.സി അനിൽകുമാർ മുഖ്യ പ്രഭാഷണം നടത്തി. പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി പി. ബാലചന്ദ്രൻ അവതരിപ്പിച്ചു. തുടർന്ന് ആശംസാ പ്രസംഗങ്ങൾ ഒരുമ വനിതാവിംഗ് പ്രസിഡണ്ട് വിനോദിനി, വനിതവിംഗ് സെക്രട്ടറി ബീന പത്മരാജൻ, പുലരി റസിഡൻസ് അസോസിയേഷൻ സെക്രട്ടറി കെ.എം. ബഷീർ, കൊമ്മേരി റസിഡൻസ് അസോസിയേഷൻ പ്രസിഡണ്ട് ഷാജി, ഒരുമ സെക്രട്ടറി ആഷിക്, യൂത്ത്വിംഗ് പ്രസിഡണ്ട് ഷാജി, എൻ രാധാകൃഷ്ണൻ, മുൻ പ്രസിഡണ്ട് എം. ശ്രീധരൻ എന്നിവർ സംസാരിച്ചു. കുടുംബാഗങ്ങളുടെ കലാപരിപാടികളും ഗാനമേളയും തുടർന്ന് സ്റ്റേജിൽ അവതരിപ്പിച്ചു. ഒരുമ ട്രഷറർ പത്മരാജൻ നന്ദി രേഖപ്പെടുത്തി.







കോഴിക്കോട് ജില്ലാ അക്കാറ്റിക് ചാമ്പ്യൻ ഷിപ്പിൽ വ്യക്തിഗത ഇനത്തിൽ എല്ലാ വിഭാഗത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അഷിത എം, പഞ്ചാബിൽ വെച്ച് നടന്ന നാഷണൽ കിക്ക്ബോക്സിംഗ് ചാമ്പ്യൻ ഷിപ്പിൽ വെള്ളിമെഡൽ നേടിയ അശ്വിൻ എം. (സഹോദരിസഹോദരന്മാരായ അഷിതയുടേയും, അശ്വിന്റേയും അച്ഛൻ ഒരുമയിലെ എം. ഷൈജു)

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക



# ശാരദ

## ഇൻഡസ്ട്രിയൽസ്





**കാളൂർറോഡ് , മാങ്കാവ്**

കോഴിക്കോട് - 673 007

**Mob: 9846412070**

# PHOENIX ARTS

**C. RATNAKARAN**
**KALOOR ROAD**
**CALICUT - 673 007**
**MOB: 8129802214**





ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും



## KODAPPALLY AYURVEDA PHARMACY

**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**

Mob : 9747868041






**Agency : KACOPS, KOTTOOLI**

എം. കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി

## സി. എം. എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർഷണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**













ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ പൊറ്റമ്മൽ, ഫോൺ : 3299956


Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

# പുസ്തക പ്രകാശനം

## നക്ഷത്രരാജ്യം മാസിക 9-ാം വാർഷികം

# തകഴി - നക്ഷത്രരാജ്യം

# അവാർഡ് സമർപ്പണം - 2018

## 2018 മാർച്ച് 22 വ്യാഴായ്ച വൈകു. 6 മണി

## കോഴിക്കോട് ടൗൺഹാൾ

പ്രശസ്ത കവികൾ പങ്കെടുക്കുന്ന കവിയരങ്ങ് വൈകു. 4 മണിമുതൽ
കലാ-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രമുഖർ പങ്കെടുക്കുന്നു
ശ്രീ. പി.ആർ. നാഥൻ തകഴി നക്ഷത്രരാജ്യം അവാർഡ് ഏറ്റുവാങ്ങുന്നു

നക്ഷത്രരാജ്യം ബുക്ക്സ് ഒരു പുസ്തകമായി പ്രസിദ്ധികരിക്കുന്ന ശ്രീ. യു.എ. ഖാദർ, പി.ആർ. നാഥൻ, കെ.പി. സുധീര, എം.എസ്. കുമാർ, രാജൻ ചിന്നങ്ങത്ത്, സുകുമാർ കൂർക്കഞ്ചേരി, മുണ്ട്യാടി ദാമോദരൻ, ബാലചന്ദ്രൻ മഞ്ചേരി, വാസു അരീക്കോട്, രത്നാകരൻ ചെറുവത്ത്, ഒ. വിജയൻ, ഇബ്രാഹിം മൂർക്കനാട്, ടി.എ. മടക്കൽ, ജനാർദ്ദനൻ കടുങ്ങപുരം, രജികുമാർ പുലാക്കാട്, പ്രഭാകരൻ നറുകര, എം.കെ. രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി, സി.കെ. രാഘവൻ, വിന്റർ വിശ്വനാഥൻ, ഇന്ദിരാദേവി വിശ്വനാഥൻ, അഷറഫ് വി. നെടിയനാട്, നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ എന്നിവരുടെ കഥകളുടെ സമാഹാരം "ആയില്യം നക്ഷത്രം" കഥകളുടെ പ്രകാശനം വൈകു. 6മണി

## കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്

യു. ഏ. ഖാദർ, പി.ആർ. നാഥൻ പ്രശസ്ത സിനിമ പിന്നണി ഗായകൻ സുനിൽകുമാർ, തുടങ്ങിയ രാഷ്ട്രീയ സാസ്ക്കാരിക പ്രവർത്തന മണ്ഡലത്തിലെ പ്രശസ്ത വ്യക്തിത്വങ്ങൾ പങ്കെടുക്കുന്നു.

കലാ, സാഹിത്യ നാടക പ്രവർത്തന മണ്ഡലങ്ങളിലെ മുഴുവൻ സഹപ്രവർത്തകരേയും കലാ, സാഹിത്യ ആസ്വാദകരേയും ഇതൊരു അറിയിപ്പായി സ്വീകരിച്ച് പരിപാടികളിൽ പങ്കെടുക്കുന്നതിനായി വിനയപൂർവ്വം ക്ഷണിക്കുന്നു.

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ
മാനേജിംഗ് എഡിറ്റർ

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

ജ്യോതിഷം

# ജ്യോതിഷം ശാസ്ത്രമാണ്.



പാരമ്പര്യ ജ്യോത്സ്യൻ
അനിൽ പണിക്കർ
ഫോൺ : 9995827197

ആർഷഭാരതസംസ്കാരത്തിന്റെ മഹത്ഗ്രന്ഥമായ ചതുർവേദങ്ങളിൽ ജ്യോതിശാസ്ത്രസംബന്ധമായ കാര്യങ്ങൾ പ്രസ്ഥാപിച്ചു കാണുന്നു. ഭാരതീയരുടെ വേദങ്ങളായ ഋഗ്വേദം യജൂർവേദം, സാമവേദം, എന്നീ വേദങ്ങൾ ഓരോ കാലഘട്ടത്തിലും ഋഷികൾ പ്രസ്ഥാവിച്ചിട്ടുള്ളതാണ്. ആദിമഘട്ടത്തിൽ എഴുതി സൂക്ഷിക്കുക പതിവില്ലായിരുന്നു. ആചാര്യന്മാർ മുഖാനുമുഖമായി ശിഷ്യന്മാർക്ക് ചൊല്ലി കൊടുത്ത് പഠിപ്പിക്കുകയായിരുന്നു പതിവ്. അവ ഗ്രന്ഥരൂപത്തിൽ ആകപ്പെട്ടകാലം അതിപുരാതനം എന്നു മാത്രമെ പറയാൻ നിർവാഹമുള്ളു. അങ്ങനെയുള്ള വേദങ്ങളിൽ പരമ പ്രാധാന്യമാണ് ജ്യോതിഷത്തിലുള്ളത്.

വേദാനുഷ്ഠാന കാലം അവയുടെ ഗുണദോഷങ്ങളെ സംബന്ധിക്കുന്ന "ജ്യോതിഷം" ധർമ്മം ആചാരാനുഷ്ഠാനങ്ങളെ സംബന്ധിക്കുന്ന "കല്പം" വേദങ്ങളിലെ കഠിന പദപ്രയോഗങ്ങളുടെ അർത്ഥവും വ്യാപ്തിയും അവയുടെ ജ്ഞാനവും സംബന്ധിക്കുന്ന "നിരുക്തം" സ്വരങ്ങളിലും വർണ്ണങ്ങളിലും വ്യത്യാസം വരാതെ ഉച്ചരിക്കുന്നത് "ശിക്ഷ" / സ്വരഭേദം കൊണ്ട് അർത്ഥഭേദം വരാമെന്നിരിക്കെ ഭാഷകളുടെ തെറ്റുകൂടാതെ ഉച്ഛരിക്കുന്നതിനുള്ള "വ്യാകരണം" (ശബ്ദശാസ്ത്രം)/ മന്ത്രങ്ങളുടെ ദേവത, ഋഷി എന്നിവയെ സംബന്ധിക്കുന്ന ഛന്ദസ്സ് എന്നിവയാണ് വേദാംഗങ്ങൾ.

ഭാരതീയ പുരാതന ആചാര്യന്മാർ ജ്യോതിശാസ്ത്രത്തെ സ്കന്ധങ്ങളായി വിഭജിച്ചിരിക്കുന്നു. ഗണിതം, ഹോര, സംഹിത, എന്നിവയാണ് ആ വിഭാഗങ്ങൾ. ഗണിത സ്കന്ധത്തിൽ അംബരത്തിലെ ഗോളങ്ങളുടെ ഭ്രമണം, ഗതി, വിഗതി, അയനചലനങ്ങൾ, ഗ്രഹസ്ഫുടം, ഗ്രഹണങ്ങൾ എന്നിവ പ്രതിപാദിച്ചിരിക്കുന്നതോടൊപ്പം ഫലഭാഗത്തിന് അസ്ഥിവാരങ്ങളായ ഗണിത പരിമാണികങ്ങളെ കുറിച്ച് ശാസ്ത്രീയമായി സമർത്ഥിക്കുകയാണ് ചെയ്തിരിക്കുന്നത്.

ഫലഭാഗത്തിന്റെ സാധ്യതയ്ക്കുള്ള ലക്ഷ്യത്തിൽ നടത്തുന്ന പ്രായോഗിക ക്ഷേത്രമാണ് കാലമാനങ്ങൾ സംബന്ധിച്ച ക്രിയാ പദ്ധതിയാണ് "ഹോര" എന്ന സ്കന്ധത്തിലെ ഉള്ളടക്കം.

ജ്യോതിശാസ്ത്രത്തിന്റെ പുഷ്ടിക്കും പ്രായോഗിക ക്ഷമതയ്ക്കും അനുപക്ഷണീയങ്ങളായ വിവിധ ജ്യോതിർ ശാഖാ ശാസ്ത്രങ്ങളെ ആസ്പദമാക്കിയുള്ള പ്രതിപാദനങ്ങളുടെ കലവറയാണ് "സംഹിത" ജ്യോതിർമേഘശാസ്ത്രം, ജ്യോതിർവ്വാത (കാറ്റ്) ശാസ്ത്രം, ജ്യോതിർബ്ഭൂഗർഭശാസ്ത്രം, ജ്യോതിർവ്വാസ്തു വിദ്യാ, ജ്യോതിർന്നാവികശാസ്ത്രം, ജ്യോതിർവ്യോമയാനശാസ്ത്രം, ജ്യോതിശ്ശകുനശാസ്ത്രം എന്നിങ്ങനെ മനുഷ്യർക്ക് അപരിയത്യാജങ്ങളായ ബഹുമുഖങ്ങളായ വിജ്ഞാനം നൽകുന്ന നാനാശാസ്ത്രങ്ങളും ആ വിഭാഗത്തിൽ ഉൾപ്പെടുന്നു.

ജനനസമയത്ത് ആധാരമാക്കി ഫലം പറയുന്നത് "ജാതകം", - ഭൂമി, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, മുതലായവയുടെ സ്വരൂപ നിരൂപണമാണ "ഗോളം"/ താല്കാലികമായ ശകുന ലക്ഷണാദികളെ കൊണ്ട് ഫലം പറയുന്നത് "നിമിത്തം" / താൽക്കാലികമായി ആരൂഢരാശിയുണ്ടാക്കി അതുകൊണ്ട് ഫലം പറയുന്നത് "പ്രശ്നം" / വിവാഹാദി കർമ്മങ്ങളുടെ കാല നിർണ്ണയും ചെയ്യുന്നത് "മുഹൂർത്തം" "സൂര്യാദിഗ്രഹങ്ങളുടെ സ്ഥിതി, ഗതിവിഗതികൾ എന്നിവയെ ഗണിച്ചറിയുന്നത് "ഗണിതം" എന്നിവയാണ് ജ്യോതിഷമാകുന്ന മഹാശാസ്ത്രത്തിന്റെ ആറംഗങ്ങൾ

ഏകദേശം അയ്യഞ്ച് ശകവർഷം കൂടുമ്പോൾ ഒരിക്കൽ ജ്യോതിർഗണിതപദ്ധതി നവീകരിക്കേണ്ടതാണെന്ന് നമ്മുടെ പൂർവ്വികന്മാർ വിധിച്ചിട്ടുള്ളതാണ്. സൂര്യന്റെ അയന ചലനങ്ങളാലും ഭൂമിയുടെ സൗര പ്രദർക്ഷിണത്താലും ഈ മാറ്റം വരാം. കേരളമൊഴികെയുള്ള സ്ഥലത്ത് സൂര്യസിദ്ധാന്തപ്രകാരമുള്ള ഗണിതവും കേരളത്തിൽ ബ്രഹ്മസിദ്ധാന്തപ്രകാരമുള്ള ഗണിതവുമാണ്, കേരളത്തിൽ ഗണിത പദ്ധതി നവീകരണത്തിനായി ജ്യോതിർഗണിതപടുവായ ആര്യഭടാചാര്യർ, ആര്യഭടീയം എ.ഡി. 499ൽ (ഏകദേശം) രചിച്ചു. ആര്യഭടൻ രാജബഹുമാനമായി ലഭിച്ച പേരാണ്. ആര്യഭടന്റെ ആര്യഭടീയത്തിലും ന്യൂനതകൾ കണ്ടുതുടങ്ങിയപ്പോൾ എ.ഡി 688ൽ "പരഹിതം"എന്ന ഗണിത പദ്ധതി കേരളത്തിൽ നടപ്പിൽവന്നു. കാലം അതിക്രമിച്ചപ്പോൾ പരഹിതത്തിലും ന്യൂനതകൾ കണ്ടതിനാൽ എ.ഡി 1530-ൽ നിളാനദിയെന്ന് പുരാതന ഗ്രന്ഥങ്ങളിൽ പ്രസിദ്ധമായ ഭാരതപ്പുഴയുടെ മണൽപ്പുറത്ത് തുടരെ 55 വർഷം നക്ഷത്രങ്ങളെ നിരീക്ഷിച്ച് വേധം ചെയ്ത ശേഷമാണ് വടശ്ശേരി പരമേശ്വരാചാര്യർ എന്ന നമ്പൂതിരി എന്ന ജ്യോതശാസ്ത്ര വിദ്വാന്റെ ശിഷ്യനായ കേളല്ലൂർ നീലകണ്ഠ ചേമാതിരിപ്പാട് ആര്യഭടീയത്തിന് ഒരു വ്യഖ്യാനം രചിച്ചിട്ടുണ്ട്. അതു പരമേശ്വരാചര്യരുടെ ദൃഗണിതം പരിഷ്കരിച്ച് "തന്ത്രസംഗ്രഹം" എന്ന ശീർഷകഗത്തിൽ ഒരു ഗ്രന്ഥം തയ്യാറാക്കി. ഇതിനെ ആസ്പദമാക്കി എ.ഡി 1638-ൽ ആലത്തൂർ പറങ്ങോട്ട് ബ്രഹ്മദത്തൻ നമ്പൂതിരി "യുക്തിഭാഷ" രചിക്കുകയുണ്ടായി ഇതിൽ "ഗോളഗണിതം" അത്യന്താപേക്ഷിതമായ സാമാന്യഗണിതത്തിന് ഉപകരിക്കുന്നതായ എല്ലാ ക്രിയകളെയും പറ്റിയും ഈ ഗ്രന്ഥത്തിൽ സവിസ്താരം പ്രതിബാധിച്ചിട്ടുണ്ട്. ഈ മാതൃകാ കേരളീയ ഗ്രന്ഥം രചിച്ച് രണ്ട് ശതാബ്ദത്തോളം ശേഷമാണ് പാശ്ചാത്യരുടെ പരിഷ്കൃത ഗണിത വിദ്യ ജന്മമെടുത്തിട്ടുള്ളത്. എന്ന വസ്തുത കേരളീയർക്ക് എത്രയും അഭിമാനം തന്നെയാണ്. ■

Edit, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam Monthly
DTP E. Radhakrishnan, Printed at Geethanjali Offset Prints, Kundayithode, Kozhikode

*We make your journey comfortable*

# GRACE
## TOURS AND TRAVELS

**SHIJITH DAS : +91 9645 36 00 53, +91 7012516866**
**37/1684 A, Mini Bypass Road, Kukkuzhipalam**
**Karaparamba, POST Karuvissery, Calicut - 673 010**
**Ph: +91 9645360053, +91 7012516866**
**E-Mail : gracetravelscalicut@gmail.com**



**WEDDING, PILGRIM, STUDY & PACKAGE TOUR,**
**We Provide : INNOVA, TRAVELLER, INDICA,**
**INDIGO, VISTA, ETIOS, DZIRE, etc.**



# OUR DRESS MAKERS

**GENTS & LADIES**

## Urgent Stitching For

**Shirts 1 Hour**
**Pants 2 Hour**
**Blouse 1 Hour, Churidar 1 Hour**
**Suits 24 Hours**



**Room No. 12, First Floor, Mofussil Bus Stand Building**
**Mavoor Road, Kozhikode - 673 004**
**Ph: 0495 - 2723899**

# SAROJ

**Wood Industries & Interiors**



Doors, Windows, Staircase,Bedroom Setting,Kitchen Cabinets, Fails Seeling etc.

Chalappuram, Calicut Mob: 8281475030, 9633623061,
E-mail: hareeshkumarkp@gmail.com

---



# OUR Tailors

**GENTS & LADIES**





Appu

Sharmina Complex, Ground Floor,
Door No: 1038, Court Road, Calicut 673 001
0495 6510257, 9447262004

Urgent Stitching : Shirt 1 Hr, Churidar & Blouse 1 Hr, Pants 2 Hrs

---

# K.V CURTAINS

NEAR KUTHIRAVATTOM HOSPITAL
KUTHIRAVATTOM, KOZHIKODE - 673 016
Ph: 9387421203, 9747531203

**CURTAIN, SOFA, CUSHIN etc, WORKS**

കർട്ടൻ വാഷ് ചെയ്തു കൊടുക്കുന്നു



---



# ടി.കെ ടയേഴ്സ്



ടയർ സെയിൽസ് & സർവീസ്

ഒളവണ്ണ ജംഗ്ഷൻ, കുന്നത്തുപാലം, കോഴിക്കോട്
ഫോൺ: 0495 3212707 ബിബിൻ: 9846744700

**പുതിയ ടയറുകൾ, ടയർ റീസോളിംഗ്, പഞ്ചർ വർക്സ്**

Hot, Cold type Resoling & Puncher works

Authorised Distributer Marvel ad Y BLINDS



# RnC RODS AND CLAMPS






WHOLESALE DISTRIBUTERS OF
ALL TYPE OF
BLINDS & CURTAIN ACCESSORIES









Rajeswari Building, Kalluthan Kadavu Road, Puthiyara, Kozhikode
Mob: 9048 990 737, Ph: 0495 404 44 45, E-mail: rccalicut@gmail.com

# MS KRISHNA

## METER SERVICE




13/585 - B4, Near Apsara Theatre,
Calicut - 673 002
Ph: 2702760, Mob: 9447337908



We are undertaking Repair & Servicing of all kinds of Speed Meter and Electronic fare Meters

Dealers in Smart Electronic fare meter for Auto & Call Taxi